UNIVERSITY LIBRARY
6 NOV 1934
MADRAS

ഗുരുനാഥൻ.

| പുസ്തകം 14 | 1110 കന്നി | ലക്കം 2 |
|---|---|---|

# മനുഷ്യസ്വഭാവത്തിൻെറ മാററം.

(ആർ. ഈശ്വരപിള്ള ബി. ഏ.)

വാർദ്ധക്യം കായികവും മാനസികവുമായ പല അവശതകൾക്കും അധീനമാണെങ്കിലും അതു ചിലപ്പോൾ ഒരു അനുഗ്രഹമായിട്ടും ഭവിക്കാം. സുപ്രാപ്തമായ വാർദ്ധക്യം കേവലം ഫലശൂന്യമായി വരാൻ തരമില്ല. അശീതിവയസ്കനായ ഒരു മനുഷ്യനു നിരീക്ഷണശീലംകൂടി ഉണ്ടെങ്കിൽ തൻെറ ബാല്യത്തിലെ ലോകസ്ഥിതിയും വാർദ്ധക്യത്തിലെ ലോകാവസ്ഥയും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നു ഗ്രഹിക്കാൻ സാധിക്കും. നാം ഇതിനു കാലഭേദം എന്നാണു സാധാരണ പറഞ്ഞുവരുന്നതു്. എന്നാൽ കാലം എന്നൊരു 'വസ്തു' ഇല്ലെന്നും അതു് ഇന്ദ്രിയങ്ങൾക്കഗോചരമായ മനസ്സിൻെറ ഒരു സാങ്കല്പികധർമ്മം മാത്രമാണെന്നും പറഞ്ഞുവരുന്നു. ഈ സ്ഥിതിക്കു് അതിനു ലോകത്തെ മാററുവാനും മറിക്കുവാനും ശക്തിയില്ലെന്നു തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ സാധാരണ ലോകവ്യവഹാരത്തിൽ കാലത്തിനു് ഒരു വലിയ ശക്തി കല്പിക്കപ്പെട്ടിട്ടുണ്ടു്.

"സർവ്വേകാലപരാധീനാഃ
ന കാലഃ കസ്യചിദ്വശഃ"

എന്നൊരു പ്രമാണം കേട്ടിട്ടുണ്ടു്. ഇതു് എങ്ങനേയുമിരിക്കട്ടെ. എന്നാൽ കാലശക്തികൊണ്ടോ മററു കാരണങ്ങളാലൊ ലോകത്തിൽ മാററം സംഭവിക്കുന്നുണ്ടെന്നുള്ളതിനു തക്കമില്ല. ഒരു ശതവർഷത്തിൻെറ മുക്കാൽഭാഗത്തിലധികം ജീവിച്ചിരിക്കുന്ന ഉന്മീലിതാക്ഷനായ ഒരു മനുഷ്യനു് ഈ മാററങ്ങൾ ദൃഷ്ടിഗോചരങ്ങളാകാതിരിക്കാൻ തരമില്ല. പ്രകൃതിലോകത്തിലുണ്ടാകുന്ന മാററങ്ങളെക്കുറിച്ചല്ല മനുഷ്യലോകത്തിലുണ്ടാകുന്നവയെക്കുറിച്ചാണു് ഇവിടെ പറയണമെന്നു വിചാരിക്കുന്നതു്. ഈ പരിധിയില്ല

ണ്ടായിട്ടുള്ള മാററങ്ങൾതന്നെ സംഖ്യാതീതങ്ങളായതുകൊണ്ട് അവയെല്ലാം സ്പശിച്ചുകൊണ്ടുള്ള ഒരു വിമശനം കേവലം അസാദ്ധ്യം തന്നെയാണ്. ഇന്നു ലോകത്തിൽ എവിടേയും മനുഷ്യൻെറ സുവ്യക്തമായ അംഗുലീരേഖ പതിയാത്ത യാതൊരു വ്യാപാരവും വസ്തുവും ഇല്ലെന്നുതന്നെ പറയാം. മനുഷ്യൻ വല്ലതും തൊട്ടിട്ടുണ്ടെങ്കിൽ അതിൽ മാററവും വരുത്തീട്ടുണ്ട്. മനുഷ്യചരിത്രം നിരന്തരമായ മാററത്തിൻെറ ചരിത്രം തന്നെയാണ്.

"ലീലാപരമായ ശൈശവം മുതൽക്കു രോമന്ഥപരമായ വാദ്ധക്യം വരെ" എൺപതുകൊല്ലത്തോളം മാററത്തിനധീനമായ ലോകവീഥിയിൽ സഞ്ചരിച്ച ഒരു മനുഷ്യന് അന്നത്തേയും ഇന്നത്തേയും സ്ഥിതിഗതികളെ താരതമ്യപ്പെടുത്തി പരിതസ്ഥിതികൾ എങ്ങനെ മാറുന്നു എന്നു നോക്കുന്നതിനു വേണ്ട സൗകയ്യമുണ്ട്. പ്രതിനിമിഷം എന്നപോലെ ലോകത്തിൻെറ പദാൽപദമുള്ള മാററമനുസരിച്ചു ഗത്യന്തരാഭാവാൽ മാറിക്കൊണ്ടിരിക്കുന്ന മനുഷ്യനു തൻെറ ചുററും നടക്കുന്ന സംഗതികളെ യഥാവസരം വീക്ഷിക്കുന്നതിനു സൗകയ്യം ലഭിക്കുന്നതു അത്ര സാധാരണയല്ല. എന്നാൽ വളരെ കാലത്തെ അല്പാല്പമായുള്ള മാററം ഒടുവിൽ ഒട്ടേറെ സ്ഥൂലിച്ചു കാണ്മാൻ ഇടയാകുമ്പോൾ അവയിൽ ചിലതിനെപ്പററിയെങ്കിലും ചിന്തിക്കാതിരിപ്പാൻ തരമില്ലാതെ വരുന്നു. മനുഷ്യൻ പല കായ്യവിഭാഗങ്ങളിലും പുരോഗമനം സാധിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. കാലക്രമംകൊണ്ട് അല്പാല്പമായും തന്നിമിത്തം അദൃശ്യമായും സംഭവിച്ചിട്ടുള്ള ഈ വക മാററങ്ങൾ ഇന്ന് ഒന്നിച്ചുചേന്ന് അതിസ്ഥൂലമായി കാണപ്പെടുന്നു. എന്നാൽ മനുഷ്യസ്വഭാവത്തിന് ഈ ദീഘകാലത്തിനിടയ്ക്കു വന്നിട്ടുള്ള മാററത്തെപ്പററി മാത്രമെ ഇപ്പോൾ ഇവിടെ ചിന്തിക്കുന്നുള്ളു. ഇതും ഒരു ലഘുവായ ജോലിയല്ല. ഈ സ്വഭാവമാററത്തിൽ പ്രവത്തിച്ചിട്ടുള്ള ശക്തികൾ എന്തെല്ലാമാണെന്നു ഖണ്ഡിച്ചുപറവാൻ പ്രയാസമാണ്.

ജനസംഖ്യയുടെ വദ്ധനവു, ജീവസന്ധാരണത്തിനു നേരിട്ടിട്ടുള്ള പ്രയാസം, ഭൂമിയുടെ വിളവുകുറവ്, മനുഷ്യവാസസ്ഥലങ്ങളുടെ പോരായ്മ, തൊഴിലില്ലായ്മ ഉൽപ്പന്നങ്ങളുടെ വിലക്കുറവു, വഗ്ഗീയചിന്ത, വിദ്യാഭ്യാസത്തിൻെറ ഗതിഭേദം, ധനവിതരണത്തിലുള്ള അസമത്വം, ഭിന്നസ്വഭാവത്തോടും ഭിന്നാദർശങ്ങളോടും ഭിന്നപരിഷ്കാരങ്ങളോടും കൂടിയ വിവിധ ദേശക്കാരുമായുള്ള സംസഗ്ഗം, യുദ്ധഭ്രാന്ത്, ശക്ത്യാരാധന ഇവ മനുഷ്യസ്വഭാവമാററത്തിനു പരോക്ഷവും പ്രത്യക്ഷവുമായ കാരണങ്ങളിൽ ചിലതുകളാണ്. ഈ കാരണങ്ങൾ ഏതുവഴിക്കാണു മനുഷ്യസ്വഭാവത്തെ ബാധിക്കുന്നതെന്നു നിശ്ചയിക്കാൻ പ്രയാസമാണ്. മനുഷ്യൻ ശക്തിബഹുലമായ പ്രപഞ്ചത്തിൻെറ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ടു നിരന്തരമായി അടിച്ചുകൊണ്ടിരിക്കുന്ന അതിൻെറവീചീചയങ്ങൾ അവനെ നി

ശ്ചലനായി നില്ക്കാൻ അനുവദിക്കുന്നില്ല എന്നു മാത്രമെ പറവാൻ സാധിക്കുകയുള്ളു. പ്രതിക്ഷണം മാറിക്കൊണ്ടിരിക്കുന്ന ഒരു രംഗത്തിൽ ഒന്നുംതന്നെ സുസ്ഥിരമായി നിന്നനിലയിൽ നില്ക്കുന്നില്ല. മാററമാണു പ്രകൃതിയുടെ നിയമം. അതാണതിന്റെ രക്ഷ; അതിന്റെ ജീവൻ.

എന്നാൽ ഏതെല്ലാം വഴിക്കാണു മനുഷ്യസ്വഭാവം മാറീട്ടുള്ളതെന്നാണ് ഇനി നോക്കേണ്ടതു്. ഇന്നു മനുഷ്യസ്വഭാവത്തിൽ പ്രധാനമായി വന്നിട്ടുള്ള മാററം സ്വാത്ഥപരമായി വന്നിട്ടുള്ളതാണെന്നു തീച്ച്യയായും പറയാം. പണ്ടു സ്വാത്ഥതല്പരത ഒരു ദുർഗ്ഗുണമായിട്ടാണു മനുഷ്യർ ഗണിച്ചുവന്നിരുന്നതു്. ഇന്നു നേരേമറിച്ച്; അതു് ഒരു സൽഗുണമായി തീന്നിട്ടുണ്ട്. ഇന്നു് അതില്ലാത്ത മനുഷ്യൻ ആക്ഷേപാർഹനായിട്ടാണ് ഇരിക്കുന്നതു്. സ്വാത്ഥത്യാഗം കേവലം ഒരു വിവേകശൂന്യമായ പ്രവൃത്തിയായിട്ടാണു ഗണിക്കപ്പെട്ടുവരുന്നതു്. ഇത്രമാത്രമെ ഉണ്ടായിരുന്നുള്ളുവെങ്കിൽ വലിയ തരക്കേടില്ലായിരുന്നു. സ്വാത്ഥലാഭത്തിനുവേണ്ടി മററു സകലതിനേയും സംഹരിക്കാൻ പലരും ഒരുക്കമാണ്. സന്മാർഗ്ഗബോധത്തിന്റെ അടിസ്ഥാനം തന്നെ സ്വാത്ഥതല്പരതയാണെന്നു വാദിക്കുന്നവരും ധാരാളമുണ്ട്. തനിക്കു വല്ലതും ഗുണം സിദ്ധിക്കുന്നുണ്ടെങ്കിൽ അതു മാത്രം നീതിയും അല്ലാത്തതു് അനീതിയുമായിട്ടാണു ഗണിക്കപ്പെട്ടുവരുന്നതു്. മനുഷ്യന്റെ ഏതു പ്രവൃത്തിയിലും ഇന്നു മുഴച്ചുനില്ക്കുന്നതായി കാണുന്നതു സ്വാത്ഥം തന്നെയാണ്. മുമ്പുള്ളവർ ഇതിനെ ഏറക്കുറെ ഗോപനം ചെയ്തുവന്നിരുന്നു. ഇന്നു് അതു് അതിന്റെ നഗ്നവും വികൃതവുമായ സ്വഭാവത്തിൽത്തന്നെ പ്രത്യക്ഷപ്പെടുന്നുണ്ട്. “തൻകായ്യം പൊൻകായ്യം” എന്നാണ് ഇന്നത്തെ വേദവാക്യം. ഈ സ്വഭാവം വ്യക്തികളെപ്പോലെ സമുദായങ്ങളേയും ബാധിച്ചിട്ടുണ്ട്. ഇന്നു സ്ഥൂലിച്ചുകാണുന്ന സമുദായസ്പദ്ധ ഈ മാതിരി സ്വാത്ഥതയുടെ ഒരു വകഭേദമാണ്. സ്വസമുദായസ്നേഹം ശ്ലാഘ്യം തന്നെയെങ്കിലും അതു് അന്യസമുദായദ്വേഷരൂപത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ സ്വാത്ഥലോലുപതയുടെ വർണ്ണഭേദം മാത്രമായി ഗണിക്കപ്പെടാനെ തരമുള്ളു. ചുരുക്കി പറയുന്നതായാൽ ഇന്നത്തെ ലോകത്തിന്റെ ആരാധനാമൂത്തി സ്വാത്ഥം തന്നെയാണ്. അതിന്റെ മുമ്പിൽ മറെറല്ലാററിനേയും നാം ബലികഴിക്കുന്നു. “പരോപകാരാത്ഥമിദം ശരീരം” “പരോപകാരയസതാം വിഭൂതയഃ” എന്നും മററും പണ്ടു കവികൾ പാടീട്ടുണ്ടെങ്കിൽ അതു് “ഏട്ടിലെയപ്പടി പയററിലെയിപ്പടി” എന്ന പ്രമാണരീത്യാ ഗണിക്കാനെയുള്ളു. ഇതാണ് ഇന്നത്തെ പ്രായോഗിക വേദാന്തം. പ്രാമാണികവേദാന്തം എങ്ങനേയുമിരിക്കട്ടെ.

ആരു ജീവിച്ചാലുംകൊള്ളാം ചത്താലുംകൊള്ളാം, ആരുപവസിച്ചാലുംകൊള്ളാം ഭുജിച്ചാലുംകൊള്ളാം, ആരു വദ്ധിച്ചാലുംകൊള്ളാം, ആരു

ക്ഷയിച്ചാലുംകൊള്ളാം തനിക്കു സർവ്വഭോഗസുഖാനുഭവത്തോടും ആഡംബരത്തോടും കൂടി ജീവിതം നയിക്കണമെന്നാണ് ഓരോ മനുഷ്യൻേറയും ഇന്നത്തെ മനോഭാവം. ഇന്നത്തെ മനുഷ്യൻെറ ഏതുദ്യമത്തിലും ഏതു പ്രവൃത്തിയിലും ഏതു ചിന്തയിലും ഏതു വാക്കിലും ഈ തത്വം തന്നെ സ്പഷ്ടമായി പ്രതിബിംബിച്ചു കാണാവുന്നതാണ്. ഇതും ഒരു മാതിരി അദ്വൈതം തന്നെയാണ്.

മനുഷ്യസ്വഭാവത്തിൽ സ്വാൎത്ഥതയുടെ ശാഖോപശാഖകളായി മററനേകം മാററങ്ങൾ സംഭവിച്ചിട്ടുണ്ട്. സാമീപ്യം കൊണ്ടും സാഹചൎയ്യം കൊണ്ടും വസ്തുക്കൾക്കു സ്വഭാവഭേദം വരുന്നതു സാധാരണയാണല്ലോ. ഈ സ്വാൎത്ഥത്തിൻെറ ഫലമായി ഒരുമാതിരി നിൎദ്ദയതത്വം മനുഷ്യനിൽ വൎദ്ധിച്ചുവരുന്നതായി കാണുന്നുണ്ട്. സ്വാൎത്ഥസിദ്ധിക്കു പലപ്പോഴും പരഹിംസ വേണ്ടി വന്നേക്കാം. "ഭൂതസൗഹൃദം" ഒരു വിശിഷ്ടഗുണമായി ഒരിക്കൽ കരുതി വന്നിരുന്നു എന്നു നമ്മുടെ പുരാണവും സാഹിത്യവും തെളിയിക്കുന്നുണ്ട്. "അഹിംസാപരമോധൎമ്മഃ" എന്ന പ്രമാണം എത്രയോ ഉൽകൃഷ്ടമായി പൂൎവ്വന്മാർ ഗണിച്ചുവന്നിരുന്നു. ശ്രീബുദ്ധമഹൎഷിയുടെ സിദ്ധാന്തങ്ങളിൽ പ്രധാനമായ ഒന്ന് ഇതായിരുന്നു. "സൎവ്വഭൂതഹിതസ്സാധുരസാധുൎന്നിൎദ്ദയസ്മൃതഃ" എന്നും ആപ്തവാക്യം ഉണ്ട്. ഇങ്ങനെ പല പ്രമാണങ്ങളും ഉദ്ധരിക്കാനുണ്ട്. എന്നാൽ ഇന്നത്തെ മനുഷ്യനെ സംബന്ധിച്ച് അവയൊക്കെയും ജലരേഖപോലെയാണ്. സ്വകാൎയ്യസാദ്ധ്യത്തിന് ആരു പ്രതിബന്ധമായി നില്ക്കുന്നുവൊ അവൻ നമ്മുടെ ദയയ്ക്ക് അൎഹനല്ലെന്നു മാത്രമല്ല അവനെ നമ്മുടെ മാൎഗ്ഗത്തിൽനിന്നും ഉടനെ യേനകേനപ്രകാരേണ നീക്കേണ്ടതും അത്യാവശ്യമാണ്. ജന്തുഹിംസ ഇരിക്കട്ടെ; മാതാവെന്നോ, പിതാവെന്നോ, സോദരനെന്നോ, സോദരിയെന്നോ, സ്ത്രീയെന്നോ, ശിശുവെന്നോ യാതൊരുവിധദാക്ഷിണ്യവും കൂടാതെ മനുഷ്യൻ ഇന്നുചെയ്യുന്ന നിൎദ്ദയഹിംസയെപ്പററി ആലോചിക്കുന്നതായാൽ ഇതാണൊ നാം ഇന്ന് അഭിമാനിക്കുന്ന പരിഷ്കാരത്തിൻെറ പ്രധാനചിഹ്നമെന്നു തോന്നിപ്പോകും. ഇതൊക്കെയും നോക്കിയാൽ ലോകം എങ്ങോട്ടാണു ഗമിക്കുന്നതെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ഇന്നു പല രാജ്യങ്ങളും യുദ്ധത്തിനു (മനുഷ്യവേട്ടയ്ക്കു) സന്നദ്ധരായിരിക്കയാണ്. മനുഷ്യസ്വഭാവത്തിൽ വന്നിട്ടുള്ള ഈ മാററത്തിൻെറ കാരണം ചിന്തനീയമാണ്. മനുഷ്യൻെറ ജ്ഞാനം പല വഴിക്കും പല വിധത്തിലും വൎദ്ധിച്ചുവരുന്നു. എന്നാൽ ഈ പരമാൎത്ഥത്തിൽ നിന്നും സഹജമായി ലഭിക്കാവുന്ന അനുമാനത്തിന് എത്രയും വിപരീതമായ വിധത്തിൽ മനുഷ്യൻെറ സ്വഭാവം ദോഷദൂഷിതമായി മാറിക്കാണുന്നതു ദൗൎഭാഗ്യമായ ഒരു സംഗതിയാണെന്നു മാത്രമെ പറവാൻ വഴി

കാണുന്നുള്ളു. ജ്ഞാനത്തിനു സ്വഭാവത്തെ സംസ്കരിക്കുവാൻ—ബുദ്ധിശക്തിക്കു ഹൃദയത്തെ പ്രേരിപ്പിക്കുവാൻ—ശക്തിയില്ലെന്നു വിചാരിക്കാമൊ? ചിന്തകന്മാർ വിധിക്കട്ടെ.

ഈ നിർദ്ദയത്വത്തിന്റെ ഒരു രൂപഭേദമാണു മനുഷ്യർ തങ്ങളിൽ ഉള്ള സ്നേഹത്തിന്റെ അഭാവം. സ്നേഹബന്ധം ഒരു വിശിഷ്ടഗുണമായിട്ടാണു വിചാരിക്കപ്പെട്ടിരിക്കുന്നതു്. അതു കാൎയ്യലാഭത്തെ മാത്രം അടിസ്ഥാനമാക്കിയുള്ളതും അല്ലായിരുന്നു. ഈ വിഷയത്തിൽ ഇന്നത്തെ സ്ഥിതി എന്താണു്? സ്നേഹം പലവിധമുണ്ടല്ലൊ. രക്തബന്ധം നിമിത്തമുള്ളതു്, സ്വഭാവസാമ്യംകൊണ്ടുള്ളതു്, സഖാക്കൾ തമ്മിലുള്ളതു്, ദമ്പതിമാർ തമ്മിലുള്ളതു്, ഏകോദ്ദേശ്യപ്രയുക്തമായുള്ളതു്, സബ്രഹ്മചാരികൾ തമ്മിലുള്ളതു്, വികാരവിചാരങ്ങളുടെ യോജിപ്പുകൊണ്ടുള്ളതു് ഇങ്ങനെ പലവിധമാണു്. ഇന്നു കാൎയ്യലാഭത്തിനുവേണ്ടിയുള്ള കൂട്ടുകെട്ടൊന്നല്ലാതെ മനുഷ്യർതമ്മിൽ യഥാൎത്ഥസ്നേഹം ഉള്ളതായി പറയാൻ നിവൃത്തിയില്ല. കാൎയ്യലാഭത്തിന്റെ നിലയോളം മാത്രം സ്നേഹവും നിലനില്ക്കുന്നു. വിവാഹബന്ധം ഒരു നിയമപ്രകാരമുള്ള കരാറുമാത്രമാണു്. ഗൃഹ്യബന്ധം സ്വത്തിനെ അവലംബിച്ചു മാത്രമുള്ളതാണു്. മററു പലതരം സ്നേഹത്തിന്റേയും അടിസ്ഥാനം നോക്കിയാൽ ഉദ്ദേശ്യശുദ്ധി ഇല്ലാത്തതായി കാണാം. യഥാർത്ഥസ്നേഹം മനുഷ്യർതമ്മിലുണ്ടായിരുന്നെങ്കിൽ ഇന്നു ലോകത്തിൽ നിരന്തരമായി നടക്കുന്ന അന്യോന്യഹിംസയ്ക്കെന്തു സമാധാനം പറയും. അതിനെ ഒരുവിധത്തിലല്ലാതെ വ്യാഖ്യാനിക്കാൻ തരമില്ല. ഒന്നിച്ചു വസിക്കയും കളിക്കയും ഭക്ഷണം കഴിക്കയും മററും ചെയ്യുന്നതുകൊണ്ടുണ്ടാകാവുന്ന ഒരുമാതിരി സ്നേഹം എത്രതന്നെ ദൃഢമായിരുന്നാലും സ്വാർത്ഥതയുടെ ആഹ്വാനത്തിൽ നിശ്ശേഷം ശിഥിലമായിപ്പോകുന്നു.

"അത്യാഗസഹതോബന്ധുഃ
സദൈവാനുമതഃ സുഹൃത്
ഏകക്രിയം ഭവേന്മിത്രം
സമപ്രാണ സഖാമത"

എന്നു പറഞ്ഞിരിക്കുന്നതുപോലെയുള്ള ഒരു ബന്ധുവിനേയൊ സുഹൃത്തിനേയൊ മിത്രത്തിനെയൊ സഖാവിനേയൊ ഇന്നു കാണാൻ പ്രയാസമാണു്. ഇന്നു ലോകത്തിൽ നമുക്കാവശ്യമുള്ള സാധനങ്ങളിൽ ഒന്നെങ്കിലും മായം ചേരാത്തതായി കാണുകയില്ല. നിൎമ്മായമായ സ്നേഹവും മേൽപ്രകാരംതന്നെ.

മനുഷ്യസ്വഭാവത്തിൽ വന്നിട്ടുള്ള മറെറാരുദോഷം ഔദ്ധത്യം അല്ലെങ്കിൽ വിനയമില്ലായ്മയാണു്. ഇതു് സ്വാർത്ഥത്തിന്റെ ഒരു വിദൂരഫലമാണു്. ഇന്നു് ഒരു മനുഷ്യനു് അന്യനോടു താഴ്മയായി പെരുമാറുന്നതു

പൗരുഷക്കുറവാണെന്നാണു ഭാവം. ശിഷ്യന്മാർ ഗുരുവിനോടും, യുവാക്കന്മാർ ഗുരുജനങ്ങളോടും, പൗരന്മാർ രാജാവിനോടും, ഭൃത്യന്മാർ സ്വാമിയോടും, കുടിയാന്മാർ ഭൂസ്വാമികളോടും, ഗൃഹാംഗങ്ങൾ ഗൃഹനായകനോടും, സമുദായാംഗങ്ങൾ അദ്ധ്യക്ഷനോടും മററും പെരുമാറുന്നതു് ഏതു മനഃസ്ഥിതിയോടുകൂടിയാണെന്നു സൂക്ഷിച്ചാൽ അറിയാവുന്നതാണ്. ഒരാൾ മററൊരാളെ വന്ദിക്കുകയെന്നുള്ളതു നിന്ദ്യമായിട്ടാണ് ഇന്നു പലരും ഗണിച്ചുവരുന്നതു്. മനുഷ്യരുടെ ഇടയിൽ ധനംകൊണ്ടോ സ്ഥാനംകൊണ്ടോ ഉണ്ടാകാവുന്ന അസമത്വങ്ങളെ നിശ്ശേഷം ഇല്ലാതാക്കണമെന്നുള്ള ആഗ്രഹത്തിൻെറ ബീജാങ്കുരമായിട്ടുവേണം ഇതിനെഗണിക്കുവാൻ. താൻ അന്യന്മാരെ അപേക്ഷിച്ചു നിസ്സാരനാണെന്നുള്ള ചിത്തവൃത്തിയാണ് വിനയം. അതു ഒരു പ്രശംസാർഹമായ ഗുണമായിട്ടാണു വിദ്വാന്മാർ കരുതിവന്നതു്. എന്നാൽ “ബഹുമാനിയായ ഞാൻ ആരെയും തുണവല്” എന്നു കലിപറഞ്ഞതുപോലെയാണ് ഇന്നത്തെ മനുഷ്യരുടെ മനോഭാവം. പക്ഷെ വിനയം അനേകസൽഗുണങ്ങളുടെ ഫലമാകകൊണ്ടു് ഇന്നത്തെ വിനയാഭാവം സൂചിപ്പിക്കുന്നതു് അതിനു ഹേതുക്കളായ സൽഗുണങ്ങൾ മനുഷ്യന് ഇല്ലെന്നുതന്നെയല്ലയൊ? ഈ ശ്ലോകം നോക്കുക:—

> “ഭവന്തിനമ്രാസ്തരവഃ ഫലോൽഗമൈഃ
> നമാംബുഭിഃ ധൂരവലംബിനോഘനാഃ
> അനുദ്ധതാഃ സൽപുരുഷാഃ സമൃദ്ധിഭിഃ
> സ്വഭാവഏവൈഷപരോപകാരിണാം.”

എന്നാൽ മനുഷ്യവർഗ്ഗം ആകപ്പാടെ പഴയ പദ്ധതിയിൽനിന്നും ഒന്നു തിരിഞ്ഞിരിക്കുന്നതിനാൽ ഈ സ്വഭാവവ്യതിചലനത്തെ ഒന്നിനെമാത്രം സ്വപന്ഥാവിലേക്കു തിരിക്കുവാൻ സാധിക്കുകയില്ല. സ്വാർത്ഥവും അതിൻെറ സഹജഫലങ്ങളുംകൂടി ലോകത്തെ ഭരിക്കുമ്പോൾ വിനയത്തിനെവിടെ സ്ഥാനം ലഭിക്കുവാൻ പോകുന്നു? മദം, മത്സരം, ഡംഭം, അഹംകാരം മുതലായ ദുർഗ്ഗുണങ്ങൾ ദുർവ്വിനയത്തിൻെറ സന്താനങ്ങളാകുന്നു. മനുഷ്യസ്വഭാവത്തെ ദുഷിപ്പിക്കാൻ ഇവയിൽ ഒന്നുമാത്രം മതിയായിരിക്കുമ്പോൾ ഇവയുടെ സംയുക്തഫലത്തെപ്പററി പറയണമെന്നില്ലല്ലൊ.

ഇനിയൊരു മാററം വന്നിട്ടുള്ളതു് ഇന്നു മനുഷ്യരിൽ സർവ്വത്ര വർദ്ധിച്ചുകാണുന്ന 'കാപട്യ'മാണ്. സത്യം എന്നുള്ളതു് വാക്കിലും പ്രവൃത്തിയിലും അതിൻെറ അഭാവംകൊണ്ടാണു ശോഭിക്കുന്നതു്. “സത്യാന്നാസ്തിപരോധർമ്മഃ” “സത്യേ സർവ്വം പ്രതിഷ്ഠിതം” “സത്യം വദ” എന്നുള്ള പ്രമാണങ്ങൾ ഇന്നു കേവലം മൃതാക്ഷരങ്ങളായിട്ടാണിരിക്കുന്നതു്. മുമ്പു സത്യം പറയുക എന്നുള്ളതു നിയമവും അസത്യം പറയുക എന്നുള്ളതു വ്യത്യസ്തവു

മായിരുന്നു. ഇന്നു നേരെ മറിച്ചാണു കാണപ്പെടുന്നതു്. ഒരാൾ—കുററം ചെയ്യവൻ—കുററം ചെയ്തിട്ടില്ലെന്നു വാദിക്കയും വല്ല സാക്ഷികളെക്കൊണ്ടും പറയിപ്പിക്കയും ചെയ്താൽ ശിക്ഷയില്ല. വാങ്ങിച്ച മുതൽ വാങ്ങിച്ചിട്ടില്ലെന്നും, എഴുതിക്കൊടുത്ത പ്രമാണം എഴുതിക്കൊടുത്തിട്ടില്ലെന്നും അല്ലെങ്കിൽ കൊടുത്തുതീർത്തുപോയി എന്നുമാണു സാധാരണ സിവിൽകോട്ടുകളിൽ നടക്കുന്ന വാദരീതി. സത്യത്തിന്മേലാണ് ഇപ്രകാരം മൊഴികൊടുക്കുന്നതു്. സത്യത്തേക്കാൾ ഇന്നു യുക്തിയാണു പ്രബലമായി ഗണിക്കപ്പെടുന്നതു്. യഥാർത്ഥത്തിൽ കുററം ചെയ്താലും അതു നിയമവ്യവസ്ഥയനുസരിച്ചല്ലെങ്കിൽ ശിക്ഷാർഹമാകുന്നില്ല. വ്യവഹാരകാര്യങ്ങളിലെന്നപോലെ വ്യാപാരവിഷയത്തിലും ഒരു സാധനം ആവശ്യപ്പെട്ടാൽ അതിനു ഏകദേശം സാമ്യമുള്ള മറെറാരുസാധനം നൽകപ്പെടുന്നു. ചിലപ്പോൾ ലാഭത്തിനു വേണ്ടി മററുസാധനങ്ങളെക്കൂട്ടിക്കലത്തിവില്ക്കുന്നു. വിലയിലും തരംപോലെ ഏററവും ഇറക്കവും ഉണ്ടാകും. നാം ആവശ്യപ്പെടുന്ന സാധനം ഒരിക്കലും നമുക്കു ശുദ്ധമായി ലഭിക്കുകയില്ല. രാജ്യതന്ത്രത്തിലും ഇതിനു പ്രവേശനമില്ലാതില്ല. അവിടെ 'നയ'മെന്നൊ 'തന്ത്ര'മെന്നൊ ഒരുവിധം മേനിവാക്കിൽ പറയപ്പെടുന്നു. ഇതിനും പുറമെ ഒരുതരം വ്യാജസ്തുതിയും ഇപ്പോൾ നടപ്പുണ്ടു്. വലിയ ഉദ്യോഗസ്ഥന്മാൎക്കുംമററും മംഗളപത്രമൊ ആശിർവാദാശംസയൊ സമൎപ്പിക്കുന്ന അവസരത്തിൽ അവൎക്കില്ലാത്ത ഗുണങ്ങളൊക്കെയും അവരിൽ ആരോപിച്ചു പ്രശംസിക്ക പതിവായിത്തീൎന്നിരിക്കുന്നു. ഇതിപ്പോൾ ഉദ്യോഗമണ്ഡലത്തിലും സഭകളിലുംമററും സൎവ്വത്ര വ്യാപിച്ചുകാണുന്ന ഒരുനടപ്പായിത്തീൎന്നിട്ടുണ്ടു്. ചുരുക്കിപറയുന്നതായാൽ ഇന്നു ലോകത്തിൽ കള്ളനാണയത്തിനാണു നല്ലവയെക്കാൾ പ്രചാരം സിദ്ധിച്ചിരിക്കുന്നതു്. 'സത്യേസൎവ്വം പ്രതിഷ്ഠിതം' എന്നുള്ളതു് ഇന്നു മാററിവായിക്കേണ്ടതായിരിക്കുന്നു. ഇന്നു ലോകം ഏതു ലക്ഷ്യത്തിലേക്കാണു ചരിക്കുന്നതെന്നു നിശ്ചയിക്കാൻ പാടില്ല.

ഇതുക്കൂടാതേയും മനുഷ്യസ്വഭാവത്തിൽ പല അനാശാസ്യങ്ങളായ മാററങ്ങളും വന്നുക്കൂടിയിട്ടുണ്ടു്. അവയെയെല്ലാം ഇവിടെ വിസ്തരിച്ചുപറയുന്നതിനു പ്രയാസമാണു്. ഗുരുക്കന്മാരോടും ഗുരുജനങ്ങളോടും ഭക്തി, ആദരവു, ബഹുമാനം ഇവ കുറഞ്ഞാണു വരുന്നതു്. ഇവരുടെ വരുതിയനുസരിക്കുന്നതിനുള്ള വൈമുഖ്യവും വൎദ്ധിച്ചുവരികയാണു്. ഇവയൊക്കെയും നമുക്കു സിദ്ധിക്കുന്ന വിദ്യാഭ്യാസത്തിൻെറ ന്യൂനതയൊ, അപൂൎണ്ണതയൊ, മാൎഗ്ഗഭ്രംശമൊ നിമിത്തമാണെന്നും പക്ഷാന്തരമില്ലാതില്ല. അതു ബുദ്ധിയെ സംസ്കരിക്കുന്നുണ്ടെങ്കിലും സ്വഭാവത്തേയും വികാരത്തേയും സ്പൎശിക്കുന്നില്ലെന്നു പറയപ്പെടുന്നു. അഥവാ സ്പൎശിക്കുന്നുണ്ടെങ്കിലും അതുപരിഭാഗത്തെ മാത്രമെ തൊടുന്നുള്ളു. വിദ്യാൎത്ഥികളുടെ സംഖ്യാധിക്യം അവൎക്കധിഗമിക്കാനുള്ള വിഷയങ്ങളുടെ ബാഹുല്യം, സമയത്തിൻെറ ഹ്രസ്വത, അദ്ധ്യാപകൻെറ

ജോലിത്തിരക്ക് ഇവയെല്ലാം കണക്കാക്കുമ്പോൾ പാഠപദ്ധതയിലില്ലാത്ത സ്വഭാവസംസ്കരണത്തിനു സൗകര്യം ഇന്നു കുറവാണെന്നു വേണം പറവാൻ. ഇന്നത്തെ ഗുരുക്കന്മാൎക്കു ഓരോ ശിഷ്യനെയല്ല ശിഷ്യസംഘത്തെയാണ് അഭ്യസിപ്പിക്കേണ്ടിയിരിക്കുന്നതു്. അതുകൊണ്ടു വ്യക്തികളുടെ സ്വഭാവങ്ങളേയും മററും ഗ്രഹിക്കാനൊ ഉരച്ചു നന്നാക്കുവാനൊ സാധിക്കയില്ല. എന്നാൽ സംഘം സംഘമായി വിദ്യാലയങ്ങളിൽ അഭ്യസിപ്പിക്കപ്പെടുന്നവർ വ്യക്തികളായി തിരിഞ്ഞാണു ലോകത്തിൽ പെരുമാറുന്നതു്. അവിടെ സംസ്കരിക്കപ്പെട്ട സംഘസ്വഭാവമല്ല അസംസ്കൃതമായ വ്യക്തിസ്വഭാവമാണു പ്രവൎത്തിക്കു പിന്നിൽനില്ക്കുന്നതു്. ഇതായിരിക്കാം മാററത്തിനുള്ള ഒരു കാരണം. മററുകാരണങ്ങളെപ്പററി മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ഏതായാലും ലോകത്തിൻെറ ഭാവി അത്ര സുപ്രസന്നമായി കാണപ്പെടുന്നില്ല.

## സമുദായാഭിവൃദ്ധിയിൽ അദ്ധ്യാപകന്മാരുടെ സ്ഥാനം.

(കെ. ജി. പരമേശ്വരപ്പണിക്കർ ബി. എ.)

ലോകത്തിൻെറ ക്ഷേമം എല്ലാക്കാലങ്ങളിലും തത്തൽക്കാലങ്ങളിലെ പൗരതതിയെ സമാശ്രയിച്ചാണിരിക്കുന്നതെന്നു തത്വം സൎവ്വവിദിതമാണല്ലോ. പൗരതതിയുടെ ബഹുമുഖമായ ക്ഷേമം മുഖ്യമായി അവരുടെ വിദ്യാഭ്യാസത്തെ അവലംബിച്ചിരിക്കുന്നതുകൊണ്ടു ആ കാലമാണു ക്ഷേമസൗധത്തിലേക്കുള്ള സോപാനപരമ്പര നിൎമ്മിക്കുന്നതെന്നു സമാഹിതമായിട്ടുണ്ടു്. ഭാവിപൌരന്മാരാവാനിരിക്കുന്ന ശിശുക്കളുടെ വിദ്യാഭ്യാസം സനിഷ്കൃഷ്മായി നടത്തേണ്ടതാണെന്നും ഇതിൽ നിന്നും നമുക്കു മനസ്സിലാക്കാം. ശിശുക്കളെ ശരിയായ ശിക്ഷണത്തിനു വിധേയരാക്കി ഉത്തമനിലയിലുള്ള സമുദായ ജീവികളാക്കേണ്ട കൎത്തവ്യം അദ്ധ്യാപകരിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ, അവരെക്കുറിച്ചുമാത്രം അല്പം പ്രസ്താവിക്കാനാണിവിടെയുദ്ദേശിക്കുന്നതു്.

അദ്ധ്യാപികമാരെ പ്രത്യേകം നിൎദ്ദേശിക്കാത്തിടത്തും അവരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നു ധരിക്കുമല്ലോ.

വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യത്തെപ്പററി ഏകകണ്ഠമായ ഒരഭിപ്രായം ഇതേവരെ പുറപ്പെട്ടിട്ടില്ല. പല മഹാന്മാരും പ്രസിദ്ധ ചിന്തകന്മാരും വിദ്യാഭ്യാസ ധുരന്ധരന്മാരും കാലദേശാവസ്ഥാനുസൃതങ്ങളായ ഭിന്നാഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. സമ്പൂർണ്ണ ജീവിതമാണ വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശ്യമെന്ന ഹെർബട്ട് സ്പെൻസർ വാദിക്കുന്നു. മനസ്സംസ്കാരമാണ പ്രധാനോദ്ദേശ്യമെന്ന നമ്മുടെ പൂർവ്വികന്മാർ വിശ്വസിച്ചുവന്നു. അടുത്ത കാലംവരെ സ്വഭാവരൂപീകരണമായിരിക്കണം വിദ്യാഭ്യാസലക്ഷ്യമെന്ന മിക്കവാറും എല്ലാരാജ്യക്കാരും സിദ്ധാന്തിച്ചിരുന്നു. എന്നാൽ, യന്ത്രഘോഷമുഖരമായ ഇന്നത്തെ ലോകത്തിൽ, സുകരമായ കാലക്ഷേപമാർഗ്ഗത്തിലേക്കു വിദ്യാർത്ഥികളെ ആനയിക്കുകയാണ വിദ്യാഭ്യാസോദ്ദേശ്യമെന്ന അഭിപ്രായത്തിന്ന പ്രാബല്യം സിദ്ധിച്ചു കാണുന്നു. ഇതിൽനിന്നൽഭൂതമായിട്ടുള്ളതാണല്ലോ സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള ഇന്നത്തെ മുറവിളിയും. ശുദ്ധസാമ്പത്തികമായ അർത്ഥത്തിൽ വിദ്യാഭ്യാസം പ്രയോജനകര (utilitarian) മായിരിക്കണമെന്ന ജി. ഡി. എച്ച് കോൾ എന്നചിന്തകൻ പറയുന്നു. ധനോല്പാദനകാര്യക്ഷമതയെ വർദ്ധിപ്പിക്കാനും തന്മൂലം ഉയൎന്നതോതിൽ ജീവിതം നയിക്കാനും വിദ്യാഭ്യാസം ഉപകരിക്കേണ്ടതാണെന്നുകൂടി അദ്ദേഹം തുടരുന്നു. ഇതിൽനിന്നും എത്ര ഭിന്നമായ ഒരഭിപ്രായമാണ മഹാത്മജി ഒരു പ്രസംഗത്തിൽ കൊണ്ടുവന്നിട്ടുള്ളതെന്നു നോക്കുക:— "മനുഷ്യന്റെ ബുദ്ധിയെ നിത്യവൃത്തികഴിക്കാൻ വേണ്ടിമാത്രം വിനിയോഗിക്കരുതു്. വിദ്യാഭ്യാസത്തെ പണം സമ്പാദിക്കുന്നതിനായി വിനിയോഗിക്കുന്നതു് ഒരു വ്യർത്ഥതയാണ്.........സേവനത്തിന്ന തയാറാകുകയാണവിദ്യാർത്ഥികൾ ചെയ്യേണ്ടതു്". ഇങ്ങനെ വിഭിന്നാഭിപ്രായങ്ങൾ കാണുന്നുണ്ടെങ്കിലും, സാമുദായികജീവിതത്തിന്ന വിദ്യാർത്ഥികളെ പ്രാപ്തരാക്കേണ്ടതാണെന്നുള്ള ഒരുദ്ദേശ്യം കൂടി വിദ്യാഭ്യാസത്തിന്നുണ്ടെന്നുള്ള കാര്യം ആരും വിസമ്മതിക്കുമെന്നുതോന്നുന്നില്ല.

മനുഷ്യൻ ഒരു സാമുദായികജീവിയാണ്. പരാശ്രയം കൂടാതെ അവന്ന ജീവിക്കാൻ സാദ്ധ്യമല്ല. എങ്കിലും കഴിയുന്നിടത്തോളം സ്വാശ്രയവൃത്തിയായിത്തന്നെ ജീവിക്കാൻ ശ്രമിക്കേണ്ടതു് ഏതൊരു വ്യക്തിയുടേയും കടമയാണ്. തനിക്കാവുന്നിടത്തോളം സാഹായ്യം മററുള്ളവൎക്കു ചെയ്തു കൊടുക്കയും, ഇങ്ങോട്ടു സാഹായ്യം ആശിക്കാതിരിക്കയും ചെയ്യുന്നതാണ് നിസ്വാർത്ഥസേവനം. അതുകൊണ്ടു മാത്രമേ സമുദായത്തിന്നൽക്ഷേമം സിദ്ധിക്കൂ. മി: കോൾ പറയുന്നു, "ജീവിക്കുക മാത്രമല്ല, നമ്മുടെ മനോഹരമായ ജന്മഭൂമിയേയും നമ്മിൽ ഓരോരുത്തന്റേയും വ്യക്തിപരമായ ശേഷിയേയും കൊണ്ടു ജീവിതം തൃപ്തികരമാക്കിത്തീൎക്കുവാൻ പൎയ്യാപ്തമായ വി

ധത്തിൽ ഒന്നിച്ചു വേലചെയ്യുവാൻ തയ്യാറുള്ള ഒരു സമുദായമായി ജീവിക്കുകകൂടിയാണ് നമ്മുടെ കത്തവ്യം" എന്ന്. അതുകൊണ്ടു വിദ്യാഭ്യാസത്തിൻെറ പ്രമുഖമായ ഉദ്ദേശ്യങ്ങളിൽ ഒന്നു തന്നെയാണു സമുദായ സേവനം എന്നു പ്രത്യക്ഷപ്പെടുന്നു. വിദ്യാഭ്യാസവും തജ്ജന്യമായ സംസ്കാരവും സിദ്ധിച്ച വ്യക്തികൾക്കു തങ്ങളുടെ സമ്പാദ്യത്തിൻെറ യഥാത്ഥ വിലയറിയണമെങ്കിൽ, അതിനെ തൃപ്തികരമായ വിധത്തിൽ സമുദായത്തിൽ വിതരണം ചെയ്യണം. തങ്ങളും യഥാത്ഥത്തിൽ സമുദായാംഗങ്ങൾ തന്നെയാണെന്ന ബോധം അവക്കുണ്ടാകണം. ഈ ബോധം വിവിധമാഗ്ഗങ്ങളിൽകൂടി വിദ്യാത്ഥികളിൽ ജനിപ്പിച്ചു ദൃഢമൂലമാക്കേണ്ട ഭാരം അദ്ധ്യാപകന്മാക്കാണുള്ളതു്.

പ്രാചീനകാലങ്ങളിൽ ഭാരതത്തിൽ നടന്നുവന്നതും ഇന്നു വിശ്വഭാരതി മുഖേന ടാഗോർ മഹാകവി പുനരുദ്ധരിച്ചിട്ടുള്ളതുമായ ഗുരുകുല വിദ്യാഭ്യാസം എത്രയും ഫലപ്രദമായ ഒരു രീതിയാണെന്നുള്ളതിൽ സംശയമില്ല. ഗുരുകുലക്ലിഷ്ടരായ പൗരസഞ്ചയം പ്രായേണ ജീവിതായോധനത്തിൽ പരാജയമടയാറില്ല. അവർ യഥാത്ഥത്തിൽ നാട്ടിലെ പൗരന്മാരായി, സമുദായത്തിലെ അംഗങ്ങളായി ശോഭിച്ചുകാണുകയാണു പതിവു്. ഇത്രയും ശക്തി നൽകാൻ ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസപദ്ധതിക്കോ, അദ്ധ്യാപകന്മാക്കോ കഴിയുമോ എന്നു വളരെ സംശയമാണ്. നമ്മുടെ ശിശുക്കളുടെ ഭാവിജീവിതം കഴിയുന്നിടത്തോളം കമ്മക്ഷമമാക്കിത്തീക്കുന്നതിനുപകരിക്കുന്ന സദുപാസനകൾ അവരിൽ സംജാതമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നവീന വിദ്യാഭ്യാസ സമ്പ്രദായങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുള്ളതെങ്കിലും, ആശിച്ചിടത്തോളം ഫലപ്രാപ്തി അവക്കുണ്ടാകുന്നില്ലെന്നു സവ്യസനം പറയേണ്ടിയിരിക്കുന്നു. അദ്ധ്യാപകന്മാരും ഇതിനേറെക്കുറെ ഉത്തരവാദികളാണ്. നിദ്ദിഷ്ടമായ പാഠ പദ്ധതി അണുപോലും കൂടിപ്പോകാതെ—കുറയുന്നതുകൊണ്ടു ദോഷമില്ലപോൽ—വിദ്യാത്ഥികളുടെ ബാലഹൃദയങ്ങളിൽ കുത്തിക്കയററുക മാത്രമാണ് അദ്ധ്യാപകൻെറ പരമമായ കത്തവ്യമെന്ന് അവർ ഭ്രമിച്ചുപോകുന്നു. തങ്ങളുടെ കീഴിൽ ശിക്ഷണത്തിനു വന്നിരിക്കുന്ന വിദ്യാത്ഥികളുടെ ഭാവിശ്രേയസ്സിനെപ്പററി തെല്ലും ചിന്തിക്കായ്കയാലാണ് ഈ വിഭ്രമം അവക്കുണ്ടാകുന്നതു്. കുട്ടികൾ പഠിച്ചാലും ശരി ഇല്ലെങ്കിലും ശരി, തങ്ങളുടെ ശമ്പളം മുറയ്ക്കു കിട്ടണമെന്ന ഒരേ ഒരാഗ്രഹം അവരെ വഴി തെററിച്ചുകളയുന്നു!

'ധീവിഷയകമോ, ഭാവാത്മകമോ, ധമ്മപരമോ ആയ ശക്തികൾക്കു സമീചീനമായ വികാസം' സിദ്ധിക്കാത്ത ഒരുവൻ അഭ്യസ്തവിദ്യനെന്നു

ഗണിക്കപ്പെടുന്നതല്ല. സമ്പൂർണ്ണ വികാസം സാധിക്കുന്നതിന് അദ്ധ്യാപക ൻെറ മാത്രമോ അദ്ധ്യേതാവിൻെറ മാത്രമൊ പ്രയത്നം മതിയാകയില്ലതാനും. അദ്ധ്യാപകൻെറ വ്യാപാരംപോലെ തന്നെ അദ്ധ്യേതാവിൻെറ വ്യാപാരവും ഗണനീയമാണ്. രണ്ടുസ്തംഭങ്ങൾ മാത്രം ഉൾപ്പെട്ടിട്ടുള്ള ഒരുപ്രവർത്തനപദ്ധതിയാണ് വിദ്യാഭ്യാസം എന്നു പ്രൊഫ്സർ ആഡം സ്മിത് അഭിപ്രായപ്പെടുന്നു. ഏതായാലും അശിക്ഷിതനായ വിദ്യാർത്ഥിയേക്കാൾ സുശിക്ഷിതനായ അദ്ധ്യാപകനാണു ഗുരുതരമായ കർത്തവ്യം നിറവേറേറണ്ടതെന്നുള്ളത് നിസ്തക്കമാണ്. സാമുദായികമായും, ശാരീരികമായും സാങ്കേതികമായും മററുമുള്ള പെരുമാററത്തിന് അത്യന്താപേക്ഷിതമായ സാമത്ഥ്യവും പരിചയവും നേടുന്നതിലേക്ക് അദ്ധ്യാപകൻ അദ്ധ്യേതാക്കളെ നയിക്കയാണു ചെയ്യുന്നത്. അദ്ധ്യാപകൻ ഈ തത്വം നല്ലവണ്ണം മനസ്സിലാക്കി, ഓരോ വിദ്യാത്ഥിയേയും സശ്രദ്ധമായ മേൽനോട്ടത്തിനധീനനാക്കേണ്ടതാണ്. അദ്ധ്യേതാക്കളെപ്പററിയുള്ള ജ്ഞാനം ഒരദ്ധ്യാപകനുണ്ടായിരിക്കേണ്ട പ്രധാന യോഗ്യതകളിൽ ഒന്നാണ്. മൂന്നും നാലും കൊല്ലം പഠിപ്പിച്ചിട്ടും വിദ്യാത്ഥികളുടെ പേരുകൾപോലും അറിയാൻ പാടില്ലാത്ത ഗുരുനാഥന്മാർ യഥാത്ഥത്തിൽ ഗുരുനാഥന്മാർ തന്നെയോ എന്നു ന്യായമായി സംശയിക്കാവുന്നതാണ്.

പ്രാഥമികവിദ്യാഭ്യാസം മുതൽ സവ്വകലാശാലാവിദ്യാഭ്യാസംവരേയും അതിൻെറ സാമുദായികവശത്തെ വിസ്മരിച്ചുകൂടാത്തതാകുന്നു. സ്വയം ജ്ഞാനമെന്നത് ഏതു വിദ്യാത്ഥിയുടേയും ഒന്നാമത്തെ ആവശ്യമാകുന്നു. ഈ ഗുണമാണ് അയാളെ അവസാനം വരേയും നിയന്ത്രിച്ചുകൊണ്ടുപോകുന്ന ഒരു നിയാമകശക്തിയായി പരിണമിക്കുന്നത്. പ്രാഥമിക വിദ്യാഭ്യാസത്തിൽതന്നെ ബാലഹൃദയങ്ങളെ വികാസോന്മുഖമാക്കാൻ അദ്ധ്യാപകന്മാർ കെല്പുള്ളവരായിരിക്കണം. സ്വഭാവരൂപീകരണവും ജീവിതത്തിലെ സവ്വാഭിവൃദ്ധികളും ഈ വികാസത്തെ ആശ്രയിച്ചാണിരിക്കുന്നത്. അദ്ധ്യേതാവിനെ ഉത്തമ പൌരനാക്കിത്തീക്കാൻ ഉതകുന്ന ജ്ഞാനം പ്രദാനം ചെയ്യുന്നതിനുള്ള മാഗ്ഗം തെളിക്കൽ പ്രാഥമികവിദ്യാഭ്യാസത്തിൽതന്നെ സാധിക്കേണ്ടതാണ്. തദനസൃതമായി വിദ്യാലയത്തിലേയും ഗൃഹത്തിലേയും ചയ്യകൾ ക്രമീകരിക്കയും വേണം. സന്മാഗ്ഗബോധം ഉളവാകേണ്ടതു് ഈ രണ്ടു സ്ഥലത്തും വച്ചുണ്ടാകുന്ന സാമുദായിക ബന്ധങ്ങളിൽ നിന്നാണ്. സമുദായവുമായി ബന്ധിപ്പിക്കാത്ത സന്മാഗ്ഗനിയമങ്ങൾ തീരെ ദുർബ്ബലങ്ങളെന്നു തന്നെയല്ല, ദുഗ്ഗുണങ്ങളായി പരിണമിക്കയും ചെയ്യും.

വിദ്യാലയവളപ്പിനുള്ളിൽ മാത്രമല്ലാ, അതിനു വെളിയിലും അദ്ധ്യാപകന്മാർ അദ്ധ്യാപകന്മാർ തന്നെയാണെന്നുള്ള മഹത്തായബോധം അവ

ക്കെപ്പോഴുമുണ്ടായിരിക്കണം. എന്നാൽ, തങ്ങളും സമുദായത്തിലെ അംഗങ്ങളാണെന്നും, കുട്ടികളുടെ രക്ഷാകർത്താക്കളാണെന്നുമുള്ള കാര്യം വിസ്മരിക്കയുമരുത്. വിദ്യാലയവും ഗൃഹവും തമ്മിൽ ഒരു സ്ഥിരമായ ബന്ധം എന്നും ഉണ്ടായിരിക്കേണ്ടതാണ്. ഈ ബന്ധം സ്ഥാപിക്കുന്നതിൽ രക്ഷാകർത്താക്കന്മാരേക്കാൾ അദ്ധ്യാപകന്മാരാണു മുന്നിട്ടുനിന്നു പ്രവർത്തിക്കേണ്ടതു്. വിശേഷിച്ചും പ്രഥമാദ്ധ്യാപകൻ ഇതിൽ പ്രത്യേകം ശ്രമിക്കേണ്ടതാണ്. ഏതു ശിശുവിനും ആദ്യകാലത്തു മാതാപിതാക്കന്മാരോടും ഗൃഹത്തിനോടും ഒരമിതമായ സ്നേഹം കാണും. ഈ സ്നേഹം വിദ്യാലയത്തിൽ പ്രവേശിക്കുമ്പോഴും ഉദിക്കേണ്ടതാണ്. അദ്ധ്യാപകന്മാർ രക്ഷാകർത്താക്കളും, സഹപാഠികൾ സഹോദരന്മാരും ആണെന്നുള്ള ബോധം അവരുടെ ഹൃദയങ്ങളിൽ അങ്കുരിപ്പിച്ചാൽ അദ്ധ്യാപനം സുഗമവും സുന്ദരവുമായിത്തീരും. ഏതൽക്കാര്യ സാദ്ധ്യത്തിനായി വിദ്യാലയം കഴിയുന്നിടത്തോളം ആകർഷണീയമായി വച്ചുകൊണ്ടിരിക്കേണ്ടതാണ്.

ഒരദ്ധ്യാപകനു തന്റെ ജീവിതത്തിൽ പലനിലകളും അവലംബിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അവയിൽ സർവോപരിപ്രധാനമായിട്ടുള്ളതും എല്ലാ നിലകളിലും മനസ്സിരുത്തേണ്ടതും ആയ സംഗതി അദ്ദേഹം എപ്പോഴും ഒരു മാതൃകാപുരുഷനായിരിക്കണമെന്നുള്ളതാണ്. ആരംഭം മുതൽക്കുതന്നെ വിദ്യാർത്ഥികളുടെ വിശ്വാസബഹുമാനങ്ങൾക്കു പാത്രമാകുന്നതിലും അദ്ദേഹം ശ്രദ്ധിക്കേണ്ടതാണ്. അദ്ധ്യേതാക്കളെ സർവതോമുഖമായ വിധത്തിൽ വികസിപ്പിക്കുകയെന്ന പ്രധാനകൃത്യം കൂടാതെ അവരുമായി സ്നേഹരൂപത്തിൽ പെരുമാറി ആശയവിനിമയം ചെയ്യുകകൂടി അദ്ധ്യാപകന്റെ കർത്തവ്യത്തിൽപെടുന്നു. ജീവിതകാര്യങ്ങളെ വ്യാഖ്യാനിച്ചുകൊടുക്കുന്ന ഒരു വ്യാഖ്യാതാവ്, അദ്ധ്യാപനത്തെപ്പറ്റി മഹത്തായ ബോധമുള്ള ഒരു പുരോഹിതൻ എന്നീ നിലകളിലും അദ്ദേഹം ശോഭിക്കേണ്ടതാണ്.

എല്ലാവിധത്തിലുമുള്ള ഒരുക്കത്തോടുകൂടിയായിരിക്കണം അദ്ധ്യാപനത്തിനു പുറപ്പെടുന്നതു്. മനശ്ശാസ്ത്രത്തിൽ നല്ല ജ്ഞാനവും തികഞ്ഞ ബോധനാസാമർത്ഥ്യവും അദ്ധ്യാപകനുണ്ടായിരിക്കണം. അഭ്യസനത്തിനായി ഓരോഘട്ടത്തിനും യോജിച്ച കഥകൾ മുതലായവ തിരഞ്ഞെടുത്തും അവയെ വികാരോത്തേജകമായ വിധത്തിൽ പഠിപ്പിച്ചും വിദ്യാർത്ഥികളുടെ വിഭാവനാശക്തിയെ വികസിപ്പിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികളുമായി തനിക്കു സുസ്ഥിരമായ ബന്ധമുണ്ടെന്നു അദ്ദേഹം അവരെ മനസ്സിലാക്കുകയുംവേണം.

കാലത്തിൻെറ ഗതിയനുസരിച്ചു വിദ്യാഭ്യാസോദ്ദേശ്യം മാറി വരുന്നതു പോലെ വിദ്യാഭ്യാസ സമ്പ്രദായങ്ങളും മാറി മാറി വരുന്നുണ്ട്. അദ്ധ്യാപനത്തിൽ അദ്ധ്യേതാക്കൾക്കു സ്വയംവ്യാപാരത്തിനായി അവസരം നൽകേണ്ടതിൻെറ ആവശ്യം ആധുനികകാലത്തു മാത്രമാണ് ബോധപ്പെട്ടിട്ടുള്ളതു്. ഉത്തരവാദിത്വബോധം വിദ്യാൎത്ഥികളെ കൂടുതൽ പ്രാപ്തിയുള്ളവരാക്കിത്തീൎക്കുന്നുവെന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു നവീന രീതികളെല്ലാം തന്നെ ആവിർഭവിച്ചിട്ടുള്ളതു്. ഇവയിൽ ഓരോ രീതിക്കും ഓരോ തരത്തിൽ മെച്ചം കൂടുമെന്നിരുന്നാലും അന്യൂനമായ ഒരു രീതി അവയിലൊന്നുമില്ല. പ്രത്യേകമായും സമൂഹമായും അദ്ധ്യയനം ചെയ്യിക്കുന്ന രീതികൾ സംയോജിപ്പിച്ചുള്ള ഒരുരീതി ഏത്രയും മിതവും പ്രായോഗികവുമായിരിക്കയാൽ ഇക്കാലത്തു അതിൽ ജനങ്ങളുടെ പ്രത്യേകശ്രദ്ധ പതിഞ്ഞിട്ടുണ്ട്. കിൻഡർ ഗാർട്ടൻ, മോണ്ടിസ്സോറി, പ്രോജക്റ്റ്, ഡാൾട്ടൻ എന്നീ പ്രധാനരീതികളിൽ വിദ്യാഭ്യാസം നടത്തുന്ന വിദ്യാലയങ്ങൾ നമ്മുടെ നാട്ടിൽ വളരെ കുറവാണ്. അതിനാൽ അവയുടെ ഗുണഗണങ്ങൾ പൊതുജനങ്ങൾ മനസ്സിലാക്കിയിട്ടില്ല.

മേൽപറഞ്ഞ നാലുരീതികളും ശിശുവിദ്യാഭ്യാസത്തെയാണു പ്രധാനമായി ഗണിച്ചിരിക്കുന്നതു്. ശരിയായ അടിസ്ഥാനത്തിന്മേൽ പണിയാത്ത ഏതെടുപ്പും ദുർബലമായിരിക്കുമെന്ന ബോധം ഈ രീതികളുടെ ഉപജ്ഞാതാക്കൾക്കു ദൃഢമായുണ്ടായിരുന്നുവെന്നുള്ളതിൽ സംശയമില്ല. ശിശുവിൻെറ ഹൃദയത്തെ അറിഞ്ഞുവേണം പരിശീലനം നൽകാൻ എന്ന തത്വം എല്ലാവരും അംഗീകരിച്ചിട്ടുള്ളതാണ്. ഈ തത്വമനുസരിച്ചു നോക്കുമ്പോൾ അദ്ധ്യാപകന്മാരേക്കാൾ അദ്ധ്യാപികമാരാണു ശിശുക്കൾക്കു വിദ്യാഭ്യാസം നൽകാൻ പററിയവർ എന്നു കാണാം. രീതിയും പ്രമാണവും തമ്മിൽ യോജിപ്പിച്ചു പഞ്ചേന്ദ്രിയദ്വാരാ അഭ്യസനം നടത്തുന്ന മോണ്ടിസ്സോറിരീതി അദ്ധ്യാപികമാൎക്കാണു പ്രാധാന്യം നൽകിയിരിക്കുന്നതു്. ശിശുക്കളുടെ ക്രീഡാസക്തിയെ വിദ്യാഭ്യാസത്തിനു സാഹായ്യകമാക്കുന്ന കിൻഡർഗാൎട്ടൻ രീതിയിലും, പ്രകൃതിയനുസരിച്ചുള്ള പ്രവൎത്തനമാൎഗ്ഗങ്ങളിൽകൂടി ജ്ഞാനോപദേശം ചെയ്യുന്ന പ്രോജക്ട് രീതിയിലും വാത്സല്യസമ്പന്നകളായ സ്ത്രീകൾതന്നെയാണ് അദ്ധ്യാപനത്തിനു കൂടുതലുതകുന്നവരെന്നു തെളിഞ്ഞിട്ടുണ്ട്. ഇപ്പോൾ നമ്മുടെ വിദ്യാലയങ്ങളിൽ നടന്നുവരുന്ന രീതിയിൽ പോലും അദ്ധ്യാപികമാരാണു പ്രാഥമികക്ലാസ്സുകളിൽ പഠിപ്പിക്കാൻ കൂടുതൽ യോഗ്യതയുള്ളവരായി കാണപ്പെടുന്നതു്. ബാലഹൃദയത്തിനു മാതാവിനോടുള്ള അഭേദ്യബന്ധമാണ് ഇതിനു നിദാനമായിരിക്കുന്നതു്. പ്രാഥമികക്ലാസ്സുകളിലേക്കു് അദ്ധ്യാപികമാരെ നിയമിക്കണമെന്ന

മി: സ്റ്റാത്താമിൻെറ നിർദ്ദേശം എത്രയും ആദരണീയവും സ്വീകാര്യവുമാണ്. സ്നേഹമസൃണങ്ങളായ പേശലോക്തികൾ കൊണ്ടു ശിശുഹൃദയങ്ങളെ വശീകരിക്കാനും സംസ്കരിക്കാനും അവക്കുള്ള ശക്തിയും വാസനയും കേവലം ജന്മസിദ്ധമത്രെ!

വിദ്യാർത്ഥികളുടെ വിദ്യാലയത്തിലെ സ്ഥിതി—അതും തൃപ്തികരമല്ലാത്ത വിധത്തിൽ—മാത്രമെ അദ്ധ്യാപകർ നോക്കുന്നുള്ളു എന്നതാണ് അവർ സമുദായത്തിനു ചെയ്യുന്ന ഒരു വലിയ ദ്രോഹം. സക്കാർ ശമ്പളം വാങ്ങുന്നവരുടെ കാര്യത്തിൽ ഇതു കൂടുതലും വാസ്തവമാണ്. വിദ്യാലയവളപ്പിനു വെളിയിൽവച്ചു, തൻെറ ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയായാലും ശരി കണ്ടാൽ കണ്ടില്ലെന്നു ഭാവിച്ചു മാറിപ്പോകുന്ന അദ്ധ്യാപകൻെറ മനോഭാവം തീരെ നിന്ദ്യമെന്നു തന്നെ പറയാം. അദ്ധ്യാപകനെന്ന നിലയിലല്ലെങ്കിൽ മിത്രഭാവേനയെങ്കിലും കുട്ടികളെ നേരായ മാർഗ്ഗത്തിൽ കൂടി എപ്പോഴും നയിക്കേണ്ടതു് അവരുടെ ചുമതലയാണ്. തൻെറ ശിക്ഷണത്തിൽ പെട്ട വിദ്യാർത്ഥികൾ, ഭാവിയിൽ സമുദായമദ്ധ്യത്തിൽ ശോഭിക്കുന്നതു കാണണമെന്നൊരു മോഹം എല്ലാ അദ്ധ്യാപകരും വച്ചുകൊണ്ടിരിക്കേണ്ടതു തന്നെയാണ്. ഈ മോഹം സഫലീഭവിക്കുവാൻ താഴെ കൊടുക്കുന്ന ചില നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതു കൊള്ളാമെന്നു തോന്നുന്നു.

സ്കൂൾ വിനയനത്തിൽ രക്ഷാകർത്താക്കന്മാരുടെ സഹകരണം ഒരു വിഭാജ്യഘടകമാണെന്നുള്ള സംഗതി അദ്ധ്യാപകൻ സദാ ഓർത്തിരിക്കേണ്ടതാണ്. ഇതിനായി ഓരോ അദ്ധ്യാപകനും തൻെറ ക്ലാസ്സിലുള്ള എല്ലാ കുട്ടികളുടേയും രക്ഷാകർത്താക്കന്മാരെ അറിഞ്ഞിരിക്കണം. സൗകര്യംപോലെ ക്ലാസിൽ വച്ചു തന്നെയോ അല്ലെങ്കിൽ വെളിയിൽവച്ചോ ഓരോ കുട്ടിയേയും വിളിച്ചു് ആ കുട്ടിയുടെ വീട്ടിലെ സ്ഥിതിഗതികളെല്ലാം സ്വകാര്യമായിചോദിച്ചുമനസ്സിലാക്കുന്നതു വളരെ നന്നാണ്. അനദ്ധ്യായദിവസങ്ങളിൽ വിദ്യാർത്ഥികളുടെ ഗൃഹങ്ങൾ കഴിയുന്നിടത്തോളം സന്ദർശിച്ചു് അവരുടെ വിദ്യാലയാഭിവൃദ്ധിയെപ്പററി രക്ഷാകർത്താക്കളുമായി സംസാരിച്ചും ദോഷപരിഹാരമാർഗ്ഗങ്ങളെ നിർദ്ദേശിച്ചുംകൊണ്ടിരിക്കണം. കഴിയുമെങ്കിൽ ഓരോആഴ്ചയിലേയും അഭിവൃദ്ധിറിപ്പോർട്ടുകൾ വിദ്യാർത്ഥികൾവശം തന്നെ രക്ഷാകർത്താക്കന്മാരുടെ കൈയിൽ എത്തിച്ചുകൊടുക്കുന്നതു കൂടുതൽ പ്രയോജനകരമായിരിക്കും. അതു സാദ്ധ്യമല്ലെങ്കിൽ സന്ദർശനവേളകളിൽ ഉപയോഗിക്കാനായി സ്വന്തമായിട്ടു് ഒരു കുറിപ്പുണ്ടാക്കി വച്ചുകൊള്ളണം. വിദ്യാർത്ഥികൾക്കൊ രക്ഷാകർത്താക്കന്മാക്കൊ ഈ സന്ദർശനങ്ങൾ ഉപദ്രവകരമൊ വൈരസ്യജനകമൊ ആയിത്തീരാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്നേഹപൂർവകമായ സംഭാഷണവും പെരുമാററവും തൻെറ ആഗമനത്തെ സ്വാഗതം ചെയ്യുവാൻ അവരെ പ്രേരിപ്പിക്കും. ഇങ്ങനെ, വി

ദ്യാത്ഥികളുടെ അഭിവൃദ്ധിയിൽ അദ്ധ്യാപകൻ ഉത്സുകനാണെന്നു കാണപ്പെട്ടാൽ, രക്ഷാകത്താക്കന്മാരുടെ സഹകരണം ക്ഷണിക്കാതെതന്നെ ലഭിച്ചുകൊള്ളും. സമുദായത്തിൻെറ ഉൽക്കഷത്തിനു തങ്ങളും ഹേതുഭൂതരാണെന്നു വിശ്വസിക്കുന്ന അദ്ധ്യാപകന്മാക്ക് ഈദൃശസന്ദശ്നങ്ങൾ ഒരു ബുദ്ധിമുട്ടായിട്ടു തോന്നുകയില്ലെന്നു തന്നെയല്ല, സന്തോഷകരമായിരിക്കയും ചെയ്യും.

ഓരോ വിദ്യാലയത്തിലും ഓരോ ഗ്രന്ഥശാലയുണ്ടായിരിക്കേണ്ടതിൻെറ ആവശ്യകത അദ്ധ്യാപകന്മാക്ക് ഇനിയും ബോധപ്പെട്ടിട്ടില്ലെന്നു വേണം വിചാരിക്കുവാൻ. നാട്ടുഭാഷാവിദ്യാലയങ്ങളിൽ മിക്കവയിലും വിദ്യാത്ഥികൾക്കുപകരിക്കത്തക്ക വിധത്തിലുള്ള ഗ്രന്ഥശാലകൾ ഇന്നില്ല. അദ്ധ്യാപകന്മാക്കു റഫറൻസിന് അവശ്യം വേണ്ട ഗ്രന്ഥങ്ങൾ മാത്രമാണ്, ഉണ്ടെങ്കിൽ തന്നെ, അവയിലുള്ളതു്. ശിശുക്കൾക്കുപയോഗിക്കത്തക്കവിധത്തിലുള്ള ചെറിയ ചെറിയ പുസ്തകങ്ങൾ ശേഖരിച്ച് അവരെക്കൊണ്ടു വായിപ്പിക്കുന്നതിൽ ക്ലാസ്സദ്ധ്യാപകന്മാരുടെ ശ്രമമാണു കൂടുതൽ ഫലപ്രദമാകുന്നതു്. പ്രഥമാദ്ധ്യാപകൻെറ ഉപദേശം ഈ വിഷയത്തിൽ സ്വീകരിക്കണം. പ്രാഥമികവിദ്യാഭ്യാസം കഴിയുമ്പോഴേക്കും സാധാരണപുസ്തകങ്ങളും വൃത്താന്തപത്രങ്ങളും സ്വയം വായിച്ചു ഗ്രഹിക്കാൻ പ്രാപ്തിയുണ്ടാകണമെന്ന ഉദ്ദേശ്യം വച്ചുകൊണ്ടു പ്രവത്തിച്ചാൽ ശ്രമം തീരെ ഫലശൂന്യമാകാൻ വഴിയില്ല. ഫലപ്രാപ്തി അദ്ധ്യാപകനു ചാരിതാത്ഥ്യജനകമാണു താനും.

സാഹിത്യസമാജങ്ങൾ പല വിദ്യാലയങ്ങളിലും നടന്നുവരുന്നുണ്ടെങ്കിലും, ആശാസ്യമായ ഒരു നിലയിൽ അവ എത്തിയിട്ടില്ല. അവകൊണ്ടു ലഭിക്കാവുന്ന പ്രയോജനം, ഇന്നത്തെ രീതിയിൽത്തന്നെ തുടന്നുപോകയാണെങ്കിൽ. തീരെ ഇല്ലാതെയാകുമൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട്, സമുദായത്തോടു ബന്ധിപ്പിച്ചും, പ്രവൃത്തിപരിധി വിപുലമാക്കിയും മററും അവശ്യം വേണ്ട പരിഷ്കാരങ്ങൾ വരുത്തി, സാഹിത്യസമാജങ്ങളെ അവയർഹിക്കുന്ന നിലയിൽ എത്തിക്കുവാൻ ലോകപരിചയം കൂടുതലുള്ള അദ്ധ്യാപകന്മാരാണു കൂടുതൽ ശ്രമിക്കേണ്ടതു്.

ക്ലാസ്സിൽ പെരുമാറേണ്ട രീതികളെപ്പററി ഇനിയും ഇവിടെ പ്രസ്താവിക്കുന്നില്ല. കളികളെപ്പററിയാണ് അടുത്തതായി അല്പം പറവാനുള്ളതു്. വിദ്യാഭ്യാസസംബന്ധമായി കായികവിനോദങ്ങൾക്കു വലിയ വിലയുണ്ടെന്ന് അദ്ധ്യാപകർ ധരിക്കണം. സമുദായജീവിതത്തെ സൗഭാഗ്യകരവും പ്രയോജനകരവുമായി നയിക്കുന്നതിന് ആവശ്യകമായ കാര്യ

ങ്ങളിൽ പ്രാഥമികപരിശീലനം ലഭിക്കുന്നതു കളികൾ മാൎഗ്ഗമാണ്. ഭാവിയിൽ അഭിമുഖീകരിക്കേണ്ട പല വിഷമപ്രശ്നവൈതരണികളേയും ധൈൎയ്യപൂൎവ്വം കടക്കുന്നതിനു കുട്ടിക്കാലത്തെ പ്രസരിപ്പും പരിശീലനവും അവരെ സൎവ്വഥാ ഒരുക്കുന്നുണ്ട്. കൂടാതെ, കായികവും മാനസികവുമായ ആരോഗ്യത്തേയും സന്മാൎഗ്ഗബോധത്തേയും വളൎത്തുന്നതിനു കളികൾ അത്യന്തം ഉപകരിക്കുന്നു. അതിനാൽ വ്യവസ്ഥിതമായ കളികൾ എല്ലാ വിദ്യാലയങ്ങളിലും നടത്തേണ്ടതാണ്. ഇന്നത്തെ ഡ്രിൽകൊണ്ടു വല്ല പ്രയോജനവുമുണ്ടാകുമെന്നു തോന്നുന്നില്ല. അദ്ധ്യാപകന്മാർ കളികളെ നിയന്ത്രിക്കമാത്രം ചെയ്താൽപോരാ, അവയിൽ ഉത്സാഹപൂൎവ്വം പങ്കെടുക്കണം. എങ്കിൽ മാത്രമേ കുട്ടികൾക്കും ഉത്സാഹം വൎദ്ധിക്കയുള്ളു. നാലുമണിക്കു ശേഷം നടത്തുന്ന കളികളിൽ എല്ലാ അദ്ധ്യാപകന്മാൎക്കും പങ്കെടുക്കാവുന്നതിനാൽ അവർ ആ സമയത്തു വെടിപറഞ്ഞു കൊണ്ടിരിക്കാതെ, കുട്ടികളുമായി കളിയിലേൎപ്പെടുന്നതു അത്യന്തം അഭിലഷണീയമാണ്. അനദ്ധ്യായദിവസങ്ങളിൽ കുട്ടികളെ വിളിച്ചുകൊണ്ടു അധികം ദൂരെയല്ലാത്ത സ്ഥലങ്ങളിലേക്കു വിനോദയാത്രകൾ പോകുന്നതു വിനോദസംബന്ധമായും വിദ്യാഭ്യാസസംബന്ധമായും പ്രയോജനകരമായിരിക്കും. പ്രകൃതിസൗന്ദൎയ്യം ആസ്വദിക്കുവാൻ അവരെ ഈ യാത്രകളിൽ പരിശീലിപ്പിക്കാം. അതു അവരുടെ ഭാവനാശക്തിയെ സാവധാനത്തിൽ വികസിപ്പിച്ചുകൊള്ളുകയും ചെയ്യും.

ഒരു പക്ഷേ, സമുദായസേവനത്തിനു വിദ്യാൎത്ഥികളെ തയ്യാറാക്കുന്നതിൽ സ്കൗട്ടു പ്രസ്ഥാനത്തോളം നല്ലമാൎഗ്ഗം വേറെയില്ലെന്നുതന്നെ പറയാം. രാജാവിനേയും രാജ്യത്തേയും മാതാപിതാക്കന്മാരേയും ബഹുമാനിക്കു എന്നുള്ളതാണല്ലോ പ്രസ്ഥാനത്തിന്റെ മൂലതത്വം. സഹായം നൽകുകയെന്നുള്ളതു കൃത്യവും, അതിനു സന്നദ്ധരായിരിക്കുകയെന്നുള്ളതു മുദ്രാവാക്യവും ആയിരിക്കുന്ന സ്കൗട്ടുകൾക്കു സമത്വം, സാഹോദൎയ്യം, വിനയം അനുസരണം മുതലായ ഉൽകൃഷ്ടഗുണങ്ങൾ തനിയേ ഉണ്ടായിക്കൊള്ളും. മനോവാക്കൎമ്മങ്ങളിൽ ശുദ്ധരായിരിക്കണമെന്നുള്ളതിനാൽ അവർ യഥാൎത്ഥത്തിൽ വിശ്വസ്തസേവകന്മാർ തന്നെയാണ്. പെൺകുട്ടികളെ ഈദൃശമായ സേവനത്തിനു തയ്യാറാക്കുന്ന പ്രസ്ഥാനവും (Girl guide movement) വളരെ ഫലപ്രദമാണ്. ഈ രണ്ടു പ്രസ്ഥാനങ്ങളും അദ്ധ്യാപകരുടെ സശ്രദ്ധമായ മേൽനോട്ടത്തിൽ എല്ലാ വിദ്യാലയങ്ങളിലും കഴിയുന്ന വേഗത്തിൽ നടപ്പാക്കണം. വിദ്യാലയത്തെപ്പററി പൊതുജനങ്ങൾക്കുള്ള മതിപ്പു വൎദ്ധിക്കാനും ഇതു കാരണമാകും.

ഇങ്ങനെ പല സംഗതികളും ഇനിയും പറയാനുണ്ട്. അവയിൽ പലതും എല്ലാവൎക്കും അറിയാവുന്നതായിരിക്കാം. ചിലവയ്ക്കുള്ള പ്രാധാ

MADRAS

ന്യം നിസ്സാരമാണെന്നും വരാം. അതുകൊണ്ടു പ്രധാനസംഗതികളിൽ മാത്രം മനസ്സിരുത്തിയാല്പം വിദ്യാലയം ഒരു യഥാർത്ഥപരിശീലനമന്ദിരവും, അദ്ധ്യാപകന്മാർ യഥാർത്ഥ അദ്ധ്യാപകന്മാരും ആയിത്തീരാവുന്നതാണ്. സമുദായാഭ്യുന്നതിയിൽ പ്രധാനചുമതല തങ്ങൾക്കാണുള്ളതെന്ന് അവർ മനസ്സിലാക്കാൻ ഈ ലേഖനം പര്യാപ്തമാകുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

# ആർ. ഈശ്വരപിള്ളസ്സാറവർകൾ ബി. ഏ.

## ചില സ്മരണകൾ.

(കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി)

ഈശ്വരപിള്ളസ്സാറവർകൾക്ക് എൺപതുവയസ്സ തികഞ്ഞിരിക്കുന്ന ഈ ശുഭാവസരത്തിൽ അദ്ദേഹത്തെ സ്മരിച്ചുകൊണ്ടു ചില മഹാന്മാരെഴുതിയയച്ച ലേഖനങ്ങൾ "ഗുരുനാഥൻ"മാസികയിൽചേർത്തു പ്രസിദ്ധപ്പെടുത്തിക്കണ്ടപ്പോൾ, ആ മഹാത്മാവിനെക്കുറിച്ചു സദാ സ്മരിച്ചുകൊണ്ടിരിക്കുന്ന ഞാനും ചുരുക്കത്തിലെങ്കിലും വല്ലതുമെഴുതിയയയ്ക്കാതെയിരുന്നാൽ അതൊരുവക "നിന്ദയൊ നന്ദികേടൊ" ആണെന്നു ജനങ്ങൾ വിചാരിച്ചെങ്കിലൊ എന്നുള്ള ഭയം നിമിത്തം ഇതാ ഞാനും ചുരുക്കത്തിൽ ചിലതു് എഴുതിക്കൊള്ളുന്നു. ഈശ്വരപിള്ളസ്സാറവർകൾക്ക് ഒരിക്കലും എന്നെക്കുറിച്ച് അങ്ങനെ തോന്നുകയില്ലെന്നുള്ള വിശ്വാസം എനിക്കു നല്ലപോലെയുണ്ടു്. എങ്കിലും അതു പോരല്ലൊ. "ലോകാപവാദാൽ ഭയം" എന്നാണല്ലൊ പ്രമാണം.

ഈശ്വരപിള്ളസ്സാറവർകളെക്കുറിച്ച് എന്നേപ്പോലെ സ്മരിക്കുന്നവരായി കേരളത്തിൽ അധികമാളുകൾ ഉണ്ടായിരിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം. അപ്രകാരമാണു ഞങ്ങളുടെ പ്രായവും സ്ഥിതിയുമിരിക്കുന്നതു്. ഈശ്വരപിള്ളസ്സാറവർകൾ ഭൂലോകജാതനായതു കൊല്ലം 1029-ാമാണ്ടു കർക്കടകമാസത്തിലാണല്ലൊ. എന്റെ ജനനം 1030-ാമാണ്ടു മീനമാസത്തിലുമാണ്. അതിനാൽ അദ്ദേഹത്തിന് എന്നേക്കാൾ ഏകദേശം എട്ടുമാസത്തെ മൂപ്പേ ഉള്ളു. പിന്നെ ഞങ്ങളുടെ ജന്മദേശങ്ങൾ (ളെശയും കോട്ടയവും) തമ്മിലുള്ള അകലം നാലുനാഴികയിലധിക

മില്ല. അതിനാൽ അദ്ദേഹത്തെ ഒരു വിദ്യാൎത്ഥിയായിട്ടും ഒരദ്ധ്യാപകനായിട്ടും ഒരു സൎക്കാരുദ്യോഗസ്ഥൻ (റേഞ്ചിൻസ്പെക്ടർ) ആയിട്ടും പലപ്പോഴും കാണുന്നതിനും സംഭാഷണം ചെയ്യുന്നതിനും എനിക്കു സംഗതിയായിട്ടുണ്ട്. ഒരു മനുഷ്യനുമായി പരിചയമാകുന്നതിന് ഇതിലധികം കാരണങ്ങൾ വേണമെന്നില്ലല്ലൊ.

ഈശ്വരപിള്ള സ്സാറവർകൾ വിദ്യാഭ്യാസത്തിനായിട്ടും ഉദ്യോഗകാൎയ്യനിൎവ്വഹണത്തിനായിട്ട് അന്യദേശങ്ങളിൽപോയി താമസിച്ചിരുന്ന കാലങ്ങളിലും ആണ്ടിലൊരിക്കലെങ്കിലും ഞങ്ങൾതമ്മിൽ കാണാതെയിരിക്കാറില്ല. ഇദ്ദേഹത്തിൻെറ മാതുലനും വീരനും ശൂരനും ഗംഭീരനും "നാലാങ്കൽ ഗോവിന്ദപ്പിള്ള തഹശീൽദാരെ"ന്നു പ്രസിദ്ധനുമായിരുന്ന മഹാൻെറ ജന്മനക്ഷത്രം ആണ്ടുതോറും സ്വഗൃഹത്തിലും അതോടുചേൎന്നുള്ള സ്വന്തം മഠത്തിലും വച്ചു കെങ്കേമമായി കൊണ്ടാടാറുണ്ടായിരുന്നു. അന്നു തഹശീൽദാരങ്ങന്നും ഈ ഈശ്വരപിള്ള സ്സാറും സ്വഗൃഹത്തിൽ വന്നുചേരുക പതിവായിരുന്നു. എനിക്കു പത്തുപന്ത്രണ്ടു വയസ്സായ കാലം മുതൽ ആ ശുഭദിവസത്തിൽ നിവൃത്തിയുണ്ടെങ്കിൽ ഞാനുമവിടെ എത്തുമായിരുന്നു. ഞാനവിടെച്ചെല്ലുന്നതു സദ്യയുണ്ണാനായിട്ടു മാത്രമല്ലായിരുന്നു. ആ ജന്മനക്ഷത്രം സംബന്ധിച്ചു "തീയാട്ടു" എന്ന വഴിപാടും ആണ്ടുതോറും അവിടെ പതിവുണ്ടായിരുന്നു. അതു് എൻെറ കുലധൎമ്മമാകയാൽ അതു നടത്തുന്നതിനു പോകാതെയിരിക്കാൻ എനിക്കു നിവൃത്തിയില്ലായിരുന്നു. എന്നാൽ അതു നടത്തുന്നതിനു ഞാൻതന്നെ ചെല്ലണമെന്നില്ല. എൻെറ കുടുംബത്തിൽനിന്നു വേറെ ആരെങ്കിലുമായാലും മതി. അഥവാ എൻെറ സ്വജനങ്ങളിലാരെങ്കിലുമായാലും പോരായ്കയില്ല. ഇതു നടത്താൻ വേണ്ടുന്ന അഭ്യാസവും അൎഹതയുമുള്ളവരിലാരെങ്കിലും വേണമെന്നേ ഉള്ളൂ. പിന്നെ നിവൃത്തിയുണ്ടെങ്കിൽ ഞാൻതന്നെ പതിവായിപ്പൊയ്ക്കൊണ്ടിരുന്നതെന്തിനാണെന്നാണെങ്കിൽ ഈശ്വരപിള്ള സ്സാറവർകളെക്കാണാനുള്ള ആഗ്രഹം കൊണ്ടുമാത്രമാണു്.

ഈശ്വരപിള്ള സ്സാറവർകൾ കോട്ടയം റേഞ്ചിൻസ്പെക്ടരായിരുന്ന കാലത്തും മിക്കദിവസങ്ങളിലും ഞാൻ അദ്ദേഹത്തിൻെറ വാസസ്ഥലത്തു ചെന്നു് അദ്ദേഹത്തെ കാണാറുണ്ടായിരുന്നു. ഇങ്ങനെ കാണുന്ന സമയങ്ങളിലെല്ലാം ഇവൎക്കു പറയാനുള്ളതെന്തെന്നു് ആരും സംശയിക്കേണ്ട. ഞങ്ങൾ സാഹിത്യസംബന്ധമായി വല്ലതുമൊക്കെ പറയുന്നതല്ലാതെ മററൊന്നിനെക്കുറിച്ചും അധികമൊന്നും പറയാറില്ല. അദ്ദേഹമൊരു സാഹിത്യരസികനും ഞാനൊരു സാഹിത്യഭ്രാന്തനുമാകയാൽ ആ വിഷയത്തിൽ എ

ത്ര പറഞ്ഞാലും ഞങ്ങഠംക്കു മതിയാകാറുമില്ല. ഈശ്വരപിള്ള സ്സാറവർകളുമായി ചിരകാലമുണ്ടായിട്ടുള്ള ആ സംഭാഷണം നിമിത്തം സാഹിത്യവിഷയത്തിൽ എനിക്കു വളരെ ഗുണങ്ങഠം സിദ്ധിച്ചിട്ടുണ്ട്. അവ ഞാൻ കൃതജ്ഞതാപൂർവ്വം സദാ സ്മരിക്കുന്നുമുണ്ട്.

ഈശ്വരപിള്ള സ്സാറവർകളുടെ മാതുലൻെറ കാലം കഴിഞ്ഞതിൽപ്പിന്നെയഥാപൂർവ്വം ആണ്ടുതോറും ഞങ്ങഠംക്കു തമ്മിൽ കാണാൻ സംഗതിയാകാറില്ലെന്ന് ആരും തെററിദ്ധരിച്ചുപോകരുത്. ആ മഹാൻ കഴിഞ്ഞതിൻെറ ശേഷം ആണ്ടുതോറും അദ്ദേഹത്തിൻെറ ശ്രാദ്ധമടിയന്തിരം ആ കുടുംബക്കാർ കേമമായിത്തന്നെ നടത്തിപ്പോരുന്നുണ്ട്. ആ അടിയന്തിരത്തിനും ഈശ്വരപിള്ള സ്സാറവർകഠം പതിവായി സ്വഗൃഹത്തിൽവരികയും ചാത്തമൂട്ടി ബലിയിടുകയും ചെയ്യുിരുന്നു. ആ ദിവസം പക്ഷേ ഞാനോർത്തില്ലെങ്കിലൊ എന്നു വിചാരിച്ചിട്ടൊ എന്തോ ഈശ്വരപിള്ള സ്സാറവകഠം എന്നെ അറിയിക്കുകയും ഞാനവിടെ എത്തുകയും പതിവായിരുന്നു. അതിനാൽ അങ്ങിനേയും ആണ്ടിലൊരിക്കലെങ്കിലും ഞങ്ങഠംതമ്മിൽ കാണുകയും യഥാസൌകയ്യം കുറച്ചുനേരമെങ്കിലും സൈ്വരസല്ലാപം ചെയ്യുകയും ചെയ്യുിരുന്നു. രണ്ടുമൂന്നുകൊല്ലമായിട്ടു ദേഹത്തിൻെറ അസ്വാസ്ഥ്യം നിമിത്തം ഈശ്വരപിള്ള സ്സാറവർകഠം ഈ ചാത്തത്തിനും സ്വഗൃഹത്തിൽ വരാറില്ല. അദ്ദേഹം അതും തൻെറ സ്ഥിരവാസസ്ഥലമായ പറവൂർ വച്ചുതന്നെയാണ് ഇപ്പോഠം നടത്തിപ്പോരുന്നത്. അദ്ദേഹം ഒളശയിൽ വരാതെയായതിൽപ്പിന്നെ ഞാനും അങ്ങോട്ടു പോകാറില്ല. ഞാൻ ഈശ്വരപിള്ള സ്സാറവർകളിൽനിന്നു പലകാര്യങ്ങളിൽ വളരെ കുറഞ്ഞവനാണെങ്കിലും ദേഹാസ്വാസ്ഥ്യവിഷയത്തിൽ ഒട്ടും കുറഞ്ഞവനല്ല. അങ്ങനെയല്ലായിരുന്നുവെങ്കിൽ ഈ കാലത്തിനിടയ്ക്ക് അദ്ദേഹത്തിൻെറ ഇപ്പോഴത്തെ വാസസ്ഥലത്തു ചെന്നിട്ടെങ്കിലും ഞാനദ്ദേഹത്തെ കാണുമായിരുന്നു. അതിനിപ്പോഠം ഞാൻ ശക്തനല്ല. പിന്നെ എന്തു ചെയ്യുന്നു?

"ഇക്കാലത്തു സ്കൂളുകളിൽപഠിച്ചു വലിയപരീക്ഷകളിൽ ജയിച്ചു യോഗ്യന്മാരായിത്തീരുന്നവക്കു ഗുരുഭക്തി വളരെക്കുറവാണ്" എന്നൊരഭിപ്രായം ചിലക്കുണ്ട്. അതു മിക്കവാറും ശരിയായിട്ടു കണ്ടുവരുന്നുമുണ്ട്. എന്നാൽ ഈശ്വരപിള്ള സ്സാറവർകളുടെ അടുക്കൽ പഠിച്ചിട്ടുള്ളവക്ക് ആ ദോഷം കാണുന്നില്ല. ഇതിനു ദൃഷ്ടാന്തമായി പല സംഗതികഠം പറയാനുണ്ടെങ്കിലും അധികം വിസ്തരിക്കുന്നില്ല. ഞാൻ കണ്ടറിഞ്ഞിട്ടുള്ള വയിൽ ഒരു സംഗതി മാത്രം ചുരുക്കത്തിൽ താഴെ കുറിക്കുന്നു.

എം. രാജരാജവമ്മത്തമ്പുരാൻ എം. എ., ബി. എൽ. തിരുമനസ്സുകൊണ്ടു സ്കൂഠംഇൻസ്പെക്ടരായി കോട്ടയത്തുതാമസിച്ചിരുന്നകാലത്ത് ഒരുദി

വസം ഒരു കാരണവശാൽ ആ തിരുമേനിയുടെ സന്നിധിയിൽ ഞാൻ പോയിരുന്നു. ഞാനവിടെച്ചെന്നു കുറച്ചുസമയം കഴിഞ്ഞപ്പോൾ എന്തിനോ ഈശ്വരപിള്ളസ്സാറവർകളും അവിടെ വന്നുചേർന്നു. അദ്ദേഹം വന്നായുടനെ തമ്പുരാൻ എഴുന്നേററ് ഒരു കസേര മാററിയിട്ടുകൊടുത്തിട്ട് "ഇരിക്കാം" എന്നു കല്പിച്ചു. "അവിടുന്ന് ഇരിക്കണം" എന്ന് ഈശ്വരപിള്ളസ്സാറവർകളും പറഞ്ഞു. ഇങ്ങനെ പരസ്പരം രണ്ടുപേരും പറഞ്ഞതല്ലാതെ രണ്ടുപേരും ഇരുന്നില്ല. ഈശ്വരപിള്ളസ്സാറവർകൾ വന്നതെന്തിനാണെന്നു ചുരുക്കത്തിലും സ്വകാര്യമായിട്ടും പറഞ്ഞിട്ട് ഉടൻതന്നെ അവിടന്ന് ഇറങ്ങിപ്പോവുകയും ചെയ്തു. ഞാൻ ഇംഗ്ലീഷുപഠിച്ചിട്ടില്ലാത്തവനാണെന്ന് അവർ രണ്ടുപേർക്കും അറിയാമായിരുന്നതുകൊണ്ട് എൻെറ സാന്നിദ്ധ്യം അവർ സംഭാഷണത്തിന് ഒരു പ്രതിബന്ധമായിത്തീർന്നില്ല. അവരുടെ സംഭാഷണം ഇംഗ്ലീഷിലായിരുന്നു. അതു രണ്ടോ മൂന്നോ വാക്കുകൾ മാത്രമെ ഉണ്ടായിരുന്നുമുള്ളു.

ഈശ്വരപിള്ളസ്സാറവർകൾ പൊയ്ക്കഴിഞ്ഞപ്പോൾ തമ്പുരാൻ തിരുമനസ്സുകൊണ്ട് എന്നോട് "അദ്ദേഹം എൻെറ ഗുരുവാണ്. അദ്ദേഹം സ്കൂൾമാസ്റ്ററായിരുന്നപ്പോൾ ഞാൻ അദ്ദേഹത്തിൻെറ അടുക്കൽ പഠിച്ചിട്ടുണ്ട്. അദ്ദേഹം എൻെറ വാസസ്ഥലത്തു വന്നിരിക്കുമ്പോൾ ഞാനിരിക്കുന്നതു ഭംഗിയല്ലല്ലൊ. അതുകൊണ്ടാണു ഞാനിരിക്കാത്തതു്" എന്നു കല്പിച്ചു. ഈശ്വരപിള്ളസ്സാറവർകളുടെ അന്തേവാസികൾക്ക് അദ്ദേഹത്തെക്കുറിച്ച് അളവററ ഭക്തിയുണ്ടെന്നുള്ളതിന് ഇതിലധികം ദൃഷ്ടാന്തം വേണമെന്നില്ലല്ലൊ.

ഈശ്വരപിള്ളസ്സാറവർകൾ ഒരു മിതഭാഷിയാണെന്നു ജനങ്ങളുടെയിടയിൽ ഒരഭിപ്രായമുണ്ട്. അതു് ഏകദേശം വാസ്തവവുമാണ്. അദ്ദേഹം കാര്യം കൂടാതെ വലിച്ചുകെട്ടി വളരെ സംസാരിക്കുകയില്ല. അതു മഹാന്മാരുടെ സ്വഭാവമാണല്ലൊ. "......മഹീയാംസഃ പ്രകൃത്യാ മിതഭാഷിണഃ" എന്നാണല്ലൊ മാഘകവി പറഞ്ഞിരിക്കുന്നതു്. എന്നാൽ "സദസി വാക്പടുതാ" എന്നുള്ള ഗുണവും അദ്ദേഹത്തിനുണ്ട്.

സ്ഥിരാദ്ധ്യക്ഷനായിരുന്ന കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ 1086-ാമാണ്ടു കന്നിമാസത്തിൽ വൈക്കത്തുവെച്ചു നടത്തപ്പെട്ട "ഭാഷാപോഷിണി"സഭായോഗത്തിൽ ഈശ്വരപിള്ളസ്സാറവർകളും ഒരു പ്രാസംഗികനായിരുന്നു. അദ്ധ്യക്ഷൻതിരുമേനി ഇദ്ദേ

ഘത്തിൻെറ പ്രസംഗത്തെ വളരെ ശ്ലാഘിച്ചാണ് ഉപസംഹാരപ്രസംഗത്തിൽ അരുളിച്ചെയ്തതു്. "വിദ്വാനേവ വിജാനാതി വിദ്വജ്ജനപരിശ്രമം" എന്നുണ്ടല്ലൊ.

സൎക്കാരുദ്യോഗമുപേക്ഷിച്ചു പെൻഷൻ പററിയിരിക്കുന്ന ഈ വാൎദ്ധക്യദശയിലും ഈശ്വരപിള്ള സ്സാറവൎകൾ കേരളഭാഷയുടേയും കേരളീയരുടേയും അഭിവൃദ്ധിക്കും ഗുണത്തിനും വേണ്ടി സദാ ഗദ്യസാഹിത്യപരിശ്രമം ചെയ്തുകൊണ്ടാണിരിക്കുന്നതെന്നുള്ള പരമാൎത്ഥം എല്ലാവൎക്കും അറിയാവുന്നതാണല്ലൊ. ഇപ്രകാരം പരോപകാരതൽപരനും പരമസാത്വികനും പരിശ്രമിയുമായിരിക്കുന്ന ഈ പണ്ഡിതവൎയ്യൻ ഇനിയും വളരെക്കാലം അരോഗദൃഢഗാത്രനായി ഭാഷാപോഷണാൎത്ഥമായും മററും പരിശ്രമിച്ചുകൊണ്ടു സസുഖം ജീവിക്കുവാൻ സാധുവത്സലനായിരിക്കുന്ന സകലേശ്വരൻ സദയം സദാ സഹായിക്കുമാറാകട്ടെ.

# ശ്രീരാമായണവും ഏഴാംക്ലാസ് വിദ്യാൎത്ഥികളും.

(ജി. രാമൻമേനോൻ എം. എ., ബി. എൽ.)

ഭാരതീയരെല്ലാവരും ശ്രീരാമായണകഥ പഠിച്ചിരിക്കേണ്ടതാണ്. മനുഷ്യൎക്കെല്ലാവൎക്കും തന്നെ ഈ കഥ ഹൃദ്യവും വിജ്ഞാനപ്രദവും ആദരണീയവുമായിത്തീൎന്നിട്ടുണ്ട്. അതുകൊണ്ട്, നാട്ടുഭാഷാമിഡിൽസ്ക്കൂളുകളിലെ ഏട്ടകെട്ട പരീക്ഷയ്ക്കു് ഈ കഥയെ പാഠ്യമായി വച്ചിരിക്കുന്നതു യുക്തം തന്നെ. എന്നാൽ ശ്രീരാമായണം ഗദ്യപ്രബന്ധം എന്ന പുസ്തകം 7–ാംക്ലാസിലെ വിദ്യാൎത്ഥികളെ രാമായണകഥ പഠിപ്പിക്കുന്നതിനു യോജിച്ചതാണൊ എന്നു സംശയമുണ്ട്. ഈ ക്ലാസിലേക്കു പ്രധാന ഗദ്യപാഠമായി വച്ചിരിക്കുന്ന പ്രസ്തുത പുസ്തകം അതിദീൎഘവും നിരൂപണങ്ങളും ഉദാഹരണങ്ങളും അധികമുള്ളതുമാകയാൽ, രാമായണകഥയെ, അദ്ധ്യാപകന്മാർ, ഈ ക്ലാസിലെ വിദ്യാൎത്ഥികൾക്കു് ഉചിതമായ രീതിയിൽ ചുരുക്കി പറഞ്ഞുകൊടുക്കണം. അദ്ധ്യാപകരേയും അദ്ധ്യേതാക്കളേയും സഹായിക്കാനായി വനപ്രവേശം വരെ ശ്രീരാമകഥയുടെ ഒരു സംക്ഷേപം താഴെ ചേൎക്കുന്നു അദ്ധ്യാപകന്മാർ ഇതിനെത്തന്നെ ഉപയോഗിക്കണമെന്നില്ല. യുക്തമെന്നു തോന്നുന്ന ഭേദഗതികൾ വരുത്താവുന്നതാണ്. മററു ഭാഗങ്ങ

ളേയും ചുരുക്കി പറഞ്ഞുകൊടുക്കണം. ഗഹനതത്വോപദേശങ്ങളും അതിശയോക്തികളും പ്രകൃത്യതീതകഥകളും കഴിയുന്നിടത്തോളം കുറയ്ക്കുന്നതാണു നല്ലതു്.

പാഠപുസ്തകത്തിലെ വിവരങ്ങൾ പല ഗ്രന്ഥങ്ങളിലുമുള്ളവ ചേൎന്ന ഒരു അവിയലാണ്. അദ്ധ്യാത്മരാമായണത്തിലേയും വാല്മീകിരാമായണത്തിലേയും വിവരങ്ങൾ തമ്മിലും വ്യത്യാസമുണ്ടു്.

ഈ മൂന്നുപുസ്തകങ്ങളിലേയും വൈപരീത്യമില്ലാത്ത വിവരങ്ങൾ ചേൎത്താണ് ഈ സംക്ഷേപം എഴുതിയിരിക്കുന്നതു്.

പണ്ടു്, ഉത്തരഭാരതത്തിൽ, കോസലരാജ്യത്തിൽ ദശരഥൻ എന്നൊരു രാജാവുണ്ടായി. ഇദ്ദേഹത്തിന്റെ രാജധാനി സരയൂ നദീതീരത്തിലുള്ള അയോദ്ധ്യാനഗരിയായിരുന്നു. സമ്പൽസമൃദ്ധനും ധൎമ്മിഷ്ഠനുമായ ഈ രാജാവിനു പ്രായം വളരെ ആയിട്ടും പുത്രന്മാരുണ്ടായില്ല. ഈ ന്യൂനത തീൎക്കുന്നതിനായി, കുലാചാൎയ്യനായ വസിഷ്ഠൻ മുതലായ മഹത്തുക്കളോടു് ആലോചിച്ചു ദശരഥൻ അശ്വമേധയാഗവും പുത്രകാമേഷ്ടിയും നടത്തി. ഋശ്യശൃംഗൻ എന്ന മഹൎഷിയാണ് ഈ കൎമ്മങ്ങളിൽ പ്രധാന ഭാരവാഹിയായിരുന്നതു്. കൎമ്മങ്ങളുടെ അവസാനത്തിൽ, സന്താനോല്പാദനകരമായ ദിവ്യപായസം അഗ്നിയിൽനിന്നു പുറപ്പെട്ട ഒരു ദേവൻ രാജാവിനു നൽകുകയും, അതു രാജപത്നിമാർ ഭക്ഷിച്ചാൽ അവൎക്കു ഗൎഭമുണ്ടാകുമെന്നു പറകയും ചെയ്തു. ദശരഥൻ ഈ പായസം തന്റെ മൂന്നു ഭാൎയ്യമാൎക്കായി ഭാഗിച്ചുകൊടുത്തു. ഇതിന്റെ ഫലമായി, രാജാവിനു നാലു പുത്രന്മാരുണ്ടായി. ആദ്യം ജനിച്ച കൗസല്യാപുത്രനു രാമനെന്നും, അടുത്ത ദിവസമുണ്ടായ കൈകേയീപുത്രനു ഭരതനെന്നും, മൂന്നാംദിവസമുണ്ടായ സുമിത്രാപുത്രന്മാൎക്കു ലക്ഷ്മണശത്രുഘ്നന്മാരെന്നും പേരിട്ടു. ഇവർ അരോഗദൃഢഗാത്രന്മാരായും സുശീലരായും വളൎന്നു. രാമനും ലക്ഷ്മണനും തമ്മിലും, ഭരതനും ശത്രുഘ്നനും തമ്മിലും, പ്രത്യേകസ്നേഹമുണ്ടായി. അവർ മിക്കപ്പോഴും ഒന്നിച്ചിരുന്നു. രാജകുമാരന്മാർ വേദങ്ങൾ ആയുധാഭ്യാസം മുതലായ എല്ലാ ക്ഷത്രിയോചിതവിദ്യകളിലും നിപുണന്മാരായി. പുത്രന്മാൎക്കു യൗവനാരംഭമായപ്പോൾ അവൎക്കു വിവാഹം നടത്തുന്നതിനെപ്പററി രാജാവും ബന്ധുക്കളും ആചാൎയ്യനും മററുംകൂടെ ആലോചന തുടങ്ങി. അങ്ങനെയിരിക്കുമ്പോൾ ഒരുദിവസം കൗശികൻ, അല്ലെങ്കിൽ വിശ്വാമിത്രൻ എന്ന മഹൎഷി ദശരഥമഹാരാജാവിനെ കാണാൻ വരികയും, താൻ പിതൃദേവാദികൾക്കായി നടത്തുന്ന ഹോമത്തെ രാക്ഷസന്മാർ വിഘ്നപ്പെടുത്തുന്നതിനെ തടയാനായി രാമലക്ഷ്മണന്മാരെ തന്റെകൂടെ അയയ്ക്കണമെന്ന് അപേക്ഷിക്കയും ചെയ്തു. പതിനാറു വയസ്സു തികഞ്ഞിട്ടില്ലാത്ത തന്റെ പ്രിയപുത്രന്മാരെ മാ

യാവികളും, ശക്തരും, ക്രൂരരുമായ രാക്ഷസന്മാരോടു യുദ്ധത്തിനായി അയയ്ക്കാൻരാജാവിന് ആദ്യം തീരെ സമ്മതമില്ലായിരുന്നു. എന്നാൽ, വിശ്വാമിത്രമഹൎഷി മഹാപ്രഭാവനാണെന്നും അദ്ദേഹത്തിൻെറ ഹിതമനുസരിച്ചു പ്രവൎത്തിക്കാമെന്നു കാൎയ്യം പറയുന്നതിനു മുമ്പുതന്നെ ഭക്തിവിശ്വാസങ്ങൾ നിമിത്തം ദശരഥൻ വാഗ്ദാനം ചെയ്തിരുന്നതനുസരിച്ചു പ്രവൎത്തിക്കണമെന്നും, ശ്രീരാമൻെറ ശ്രേയസ്സു വൎദ്ധിപ്പിക്കുന്നതിനാണു വിശ്വാമിത്രൻ വന്നിരിക്കുന്നതെന്നും ശ്രീരാമൻ മഹാവിഷ്ണുവിൻെറ അവതാരമാണെന്നും മററും ആചാൎയ്യനായ വസിഷ്ഠൻ ഉപദേശിച്ചപ്പോൾ രാജാവു് അപ്രകാരം സമ്മതിച്ചു. ശ്രീരാമലക്ഷ്മണന്മാർ പിതൃരാജ്ഞയനുസരിച്ചു വിശ്വാമിത്രനെ അനുഗമിച്ചു. ദാഹവും വിശപ്പും കൊണ്ടുപദ്രവമുണ്ടാകാതിരിക്കാൻ ബല, അതിബല എന്നീ വിദ്യകൾ വിശ്വാമിത്രൻ വഴിയാത്രയ്ക്കിടയിൽ രാജകുമാരന്മാരെ പഠിപ്പിച്ചു. വിശ്വാമിത്രാദികൾ ഗംഗാനദി കടന്നു യാത്രചെയ്യുമ്പോൾ, താടക എന്ന രാക്ഷസി വസിക്കുന്ന കാട്ടിൽ എത്തി. പാന്ഥന്മാരെ കൊന്നതിനും മററും ലോകോപദ്രവം ചെയ്യുന്ന ഈ രാക്ഷസിയെ വധിക്കുന്നതു് ആവശ്യമാണെന്നു വിശ്വാമിത്രൻ രാമനോടു പറഞ്ഞു. രാമൻ വില്ലുകൊണ്ടു് ഒരു ചെറുഞാണൊലി പുറപ്പെടുവിച്ചു. ഇതുകേട്ടു പാന്ഥന്മാരെ വധിക്കാനായി താടക പാഞ്ഞെത്തി, മായായുദ്ധം തുടങ്ങി. ശ്രീരാമൻ അവളെ യുദ്ധത്തിൽ അസ്ത്രംകൊണ്ടു വധിച്ചു. ശാപംകൊണ്ടു രാക്ഷസിയായിരുന്ന താടക പഴയപോലെ സുന്ദരിയായ യക്ഷിയായിത്തീൎന്നു. വിശ്വാമിത്രൻ സന്തോഷിച്ചു ദിവ്യാസ്ത്രങ്ങളെല്ലാം ശ്രീരാമന് ഉപദേശിച്ചു. അന്നുരാത്രി അവർ കാമാശ്രമം എന്ന സ്ഥലത്തു താമസിച്ചു. പിറേറദിവസം അവർ വിശ്വാമിത്രൻെറ താമസസ്ഥലമായിരുന്ന സിദ്ധാശ്രമത്തിൽ എത്തി. അവിടെ മഹൎഷിമാർ വിശ്വാമിത്രനേയും രാജപുത്രന്മാരേയും യഥായോഗ്യം എതിരേററു സൽക്കരിച്ചു. കുറെ വിശ്രമിച്ചശേഷം രാമൻ, വിശ്വാമിത്രനോടു യാഗദീക്ഷ ഉടനെ തുടങ്ങാറാകണമെന്നും, രാക്ഷസന്മാർ യാഗം മുടക്കാൻ വന്നാൽ അവരെ നിഗ്രഹിച്ചു യാഗരക്ഷ ചെയ്യാമെന്നും അറിയിച്ചു. വിശ്വാമിത്രനും മററു മുനിമാരുംകൂടെ യാഗം തുടങ്ങി. അപ്പോൾ യാഗം മുടക്കുന്ന രാക്ഷസന്മാർ പതിവുപോലെ വന്നു അവരുടെ ദുർവൃത്തികൾ ആരംഭിച്ചു. ഉച്ചയ്ക്കു മേൽഭാഗത്തുനിന്നുകൊണ്ടു യാഗസ്ഥലത്തേക്കു രക്തവൃഷ്ടി ചെയ്തു. താടകയുടെ പുത്രനായ മാരീചനും സുബാഹുവെന്ന മറെറാരു രാക്ഷസനും കൂട്ടുകാരുംകൂടെയാണ് ഇപ്രകാരം ചെയ്തതു്. ഇവർ രാക്ഷസരാജാവായ രാവണൻെറ ആശ്രിതന്മാരും ആജ്ഞാകാരന്മാരും ആയിരുന്നു. ശ്രീരാമൻ ഒരു ശരം മാരീചൻെറയും മറെറാന്നു സുബാഹുവിൻെറയും നേൎക്കു പ്രയോഗിച്ചു. സുബാഹു അ

സ്ത്രമേററു മരിച്ചു. മാരീചൻ അസ്ത്രശക്തികൊണ്ടു സമുദ്രത്തിൽ ചെന്നു വീണു. മരിച്ചില്ല. മററു രാക്ഷസരും വധിക്കപ്പെട്ടുകയൊ ഓടിക്കപ്പെട്ടുകയൊ ചെയ്തു. വിശ്വാമിത്രൻെറ യാഗം മുറയ്ക്കു പൂർത്തിയാക്കപ്പെട്ടു. വിശ്വാമിത്രൻ സന്തോഷിച്ചു രാജകുമാരന്മാരെ ആശ്ലേഷിക്കയും, ആശിർവദിക്കയും ചെയ്തു. മൂന്നു ദിവസം മുനിമാരുടെ സൽക്കാരങ്ങളേററുകൊണ്ടു രാജപുത്രന്മാർ സിദ്ധാശ്രമത്തിൽ പാർത്തു്, മഹർഷിമാർ പറഞ്ഞ പുരാണകഥകൾ കേട്ടും മററും രസിച്ചു. 4-ാംദിവസം മഹർഷിമാരും രാജകുമാരന്മാരും കൂടെ മിഥിലാപുരത്തേക്കു തിരിച്ചു. അവിടത്തെ രാജാവായ ജനകൻ ഒരു മഹായാഗം നടത്തുന്നുണ്ടെന്നും, അവിടെ മഹാസത്വവും പുരാതനവും രാജവന്ദിതവുമായ ശിവചാപമുണ്ടെന്നും, രാജകുമാരന്മാർ അതു ചെന്നു കാണേണ്ടതാണെന്നും കൗശികൻ പറഞ്ഞതനുസരിച്ചാണു്, ഈ യാത്രയുണ്ടായതു്. ഗൗതമാശ്രമം ഈ വഴിക്കായിരുന്നു. അവിടെ ഗൗതമപത്നിയായ അഹല്യ, പാപമോചനത്തിനായി ഭർത്താവിൻെറ ശാപത്താൽ, ആൎക്കും കാണാൻ പാടില്ലാത്ത വിധത്തിൽ തപസ്സുചെയ്തുകൊണ്ടു പാൎക്കുകയായിരുന്നു. ശ്രീരാമൻ ആ ആശ്രമത്തിൽ പ്രവേശിക്കുമ്പോൾ അഹല്യ പാപംതീൎന്നു ശുദ്ധയാകുമെന്നായിരുന്നു ശാപമോക്ഷം. ഇതൊക്കെ കൗശികൻ ശ്രീരാമനോടു പറഞ്ഞു. അതനുസരിച്ചു ശ്രീരാമൻ ആ ശൂന്യാശ്രമത്തിൽ പ്രവേശിക്കയും ഉടനെ അഹല്യ ശാപമുക്തയായി ദൃശ്യയാകയും ചെയ്തു. രാജകുമാരന്മാർ ആ തപസ്വിനിയെ വന്ദിച്ചു. ആ സ്ത്രീ ഭർത്താവിൻെറ വാക്കോൎത്തു്, അവരെ യഥായോഗ്യം സല്ക്കരിക്കയും ശ്രീരാമനെ സ്തുതിക്കയും ചെയ്തതിൽപ്പിന്നെ ഭർത്താവിൻെറ അടുക്കലേക്കു പോയി. കൗശികാദിമുനിമാരും രാജകുമാരന്മാരും ഇതിനുശേഷം മിഥിലാപുരിയിലേക്കു നടന്നു. അവിടെ മുനിമാൎക്കു താമസിക്കാനായി ഏൎപ്പാടു ചെയ്തിരുന്ന സ്ഥലത്തു ചെന്നു താവളമുറപ്പിച്ചു. മഹാനായ കൗശികൻ വന്നിട്ടുണ്ടെന്നറിഞ്ഞു ജനകമഹാരാജാവു മുനിവാടത്തിൽ ചെന്നു കൗശികാദികളെ വേണ്ട വിധത്തിൽ സൽക്കരിച്ചു. അപ്പോൾ അതിതേജസ്വികളായ രാമലക്ഷ്മണന്മാരെ രാജാവു കാണുകയും, അവരാരാണെന്നു കൗശികനോടു് ആദരപൂൎവ്വം ചോദിക്കയും ചെയ്തു. കൗശികൻ വിവരങ്ങളെല്ലാം രാജാവിനെ അറിയിച്ചു. ദേവദത്തമായ ത്ര്യംബകം വില്ലു കാണാൻ രാജകുമാരന്മാൎക്കു് ആഗ്രഹമുണ്ടെന്നും കൗശികൻ രാജാവിനോടു പറഞ്ഞു. ജനകമഹാരാജാവു വളരെ സന്തോഷിക്കയും, രാജകുമാരന്മാരെ ഉചിതമായ വിധത്തിൽ സൽക്കരിക്കയുംചെയ്തു. തനിക്കു യാഗഭൂമിയിൽനിന്നു ദിവ്യയായ ഒരു പെൺകുട്ടിയെ ദേവന്മാരുടെ അനുഗ്രഹത്താൽ ലഭിച്ചുവെന്നും അവളെ സീതയെന്ന പേരിൽ തൻെറ മകളായി വളൎത്തുകയാണെന്നും, ത്ര്യംബകം വില്ലു വലിച്ചു ഞാൺ കെട്ടുന്നയാൾക്കു് അവളെ വിവാഹം ചെയ്തുകൊടുക്കാമെന്നു

വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും മഹാരാജാവ് ഈ സന്ദൎഭത്തിൽ, മഹൎഷിയോടു പറഞ്ഞു. പല മഹാരാജാക്കന്മാരും രാജകുമാരന്മാരും ഈ വില്ലു കുലയ്ക്കാൻ ശ്രമിച്ചിട്ടു സാധിക്കാതെ പിന്മാറീട്ടുണ്ടായിരുന്നു. സീതയെ വിവാഹം ചെയ്യണമെങ്കിൽ, ഈ തടിയൻ വില്ലു കുലയ്ക്കണമെന്നു ജനകൻ നിശ്ചയിച്ച വ്യവസ്ഥ ഉചിതമല്ലെന്നു പറഞ്ഞുകൊണ്ടു ചില രാജാക്കന്മാർ ജനകനോടു യുദ്ധത്തിനു ചെന്നു തോററിട്ടുമുണ്ടായിരുന്നു. രാമലക്ഷ്മണന്മാർ കാണുന്നതിനാഗ്രഹിച്ച വില്ലിന്റെ ചരിത്രം ഇങ്ങനെയുള്ളതാണ്. അടുത്തദിവസം, ത്ര്യംബകം വില്ലു യാഗസ്ഥലത്തു കൊണ്ടുവരുന്നതിനു ജനകൻ മന്ത്രിയോടാജ്ഞാപിച്ചു. എട്ടു ചക്രമുള്ള ഒരു വലിയ വണ്ടിയിൽ കയററി വളരേപ്പേർക്കൂടെ വലിച്ചു വില്ലു യാഗസ്ഥലത്തു കൊണ്ടുവന്നു. ശ്രീരാമൻ പരമശിവന്റെ വില്ലു കണ്ടു വന്ദിച്ചു. വില്ലെടുത്തു ഞാൺ കെട്ടി വലിക്കുന്നതിൽ വിരോധമുണ്ടോ എന്നു രാമൻ മഹാരാജാവിനോടും മഹൎഷിമാരോടുമായിട്ടു ചോദിച്ചു. യഥാശക്തി ഇതൊക്കെ ചെയ്യുന്നതിൽ ആൎക്കും വിരോധമൊന്നുമില്ലെന്നു വിശ്വാമിത്രൻ മറുപടി പറഞ്ഞു. ശ്രീരാമൻ വില്ലിന്റെ അടുക്കൽ ചെന്ന്, അതിനെ സൂക്ഷിച്ചുനോക്കുകയും, വേഗത്തിൽ, അതിനെ കൈയിൽ എടുത്തു ഞാൺ കെട്ടി വലിക്കയും ചെയ്തു. ഇടിവെട്ടുന്നതുപോലുള്ള ശബ്ദത്തോടുകൂടെ വില്ല് ഒടിഞ്ഞുപോയി. ഇതുകണ്ട് എല്ലാവരും ശ്രീരാമനെ അഭിനന്ദിച്ചു. ജനകൻ രാമനെ ആശ്ലേഷിച്ചു. ഉടനേതന്നെ, വിവരങ്ങളെല്ലാം ദശരഥമഹാരാജാവിനെ അറിയിക്കാനായി എഴുത്തോടുകൂടി ദൂതന്മാരെ അയോദ്ധ്യയ്ക്കയച്ചു. അവർ അയോദ്ധ്യയിലെത്തി സന്ദേശം ദശരഥന്റെ സമക്ഷം സമൎപ്പിച്ചു. രാജാവു സന്ദേശം കണ്ടു സന്തോഷിക്കയും അതിലെ താല്പൎയ്യപ്രകാരം രാമന്റെ വിവാഹകൎമ്മം നടത്തിക്കുന്നതിനായി മിഥിലാപുരത്തേക്ക് ആചാൎയ്യനോടുകൂടി പരിവാരസമേതം പുറപ്പെടുകയുംചെയ്തു. ദശരഥൻ മിഥിലാപുരത്തെത്തിയപ്പോഠം ജനകൻ അദ്ദേഹത്തെ എതിരേററു സൽക്കരിച്ചു. വിവാഹത്തിനു മുഹൂൎത്തം നിശ്ചയിക്കയും, ദശരഥന്റെ നാലു പുത്രന്മാരെക്കൊണ്ടു, ജനകന്റെ നാലു പുത്രിമാരെ കല്യാണം കഴിപ്പിക്കയും ചെയ്തു. വിവാഹാനന്തരം ആചാൎയ്യനും ദശരഥനും പുത്രന്മാരും പത്നിമാരും, ജനകാദികളോടു യാത്ര ചോദിച്ചു പരിവാരസമേതം അയോദ്ധ്യയിലേക്കു പുറപ്പെട്ടു. വഴിക്കു മഹാനായ പരശുരാമനെ കണ്ടു. അദ്ദേഹം ഭയങ്കരഭാവത്തോടുകൂടെയാണു കാണപ്പെട്ടതു്. വസിഷ്ഠാദിമഹൎഷിമാർ അദ്ദേഹത്തെ യഥാവിധി സൽക്കരിച്ചു. ദശരഥൻ പരശുരാമനെ നമസ്കരിച്ചു സാന്ത്വന വാക്കുകഠം പ്രയോഗിച്ചു. പരശുരാമൻ നേരെ ശ്രീരാമന്റെ അടുക്കൽ ചെന്നു ഇപ്രകാരം പറഞ്ഞു:— "ദശരഥപുത്രനായ രാമ, നിന്റെ വീൎയ്യം അത്ഭുതകരംതന്നെ. ശൈവചാപത്തെ നീ ഒടിച്ചതായി ഞാൻ അറിഞ്ഞു. എ

ന്റെ കൈയിൽ ഒരു വില്ലുണ്ടു്. അതു വൈഷ്ണവചാപമാണു്. നീ അതു കുലച്ചു് അസ്ത്രം പ്രയോഗിക്കാൻ ശക്തനാണെങ്കിൽ ഞാൻ നിനക്കു ദ്വന്ദ്വയുദ്ധസൽക്കാരം നൽകാം." ദശരഥൻ ഇതുകേട്ടു വളരെ പരിഭ്രമിച്ചു. ശ്രീരാമൻ ക്രുസലൊന്നും കൂടാതെ വിനയഭാവത്തിൽ, പരശുരാമനോടു് ഉചിതമായ മറുപടി പറഞ്ഞു, വില്ലും ശരവും വാങ്ങിച്ചു; വില്ലുകുലച്ചു ശരവും തൊടുത്തു. എന്നിട്ടു ശരത്തിനു ലക്ഷ്യം കാട്ടിക്കൊടുക്കാൻ ഭാർഗ്ഗവരാമനോടു് ആവശ്യപ്പെട്ടു. തന്റെ തപസ്സുകൊണ്ടു സമ്പാദിച്ചിരിക്കുന്ന സ്വർഗ്ഗലോകപ്രാപ്തി, ഈ ശരത്തിനു ലക്ഷ്യമായി നശിക്കട്ടെ എന്നു മഹാനായ ഭാർഗ്ഗവരാമൻ ശ്രീരാമനോടു മറുപടിപറഞ്ഞു. ശ്രീരാമൻ ഇതനുസരിച്ചു പ്രവർത്തിക്കയും ഭാർഗ്ഗവരാമൻ തന്റെ വൈഷ്ണവചാപവും വൈഷ്ണവതേജസ്സും ശ്രീരാമനിൽ സമർപ്പിച്ചതിനു ശേഷം തന്റെ വാസസ്ഥാനമായ മഹേന്ദ്രഗിരിയിലേക്കു പോകയും ചെയ്തു. ദശരഥനും ശ്രീരാമാദികളും, വിഘ്നങ്ങളെല്ലാം തീർന്നു് അയോദ്ധ്യയിലേക്കു യാത്രതുടർന്നു. അവിടെ ചെന്നു് അവർ കുറേക്കാലം സുഖമായി പാർത്തു.

അങ്ങനെയിരിക്കുമ്പോൾ രാമനെ യുവരാജാവായി അഭിഷേകം കഴിച്ചു ഭരണകാർയ്യങ്ങൾ ചുമതലപ്പെടുത്തണമെന്നു ദശരഥമഹാരാജാവിനു് ആഗ്രഹമുണ്ടായി. ആചാർയ്യനായ വസിഷ്ഠനേയും, മന്ത്രിമാരേയും ഈ വിവരം അറിയിച്ചതിൽ, അവരും അതിനു സന്തോഷപൂർവ്വം സമ്മതിച്ചു. ഭരതനും ശത്രുഘ്നനും ഭരതമാതുലനായ കേകയരാജാവിന്റെ ക്ഷണപ്രകാരം പിതൃരാജ്ഞയോടുകൂടെ കേകയരാജ്യത്തിലേക്കു പോയിരിക്കയായിരുന്നു. അവരെ ആളയച്ചുവരുത്താൻ കാലതാമസം വേണ്ടിയിരുന്നതിനാലും, തനിക്കു വാർദ്ധക്യം അതിക്രമിച്ചിരിക്കുന്നതിനാലും, ഉടനേതന്നെ, രാമനെ യുവരാജാവായി അഭിഷേകം ചെയ്വാൻ ദശരഥൻ നിശ്ചയിച്ചു. വസിഷ്ഠനും മന്ത്രിമാരുംകൂടെ രാജാവിന്റെ താല്പർയ്യപ്രകാരം രാമനു് അഭിഷേകത്തിനു വേണ്ടതെല്ലാം ഒരുക്കി. വസിഷ്ഠൻ വിവരം ശ്രീരാമനെ അറിയിക്കയും, അടുത്തദിവസം അഭിഷേകമാകയാൽ, തലേ ദിവസമായ അന്നു സീതയോടുകൂടെ ഉപവാസവ്രതത്തോടും ബ്രഹ്മചർയ്യത്തോടും ഇരിക്കണമെന്നുപദേശിക്കയും ചെയ്തു. മഹാരാജാവിന്റെ പത്നിമാരും പൗരജനങ്ങളും ഈ വർത്തമാനം കേട്ടു വളരെ സന്തോഷിച്ചു. കൗസല്യ മംഗളകർമ്മങ്ങൾ നടത്തുകയും പൗരജനങ്ങൾ അഭിഷേകദിനത്തിലേക്കു വേണ്ടതെല്ലാം ഒരുക്കുകയും ചെയ്തു. ദശരഥന്റെ ഭാർയ്യമാരിൽ ഒരുത്തിയായ കൈകേയിയും ഇതു കേട്ടു് ആദ്യം വളരെ സന്തോഷിച്ചു. കൈകേയിക്കു ഭരതനെക്കുറിച്ചെന്നതുപോലെയോ, അതിലധികമായോ പുത്രവാത്സല്യം രാമനെക്കുറിച്ചും ഉണ്ടായിരുന്നു. എന്നാൽ, മന്ഥര എന്ന തോഴി, ദേവേച്ഛയ്ക്കു വശം

വദയായി കൈകേയിയെ പറഞ്ഞിളക്കിയതിനാൽ, രാമാഭിഷേകത്തെ തടയുന്നതിനു കൈകേയി നിശ്ചയിച്ചു. മന്ഥര ഇതിനുള്ള മാൎഗ്ഗവും ഉപദേശിച്ചുകൊടുത്തു. പണ്ടു ദേവാസുരയുദ്ധത്തിൽ ദേവന്മാരെ സഹായിക്കാനായി മററു രാജർഷിമാരോടുകൂടെ ദശരഥനും പോയിരുന്നു. കൂടെ ഭാൎയ്യയായ കൈകേയിയേയും കൊണ്ടുപോയി. ആ യുദ്ധത്തിൽ ദശരഥന്ന് ആപത്തുണ്ടായപ്പോൾ കൈകേയി ധൈൎയ്യപൂൎവ്വം സ്വഭൎത്താവിൻെറ ജീവനെ രക്ഷിച്ചു. അതുമൂലം സന്തോഷിച്ചു ദശരഥൻ രണ്ടു വരങ്ങൾ കൈകേയിക്കു നൽകി. തൽക്കാലം തനിക്കൊന്നും ആവശ്യമില്ലെന്നും, ആവശ്യപ്പെടുമ്പോൾ വരം ചോദിച്ചുകൊള്ളാമെന്നും കൈകേയി രാജാവിനോടു പറഞ്ഞു. ഈ വരങ്ങൾ ഈ സന്ദൎഭത്തിൽ ചോദിച്ചു കാൎയ്യം സാധിക്കണമെന്നാണു മന്ഥര കൈകേയിയെ ഉപദേശിച്ചതു്. കൈകേയി ഇതനുസരിച്ചു പ്രവൎത്തിക്കയും, ദശരഥനെ ശോകസാഗരത്തിൽ നിമഗ്നനാക്കുകയും ചെയ്തു. ശ്രീരാമനെ 14 കൊല്ലത്തേക്കു വനവാസത്തിനു നിയോഗിക്കണമെന്നും, തൻെറ പുത്രനായ ഭരതനെ യുവരാജാവായി അഭിഷേകം ചെയ്യണമെന്നുമാണു കൈകേയി രണ്ടു വരങ്ങൾ ആവശ്യപ്പെട്ടതു്. രാമനെ ദീൎഘകാലം പിരിഞ്ഞിരുന്നാൽ താൻ മരിച്ചുപോകുമെന്നും, ഭരതനെ യുവരാജാവാക്കാമെന്നും, അതിനു ശ്രീരാമനെ വനത്തിലയച്ചിട്ടാവശ്യമില്ലെന്നും മററും ന്യായങ്ങൾ പറഞ്ഞു ദശരഥൻ കൈകേയിയുടെ നിശ്ചയത്തെ മാററാൻ ശ്രമിച്ചിട്ടു ഫലിച്ചില്ല. രാജാവു ദുഃഖാധിക്യം നിമിത്തം മോഹാലസ്യത്തിൽ പെടുകയും ഇടയ്ക്കിടെ ഉണരുകയും ചെയ്തുകൊണ്ടിരുന്നു. പ്രഭാതത്തിൽ ശ്രീരാമൻ രാജസന്നിധിയിലെത്തി കൈകേയിയുടെ വാക്കുകളിൽനിന്നു വൎത്തമാനങ്ങൾ അറിഞ്ഞപ്പോൾ പിതാവിൻെറ കണ്ണും മുഖവും കുളൎത്ത ജലംകൊണ്ടു തുടച്ചു പിതാവിനെ ആശ്ലേഷിച്ചും മററും ആശ്വസിപ്പിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:— അച്ഛൻ ഇതേപ്പററി ഒട്ടും ദുഃഖിക്കേണ്ട. അച്ഛൻെറ സത്യം യഥാവിധി നിൎവ്വഹിക്കുന്നതിനു മക്കളായ ഞങ്ങളുണ്ടു്. രാജ്യമുപേക്ഷിക്കുന്നതിനു ഞാനും, രാജ്യംഭരിക്കുന്നതിനു ഭരതനും മതിയാകും. രാജ്യഭാരം എത്രയോ പ്രയാസമേറിയതാണു്. വനവാസം എളുപ്പമായിരിക്കുന്നു. അമ്മയായ കൈകേയീദേവിക്കു് എന്നൊക്കുറിച്ചു സ്നേഹമധികമുള്ളതുകൊണ്ടു്, എളുപ്പമായ ജോലി എന്നെ ഏല്പിച്ചുവെന്നേയുള്ളു. ഇങ്ങനെയുള്ള വാക്കുകൾ കേട്ടപ്പോൾ ദശരഥനു ദുഃഖം വൎദ്ധിച്ചു. സ്ത്രീജിതനായ തന്നെ ബന്ധിച്ചു രാമൻ രാജാവാകണമെന്നും തന്നെ പിരിഞ്ഞു കാട്ടിൽ പോകരുതെന്നും മററും ദശരഥൻ പറഞ്ഞു. ശ്രീരാമൻ വീണ്ടും രാജാവിനെ ആശ്വസിപ്പിക്കയും കൗസല്യയോടു യാത്രചോദിച്ചു് ആ സാധ്വിയേയും ലക്ഷ്മണാദികളേയും സീതയേയും സമാധാനപ്പെടുത്തി യാത്രയ്ക്കൊരുങ്ങുകയും ചെയ്തു. ദുഃഖം നിമിത്തം സ്വജനങ്ങളെല്ലാവരും സംഭ്ര

മിച്ച് എന്തുചെയ്യണമെന്നു നിശ്ചയിക്കാൻ വയ്യാതെ വലഞ്ഞപ്പോഴം ശ്രീ
രാമൻ ശാന്തബുദ്ധിയോടുകൂടെ വേണ്ടതുപദേശിച്ചു കാൎയ്യങ്ങൾ നടത്തി.
സീത ഭൎത്താവിന്റെ മാതാപിതാക്കളോടു കൂടെ അയോദ്ധ്യയിൽ തന്നെ
താമസിക്കണമെന്നു ശ്രീരാമൻ പറഞ്ഞതിനെ ആ സാധ്വി സമ്മതിച്ചില്ല.
സ്ത്രീകൾ ഭൎത്താവാണ് ഈശ്വരനെന്നും പതിയെ അനുഗമിക്കുന്നതു് ഉത്തമ
സ്ത്രീധൎമ്മമാണെന്നും സീത വാദിച്ചതനുസരിച്ചു ശ്രീരാമൻ സീതയോടും, ഇ
തുപോലെതന്നെ നിൎബന്ധം പറഞ്ഞ ലക്ഷ്മണനോടും ഒന്നിച്ചു വനത്തി
ലേക്കു പുറപ്പെട്ടു. രാമാദികൾ രഥത്തിൽ കേറി ദൂരെ മറഞ്ഞപ്പോൾ രാ
ജാവു മോഹാലസ്യപ്പെട്ടുപോയി. ബോധമുണ്ടായപ്പോൾ, തന്നെ, എടുത്തു
രാമമാതാവായ കൗസല്യയുടെ ഗൃഹത്തിൽ കൊണ്ടുചെന്നാക്കണമെന്നു പ
രിജനങ്ങളോട് ആജ്ഞാപിക്കയും, രാമനെ പിരിഞ്ഞു് അധികദിവസം ജീ
വിക്കാൻ താൻ അശക്തനാണെന്നു പറഞ്ഞു വിലപിക്കയും ചെയ്തു. പ
രിജനങ്ങൾ രാജാവിനെ കൗസല്യയുടെ ഗൃഹത്തിൽ കൊണ്ടുചെന്നാക്കി. ര
ണ്ടുപേരും ദുഃഖനിമഗ്നരായി സമയം കഴിച്ചു.

രാമാദികൾ അന്നു വൈകുന്നേരം തമസാനദീതീരത്തിൽ, എത്തി
വിശ്രമിച്ചു. കൂടെ അയോദ്ധ്യയിലെ പൗരജനങ്ങളിൽ ഒട്ടുവളരെപ്പേർ ഉ
ണ്ടായിരുന്നു. ശ്രീരാമനോടുകൂടെയല്ലാതെ, അയോദ്ധ്യയിലേക്കു മടങ്ങുക
യില്ലെന്നായിരുന്നു ഇവരുടെ നിൎബന്ധം. ഇവർ ഉറങ്ങിക്കിടന്ന തക്കം
നോക്കി വെളുപ്പാൻ കാലത്തു രാമാദികൾ രഥത്തിൽ വളരേദ്ദൂരം കടന്നു
പോയി. കാലത്തെ പൗരജനങ്ങൾ, എഴുന്നേററു നോക്കിയപ്പോൾ രാമാ
ദികളെ കാണായ്കയാലും, അവർ എങ്ങോട്ടു പോയിയെന്നറിയായ്കയാ
ലും തിരിയെ അയോദ്ധ്യയിലേക്കു പോയി, ശ്രീരാമനെത്തന്നെ ചിന്തിച്ചു
വിശുദ്ധരായി ഉപജീവനം കഴിച്ചു. ശ്രീരാമാദികൾ ഗംഗാനദിയുടെ തീ
രത്തിലുള്ള ദാശന്മാരുടെ വാസസ്ഥാനമായ ശൃംഗിവേരപുരത്തിനു സമീപ
ത്തിൽ എത്തി, ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ വിശ്രമിച്ചു. അവിടെ ദാ
ശരാജാവായ ഗുഹൻ ഇഷ്ടവയസ്യനും സ്വാമിയുമായ രാമനെ കണ്ടു വന്ദി
ച്ചു. വനവാസത്തിൽകൂടെ ചെല്ലാനൊരുമ്പെട്ട സുമന്ത്രരെ ശ്രീരാമൻ ഒ
രുവിധത്തിൽ പറഞ്ഞു സമാധാനപ്പെടുത്തി രഥത്തോടുകൂടെ തിരിയ അ
യോദ്ധ്യയിലേക്കയച്ചു. പ്രഭാതത്തിൽ രാമാജ്ഞയനുസരിച്ചു ഗുഹൻ എ
ത്തിച്ച തോണിയിൽ കയറി രാമനും സീതയും ലക്ഷ്മണനും ഗംഗാനദി കട
ന്നു വനത്തിൽ പ്രവേശിച്ചു. വനവാസത്തിൽ തന്നേക്കൂടെ കൊണ്ടുപോക
ണമെന്നപേക്ഷിച്ച ഗുഹനേയും ശ്രീരാമൻ സമാധാനപ്പെടുത്തി തിരിയെ
അയയ്ക്കുകയാണു ചെയ്തതു്.

# അഗ്നിപവ്വതങ്ങൾ.

(ടി. സുധാകരൻ.)

അഗ്നിപവ്വതമെന്നാപേർ കേൾക്കുമ്പോൾ, തീജ്വാലകൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ഒരു പവ്വതമാണു അതെന്നു പലരും തെററിദ്ധരിക്കുവാൻ വഴിയുണ്ട്. അഗ്നിപവ്വതങ്ങളിൽ നിന്നു പുകയും നീരാവിയും ശിലാദ്രാവകവും പുറപ്പെടുമെന്നു മാത്രമല്ലാതെ, തീജ്വാലകൾ പുറപ്പെടുകയെന്നതു ഒരു അസാധാരണ കാഴ്ചയാണ്. എന്നാൽ ഹാവൈയിലെ ചില അഗ്നിപവ്വതങ്ങളിൽ തീജ്വാലകൾതന്നെ കണ്ടുവരുന്നുണ്ട്.

അഗ്നിപവ്വതങ്ങളെപ്പററി ചിന്തിക്കുമ്പോൾ നമ്മുടെ പ്രഥമദൃഷ്ടിയിൽവരുന്നതു് നേപ്പിൾസ് ഉൾക്കടലിലെ വെസൂവിയസ്സ് പവ്വതമാകുന്നു. അതിന്നു സമുദ്രനിരപ്പിൽനിന്നു നാലായിരം അടി ഉയരമുണ്ട്. ക്രിസ്ത്വാബ്ദം 79-ൽ ഈ പവ്വതം ക്ഷോഭിച്ചപ്പോളായിരുന്നു പോംപെ, ഹെർകുലേനിയം മുതലായ വിശ്രുത നഗരങ്ങൾ നശിച്ചുപോയതു്. പോംപെ നഗരത്തിൻെറ അവശിഷ്ടങ്ങൾ ആദ്യമായി കണ്ടുകിട്ടിയതു് 1748-ലായിരുന്നു. 1036, 1138, 1306, 1631 എന്നീ വഷങ്ങളിലും ഈ പവ്വതം ക്ഷോഭിച്ചതായി ചരിത്രരേഖകളുണ്ട്. 1906 ഏപ്രിൽമാസം 8-ാംതീയതിയുണ്ടായ ക്ഷോഭം ഓട്ടജാനൊ, സാൻഗ്വസേപ്പ് എന്നീ രണ്ടു ഗ്രാമങ്ങളെ നശിപ്പിച്ചു.

അഗ്നിപവ്വതങ്ങളുടെ ഉയരം പലതരത്തിലാകുന്നു. കോട്ടോപാക്സിയുക്ക് 19600 അടിയും അക്കോൺകാഗ്വയ്ക്കു് 23000 അടിയും ടാപ്പൺഗാറേറാവിന്നു് 21500 അടിയും ഷിമ്പറോസോവിന്നു് 20500 അടിയും ഉയരമുണ്ട്. സാധാരണയായി അഗ്നിപവ്വതത്തിൻെറ ഉപരിഭാഗത്തു് ഒന്നോ ഒന്നിലധികമൊ ദ്വാരങ്ങളുണ്ടായിരിക്കും. സ്റ്റ്രോംബോളിയുടെ ദ്വാരത്തിന്നു് ഏഴപതുവാര വ്യാസമുണ്ടത്രെ.

അഗ്നിപവ്വതം ക്ഷോഭിക്കുമ്പോൾ ശിലാദ്രാവകം ബഹിഗ്ഗമിക്കുന്നു. ഈ ശിലാദ്രാവകം നദികൾപോലെ പ്രവഹിക്കുന്നു. അതിന്നു 800 മുതൽ 1200 ഡിഗ്രിസെൻറിഗ്രേഡ്‌വരെ ചൂടുണ്ടായിരിക്കും. ശിലാദ്രാവകത്തിന്നു പുറമെ, പുകയും നീരാവിയും ഗന്ധകബാഷ്പവും അനവധി വാതകങ്ങളും അഗ്നിപവ്വതത്തിൽനിന്നു പുറത്തുവരുന്നു.

ഒരു അഗ്നിപൎവ്വതത്തിൻെറ ആയുസ്സ് ഇത്രയെന്നു ക്ലിപ്തമായി പറയുവാൻ പ്രയാസമാണ്. എററ്നാ പൎവ്വതത്തിൻെറ ക്ഷോഭം ആരംഭിച്ചിട്ടു ഇപ്പോൾ 2500 വൎഷത്തോളമായിരിക്കുന്നു. ചില അഗ്നിപൎവ്വതങ്ങൾ കുറെക്കാലം ക്ഷോഭിച്ചുനിന്നശേഷം നിശ്ശേഷം അന്തരിച്ചുപോകുന്നു. ഇത്തരത്തിലുള്ള അഗ്നിപൎവ്വതങ്ങൾ ഫ്രാൻസിൽ ധാരാളമുണ്ട്. ചിലസ്ഥലങ്ങളിൽ പുതിയ അഗ്നിപൎവതങ്ങൾ ഉണ്ടാകുന്നു. 1831-ൽ മദ്ധ്യധരണിക്കടലിൽ സിസ്സിലിയ്ക്കും ആഫ്രിക്കയ്ക്കും മദ്ധ്യേ ഒരു പുതിയ അഗ്നിപൎവതമുണ്ടായി. 1759-ൽ മെക്സിക്കോവിൽ ജോറുല്ലോ എന്ന സ്ഥലത്തു ഒരു വലിയ അഗ്നിപൎവ്വതം ജനിക്കുകയുണ്ടായി.

അഗ്നിപൎവതങ്ങൾ ക്ഷോഭിക്കുമ്പോൾ ഭയങ്കരമായ മഴയും കൊടുങ്കാററും വൈദ്യുതക്ഷോഭങ്ങളും ഭൂകമ്പങ്ങളും സാധാരണയായി ഉണ്ടാകാറുണ്ട്. ജപ്പാനിൽ അഗ്നിപൎവ്വതങ്ങളും ഭൂകമ്പങ്ങളും വരുത്തുന്ന കഷ്ടനഷ്ടങ്ങൾക്കു കൈയുംകണക്കുമില്ല. ഭൂകമ്പങ്ങൾ ഉണ്ടാകുന്നതു് അഗ്നിപൎവതങ്ങൾമാത്രം മൂലമാണെന്നു ധരിക്കരുതു്. ബീഹാർ ഭൂകമ്പങ്ങൾക്കു അഗ്നിപൎവതങ്ങളുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. അടുത്തകാലത്തുണ്ടായിട്ടുള്ള അഗ്നിപൎവതക്ഷോഭങ്ങളിൽ മുഖ്യമായിട്ടുള്ളതു 1883 ആഗസ്റ്റ് മാസത്തിലെ ക്രാക്കറേറാവ ക്ഷോഭമാകുന്നു. അന്നു നാല്പതിനായിരം ജനങ്ങളും അനവധി ഗ്രാമങ്ങളും നശിച്ചുപോയി. അഗ്നിപൎവതത്തിൽ നിന്നുത്ഭവിച്ച ധൂമം പതിനേഴുമൈൽ ഉയൎന്നുവത്രെ. സമുദ്രത്തിൽ അതിഭയങ്കരമായ തിരമാലകളുണ്ടായി. മുപ്പതു മുതൽ അമ്പതു ടൺവരെ ഘനമുള്ള പാറക്കഷണങ്ങൾ രണ്ടും മൂന്നും മൈൽ അകലെ ചെന്നുവീണു. അടുത്തകാലത്തു ക്രാക്കറേറാവ പൎവതം ക്ഷോഭിച്ചപ്പോൾ, "മെട്രോഗോൾഡ്വിൻ മേയർകമ്പനി"ക്കാർ അതു ചലന ചിത്രത്തിലെടുത്തിട്ടുണ്ട്. 1902 മേമാസത്തിൽ വെസ്റ്റ്ഇൻഡീസിൽ പീലി, സൂഫ്രീർ എന്നീ രണ്ടു പൎവ്വതങ്ങൾ ഭയങ്കരമായി ക്ഷോഭിക്കുകയുണ്ടായി.

ഇന്നു ഭൂമിയിൽ ശക്തിയുള്ള അഗ്നിപൎവതങ്ങൾ ആകെ മുന്നൂറോളമുണ്ട്. ലിപ്പാരി, സെൻറ്ഹെലിന, അസെൻഷൻ, കാനറീസ്, ഐസ്ലാൻഡ്, ആസോർസ്, വെസ്റ്റ്ഇൻഡീസ്, മെക്സിക്കൊ, അമേരിക്ക, കാംചാററ്കാ, കുറൈൽ, ജാപ്പാൻ, ഫിലിപ്പയിൻസ്, ന്യൂഗിനിയ, സോളോമൺ, ന്യൂസിലാൻഡ്, ബാല്ലെനി, ഹാവൈ, മഡഗാസ്ക്കർ, ജാവ, സുമാട്ര, സുൺഡ, മോറീഷ്യസ് മുതലായ സ്ഥലങ്ങളിലാണ് ഇവ സ്ഥിതിചെയ്യുന്നതു്.

ഇന്ത്യയിൽ ശക്തിയുള്ള അഗ്നിപൎവതങ്ങൾ ഒന്നുംതന്നെയില്ല. പുരാതനകാലങ്ങളിൽ തെക്കെ ഇന്ത്യ മുഴവൻ ഒരു വലിയ അഗ്നിപൎവത

മായിരുന്നുവെന്നും ആ അഗ്നിപർവതമാണ് ഇന്നത്തെ ഡക്കാൺ പീഠഭൂമിയെ സൃഷ്ടിച്ചതെന്നുമാണ് ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. രാജമഹേന്ദ്രിയ്ക്കു് സമീപമുള്ള കോവ്വൂർ നിന്ന് എട്ടുമൈൽ അകലെയുള്ള പാങ്കുടിയിൽ ശിലാദ്രാവകപ്രവാഹങ്ങളുടെ അവശിഷ്ടങ്ങളെ ലേഖകൻ കണ്ടിട്ടുണ്ട്. ഇന്നത്തെ അഗ്നിപർവതങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്നത് ആൻഡമാൻസ് ദ്വീപുകളുടെ കിഴക്കുഭാഗത്തുള്ള ബാരൻ ഐലാൻഡ് പൎവ്വതമാകുന്നു. 1789, 1795, 1803 എന്നീ വൎഷങ്ങളിൽ ഈ പർവതം ക്ഷോഭിച്ചിട്ടുള്ളതായി ചരിത്രരേഖകളുണ്ട്. 1795-ലെ ക്ഷോഭം കണ്ടതായി ക്യാപ്ടൻബ്ളയർ വൎണ്ണിച്ചു കാണുന്നുണ്ട്. രണ്ടാമത്തെ അഗ്നിപൎവ്വതം ബാരൻ ഐലാൻറിനു സമീപമുള്ള നാർക്കൊണ്ടയാകുന്നു. ബൎമ്മയിലെ യെനാങ്യാങ് പെട്രോളിയ ഖനികളിൽനിന്നു അൻപതുമൈൽ അകലെ സ്ഥിതിചെയ്യുന്ന പൂപ്പയാകുന്നു മൂന്നാമത്തേതു്. ബൎമ്മയിൽത്തന്നെ മോമീന്ന് സമീപമായി ഹാഷപൻഷാൻ എന്നുപേരായി നാലാമതൊരു അഗ്നിപൎവ്വതമുണ്ട്. അഞ്ചാമത്തെ അഗ്നിപർവതം ബലൂചിസ്ഥാനിൽ നഷ്ക്കി മരുഭൂമിയിലുള്ള കോഹിസുൽട്ടാനാകുന്നു. ഈ അഗ്നിപൎവ്വതങ്ങളെല്ലാം ഇപ്പോൾ നിർജ്ജീവങ്ങളായി കിടക്കുന്നതേയുള്ളൂ. ബുൽഡാനാ ജില്ലയിലെ ലോനാർ തടാകത്തെ സൃഷ്ടിച്ചതു് ഒരു അഗ്നി പർവതമാണത്രെ.

---

നിർജീവങ്ങളായിക്കിടക്കുന്ന പല അഗ്നിപർവതങ്ങളുടേയും ദ്വാരങ്ങൾതടാകങ്ങളായി പരിണമിക്കാറുണ്ട്. ബോംബെയിലെ ചെറിയ തടാകങ്ങളും ലോനാർ തടാകവും ഇപ്രകാരമുണ്ടായിട്ടുള്ളവയാണ്. ഇററലിയെ മനോഹരമാക്കുന്ന ആൽബാനോ, നേമി, ബോൾസേന, ബ്രക്ഷിയാനൊ, അവേർണസ്, എസാറോ മുതലായ തടാകങ്ങളുടെ ഉത്ഭവവും ഇങ്ങിനെതന്നെയാണ്.

ഉഷ്ണജലഉറവുകളെ സൃഷ്ടിക്കുന്നതും നിർജ്ജീവങ്ങളായ അഗ്നിപൎവ്വതങ്ങളാണ്. ഈ ഉറവുകളിൽ നിന്നു തിളച്ച വെള്ളവും നീരാവിയും ബഹിൎഗ്ഗമിക്കുന്നു. അമേരിക്കയിലെ യല്ലൊസ്റ്റോൺ നാഷണൽ പാൎക്കിലെ ചൂടുള്ള ഉറവുകൾ സുപ്രസിദ്ധങ്ങളാണല്ലൊ. ന്യൂസിലാൻഡ്, അലാസ്ക, ഐസ്ലാൻഡ്, ടിബററ്, ക്യാലിഫോർണിയ മുതലായ രാജ്യങ്ങളിലും ഇത്തരം ഉറവുകളുണ്ട്. ഇന്ത്യയിൽ ഗംഗോത്തരിയിലും കാരക്പൂർകുന്നുകളിലും ചൂടുള്ള ഉറവുകളുണ്ട്. മോംഘീറിന്നു സമീപമുള്ള സീതാകുണ്ഡം സുപ്രസിദ്ധമായ ഒരു ഉറവാകുന്നു. കുളുവിലെ ചൂടുള്ള ഉറവുകളിൽ ജനങ്ങൾ ഭക്ഷണം പാകംചെയ്യാറുണ്ടത്രെ.

ചില സ്ഥലങ്ങളിൽനിർജ്ജീവങ്ങളായ അഗ്നിപർവതങ്ങളിൽനിന്ന് അംഗാരാമ്ലവും ഗന്ധകബാഷ്പവും പുറപ്പെട്ടുകൊണ്ടിരിക്കും. ഇങ്ങിനെ ഗന്ധകബാഷ്പം പുറപ്പെടുന്ന സ്ഥലങ്ങളിൽ നിന്നു ധാരാളം ഗന്ധകം കിട്ടിവരുന്നുണ്ട്. ജാവയിൽ ടാങ്കുബാൻ അഗ്നിപർവതത്തിന്നു സമീപമുള്ള ഗ്രുവ്ഉപാസ് താഴ്വരയിൽ അംഗാരാമ്ലപ്രവാഹങ്ങളുള്ളതിനാൽ ജീവജന്തുക്കൾക്ക് അവിടെ പ്രവേശിക്കുവാൻ നിവൃത്തിയില്ലാതായിട്ടുണ്ട്. യഥാർത്ഥകാരണം മനസ്സിലാക്കാത്തതിനാൽ, ഇതേസംബന്ധിച്ചു ജാവാ നിവാസികളുടെ ഇടയിൽ നിരവധി അന്ധവിശ്വാസങ്ങളുണ്ട്.

അഗ്നിപർവതങ്ങൾ ഉണ്ടാകുന്നതിനെ സംബന്ധിച്ചും അവയിലെ അത്യുഷ്ണത്തെ സംബന്ധിച്ചും പല വാദപ്രതിവാദങ്ങളുമുണ്ടായിട്ടുണ്ട്. ഈ വിഷയങ്ങളെക്കുറിച്ചു വിപുലമായി പിന്നീടൊരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം.

# മൃഗാവലോകനം.

(കെ. സുകുമാരൻ ബി. ഏ.)

## 46. മുയൽക്കഴുത്തൻമാൻ (Gazelle)

വളരെജാതി മുയൽക്കഴുത്തൻമാനുകൾ ഉണ്ട്. അവയൊക്കെ മെലിഞ്ഞു ഭംഗിയുള്ള ചെറുജന്തുക്കളാണ്. മിക്കവാറും ജന്തുക്കൾ നിവസിക്കുന്നതു് ആസ്യാ ആഫ്രിക്കാ മുതലായ ഭൂഖണ്ഡങ്ങളുടെ മരുഭൂമികളിലാണ്.

മുയൽക്കഴുത്തൻമാൻ ഓരോരോ കൂട്ടമായിട്ടാണു തെണ്ടുന്നതു്. ഭയപ്പെട്ടാൽ അവററയുടെ നീണ്ടുമെലിഞ്ഞ കാലുകൾ വളരെ ഉപകരിക്കപ്പെടുന്നവയാണെന്നു തെളിയും. അവററയുടെ ചെറിയ കുളമ്പുകൾ നിലം സ്പർശിക്കുന്നുണ്ടോ എന്നു സംശയിച്ചുപോകത്തക്ക വേഗതയിൽ ഇവററ മണൽപ്രദേശങ്ങളിൽക്കൂടെ ഓടിക്കളയും. ഒരിക്കൽ ഒരു കുതികുതിച്ചുപോയാൽ സിംഹത്തിന്നാകട്ടെ പുള്ളിപ്പുലിക്കാകട്ടെ ഇവററയെ ഓടിപ്പിടിക്കാൻ സാധിക്കുകയില്ല.

സ്വാഭാവികമായി ഭീരുവും ഒഴിഞ്ഞുപോകുന്നവനുമാണെങ്കിലും ഈ ചെറുജന്തുക്കൾ ആത്മരക്ഷ അത്യാവശ്യമെന്നു കാണുമ്പോൾ തള്ളകളേ

യും കുട്ടികളേയും മദ്ധ്യത്തിലാക്കി, തന്തകൾ തലയും താഴ്ത്തി കൂൎത്ത കൊമ്പുകൾകൊണ്ട് എതിൎത്തുവരുന്ന ശത്രുക്കളെ കുത്തുവാൻ സന്നദ്ധന്മാരായി ചുററും നില്ക്കുന്നു.

മുയൽക്കഴുത്തൻമാനിൻെറ കുട്ടികളെ സാധാരണ പിടിച്ചു മെരുക്കാറുണ്ട്. ഓമനകളായി വളൎത്തുവാൻ ഇവററ ഒന്നാന്തരം ജന്തുക്കളാണ്. ഇവൻ കാഴ്ചയ്ക്കു കാന്തിമാനും സ്വഭാവത്തിൽ ശാന്തനുമാണെന്നു മാത്രമല്ല യജമാനസ്നേഹം വളരെയുള്ളവനുമാണ്.

ചാടൻമാൻ (Springbuck) എന്ന പേരായ ഭംഗിയുള്ള ഒരുതരം ശിന്നന്മാരായ മുയൽക്കഴുത്തൻ മാനുകൾ തെക്കെ ആഫ്രിക്കയിലെ കാലഹരി മരുഭൂമിയിൽ നിവസിക്കുന്നുണ്ട്. ചാടൻമാൻ എന്ന് ഇവററക്കു പേർ വന്നതു നിലത്തിൽക്കൂടെ ഓടിപ്പോകുമ്പോൾ ഓരോരിക്കിൽ പെട്ടെന്ന് ഉയരത്തിൽ ചാടുന്ന അത്ഭുതസമ്പ്രദായംകൊണ്ടാണ്.

ചാടൻമാനുകൾ ശാന്തന്മാരായും തൃപ്തന്മാരായും ഇഷ്ടപ്പെട്ട ഒരു മേച്ചിൽസ്ഥലത്തു വളരെക്കാലത്തോളം പാൎത്തുകൊള്ളും. എന്നാതിൽപിന്നെ പെട്ടെന്നു, കാരണമെന്തെന്നു കണ്ടുപിടിക്കാൻ സാധിക്കാത്തവിധത്തിൽ ഇവററയൊക്കെ ഒന്നിച്ചുചേൎന്നു, സമുദ്രം ലാക്കാക്കി. മറെറാരു പ്രദേശത്തേക്ക് ഒരു ദീൎഘയാത്രചെയ്യും. സംഖ്യയില്ലാത്ത ഈ നിൎദ്ദോഷികളായ സാധുമൃഗങ്ങൾ സമുദ്രതീരത്തിൽ എത്തിയാൽ പള്ളനിറയെ സമുദ്രവെള്ളവും കുടിച്ചു, അവിടത്തന്നെ കിടന്നു മരിച്ചുപോകുന്നു. ഡോക്ടർ ലിവിങ്സ്ടൻ എന്ന ലോകസഞ്ചാരിയും മററുള്ള പുരാണസഞ്ചാരികളും അനേകായിരങ്ങളായി ഒരുദിക്കിൽനിന്നു മറെറാരുദിക്കിലേക്കു സഞ്ചരിക്കുന്ന ചാടൻ മാനുകളേകണ്ടിട്ടുണ്ട്. എന്നാൽ അങ്ങനെ ഒരു കാഴ്ച ഈ കാലത്ത് ആരും കാണുമെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ തോലിന്നുവേണ്ടി അഴകുള്ള ഈ നിൎദ്ദോഷികളായ ചെറുമൃഗങ്ങളെ സംഖ്യയില്ലാതെ വെടിവച്ചുകൊല്ലുന്നുണ്ട്. ഈ മാതിരി ഇടവിടാതെയുള്ള നിധനംകൊണ്ട് ചിലേടങ്ങളിൽ ഇവററ നിശ്ശേഷം ഒടുങ്ങിപ്പോയിട്ടുണ്ട്.

നായാട്ടിന്നുവേണ്ടി ആഫ്രിക്കാരാജ്യത്തിൽ പ്രവേശിച്ച ഒരു സഞ്ചാരി, ദേശാടനം ചെയ്യുന്ന ഒരു വലിയക്കൂട്ടം ചാടൻമാനുകളെപ്പററി താഴെ പറയുംപ്രകാരം എഴുതിയിരിക്കുന്നു.

"പുലരാൻ അഞ്ചാറുനാഴിക ഉള്ളപ്പോൾതന്നെ ആൺമാനുകളുടെ ശബ്ദംകൊണ്ട് ഞാൻ ഉറക്കത്തിൽനിന്നു ഞെട്ടി. യാതൊരുശബ്ദവുമുണ്ടാക്കാതെ എൻെറ വണ്ടിയിൽ സ്വസ്ഥനായിക്കിടന്നു ചെവിടോൎമ്മിച്ചപ്പോൾ

രാത്രിസമയത്ത് ഒരു വലിയക്കൂട്ടം ചാടൻമാനുകൾ സമീപത്തെത്തി ഞങ്ങളുടെ ക്യാമ്പിന്നടുത്തുവന്നുമേയുന്നുണ്ടെന്നു മനസ്സിലായി. വെളിയിലിറങ്ങിവന്നു, വല്ലതും കാണ്മാൻ പാട്ടുള്ളേടത്തോളം വെളിച്ചം പ്രകാശിച്ചപ്പോൾ, ഞാൻ മെല്ലെ വണ്ടിയുടെ മറയും അകററി എത്തിനോക്കി. ഞാൻ കണ്ട കാഴ്ച വളരെ അത്ഭുതകരമായ ഒന്നുതന്നെയായിരുന്നു. കണ്ണെത്തുംവരെയുള്ള രാജ്യം മുഴുവനും ചാടൻമാനുകളെക്കൊണ്ടു നിറഞ്ഞിരുന്നു. ഒരു വലിയ നദിയുടെ ഒഴുക്കുപോലെ എല്ലാക്കൂട്ടരും ഒരു പ്രത്യേക ദിക്ക് അഭിമുഖമാക്കി മന്ദമന്ദം നടന്നിരുന്നു.”

## 47. കാട്ടുപോത്ത് (Buffalo)

കാട്ടുപോത്തുകളിൽവെച്ചു ഏററവും വലിയവനും ഭയങ്കരനും ആഫ്രിക്കയിലെ കാട്ടുപോത്താകുന്നു. ദേഹത്തിന്നു വളരെ വണ്ണവും ശക്തിയും ഉണ്ട്. ഇതിൻെറ നീണ്ടുവളഞ്ഞു, കട തടിച്ച ഭയങ്കരകൊമ്പുകൾ രണ്ടും നെററിമേൽ വന്നു ചേർന്നുനില്ക്കുന്നതുകൊണ്ടു നെററിക്ക് ഒരു ഇരിമ്പു കവചം പണിതുവെച്ചപോലെ തോന്നും. അതുകൊണ്ടു ക്രൂരന്മാരായ മാംസഭോജിമൃഗങ്ങളുടെ പല്ലുകൊണ്ടും നഖംകൊണ്ടും ആ ഭാഗം പൊളിക്കുവാൻ സാധിക്കുന്നതല്ല. ചില സമയത്തു നായാട്ടുകാരുടെ തോക്കിൻെറ ഉണ്ടക്കൂടി അവിടെ തട്ടിയാൽ തെറിച്ചുപോകും.

കാട്ടുപോത്ത് ആഫ്രിക്കയിലെ വിസ്തൃതമായ കാട്ടുമൈതാനത്തിൽകൂടെ ഓരോ വലിയ കൂട്ടമായി മേഞ്ഞുനടക്കുന്നു. ശിക്കാറുകാർ ഇവററയെ വെടിവെച്ചു കൊല്ലുന്തോറും സീമയില്ലാതെ കൊന്നുകളയുന്നതുകൊണ്ടു പണ്ടത്തേപ്പോലെ സുലഭമായി ഈ കാലങ്ങളിൽ ഇവററയെ കാണുന്നില്ല. പണ്ടു ഓരോക്കൂട്ടത്തിൽ ഇരുന്നൂറു ജന്തുക്കളെ കാണുന്നതു സാധാരണയാണ്.

കാട്ടുപോത്തിൻെറ എണ്ണംപറഞ്ഞ ശത്രു സിംഹമാണ്. സിംഹം ഈ ഭയങ്കരനെ പരാജിതനാക്കുന്നതു പെട്ടെന്ന് ഇവൻെറ പരന്ന പുറത്തു ചാടിവീണു ആ ഭാഗം കടിച്ചുപൊളിച്ചിട്ടാണ്. ആ സമയത്ത് പോത്തിന്ന് അവൻെറ ശക്തിയൊ കൊമ്പൊ ഉപയോഗിക്കാൻ സാധിക്കുകയില്ല. എന്നാൽ ഈ കാര്യം കാട്ടുപോത്തിന്നു നല്ല നിശ്ചയമുള്ളതുകൊണ്ട് അവൻ വളരെ കരുതിക്കൊണ്ടെ നടക്കുകയുള്ളു. അറിയാതെ അബദ്ധത്തിൽ ചാടിപ്പോയില്ലെന്നുവരുകിൽ കാട്ടുപോത്തു മൃഗരാജാവായ സിംഹത്തിനെത്തന്നെ എതൃത്തു തൻെറ ഭയങ്കരകൊമ്പുകൾകൊണ്ടു ശത്രുവെ തട്ടിത്തെറിപ്പിച്ചുകളയുന്നു.

ചിലസമയത്ത് ഒരുക്കൂട്ടം കാട്ടുപോത്തു മേയുന്നതുകണ്ടാൽ സിംഹം അതിനെ ചുററിനടന്നു കൊമ്പുമുളക്കാത്ത കുട്ടിക്കാട്ടുപോത്തിനെ പിടിപ്പാൻ ഒരു തരവും കാത്തുനില്ക്കും. എന്നാൽ തള്ളമാർ കുട്ടികളെ കൂട്ടത്തിന്റെ നടുവിൽ നിത്തി, രാത്രിമുഴവനും അവററയെ ചുററിനിന്നു പരിപാലിച്ചുപോരുന്നു. നേരം പുലൎന്നാൽ കാൎയ്യം സാധിക്കാതെപോയ സിംഹം ആഹാരമില്ലാതെ അപജയം പ്രാപിച്ചു തന്റെ ഗുഹയിലേക്ക് ഉറങ്ങാൻ പോകേണ്ടിവരുന്നു.

ആഫ്രിക്കയിലെ കാട്ടുപോത്തു ഇണക്കമില്ലാത്ത ഭയങ്കരസ്വഭാവിയാകകൊണ്ട് അതിനെ മെരുക്കാൻ സാധിക്കുകയില്ല. എന്നാൽ ഇൻഡ്യാരാജ്യത്തു വളരെ പോത്തുകളെ മെരുക്കി വളൎത്തുന്നുണ്ട്. എരുമകളെ പാലിന്നു വേണ്ടിയും പോത്തുകളെ പൂട്ടാനും വണ്ടിവലിക്കാനും ഉപയോഗിക്കുന്നു. ഇതുകൂടാതെ വലിയ ചുമട്ടും പേറി പോത്തു നിരത്തിന്മേൽക്കൂടെ അടിതെററാതെ മന്ദമായി നടന്നുകൊള്ളും. എന്നാൽ പോകുന്ന വഴിക്കു വല്ല ഏറിയൊ നദിയൊ കണ്ടാൽ വെള്ളത്തിലേക്കു കുതിച്ചു ചാടാനും അതിൽ കിടക്കാനും ശ്രമിക്കാതിരിക്കില്ല. അതുകൊണ്ടു വെള്ളംകൊണ്ടു നനഞ്ഞുപോയാൽ കേടുവരുന്ന യാതൊരുസാധനവും ചുമടായി ഇവററയുടെ പുറത്തു കെട്ടിക്കൊടുക്കാറില്ല.

# ന്യായപ്രകാശിക.

(വിദ്വാൻ വൈ. നാരായണയ്യർ)

## 86. അജകൃപാണന്യായം.

ആട്ടും വാളും എന്നതുപോലെ. സാധുപ്രകൃതികളായ ആടുകളെ മനുഷ്യർ വളൎത്തുന്നു. അവ നിൎഭയമായും നിശ്ശങ്കമായും നമ്മോടു വിഹരിക്കുന്നു. എന്നാൽ കാരുണ്യലേശമില്ലാതെ നാം അവയുടെ കഴുത്തിൽ കത്തിവയ്ക്കുന്നു. കൃപാണവുമേന്തിക്കൊണ്ടു കൃപാശൂന്യന്മാരായ് നാം വിളിക്കുമ്പോഴും അവ ആപത്തിനെശങ്കിക്കാതെ അടുക്കൽ വരുന്നു; നാം ഗളച്ഛേദം ചെയ്യുന്നു. രക്ഷാകൎത്തൃസ്ഥാനത്തുനിന്നും അനന്യശരണരായ ഭരണീയൎക്കു ആകസ്മികമായും എന്നാൽ അധികാരസ്ഥാനങ്ങൾ അറിഞ്ഞും ഉണ്ടാകുന്ന വിപത്തിനെ ഈ ന്യായംകൊണ്ടു വ്യവഹരിക്കും.

## 87. അന്ധദർപ്പണന്യായം.

കുരുടനും കണ്ണാടിയും എന്നാർത്ഥം. കണ്ണാടി മുഖം കാണുവാനുള്ള ഒരു ഉപകരണമാണ്. കാഴ്ചയുള്ളവനെ കണ്ണാടികാണിച്ചാൽ അവൻ സ്വന്തം മുഖം നോക്കിക്കൊള്ളും. കുരുടൻെറ മുഖത്തിനെതിരെ കണ്ണാടി പിടിച്ച്, എങ്ങനെയിരിക്കുന്നു എന്നു ചോദിച്ചാൽ, കാണിച്ചതും ചോദിച്ചതും മാത്രം മിച്ചം. ഫലം പൂജ്യം. മരുഭൂമിയിൽ കൃഷിചെയ്യുക, കാക്കയെക്കുളിപ്പിച്ചു കൊക്കിൻെറ നിറം വരുത്തുക മുതലായ ഫലശൂന്യങ്ങളായ ശ്രമങ്ങളെയെല്ലാം ഈ ന്യായം സൂചിപ്പിക്കുന്നു.

## 88. അന്ധദീപന്യായം.

കുരുടനും വിളക്കും പോലെ. "ശാസ്ത്രം ഗ്രഹിച്ചതുകൊണ്ടു മതിയല്ല, ശാസ്ത്രോക്തമാചരിക്കാതെ ഫലം വരാ; അന്ധനായുള്ളവൻ ദീപം കരത്തിങ്കലേന്തി നടന്നാൽ വഴിയറിഞ്ഞീടുമോ" ഈ തുള്ളൽവരികൾ ഈ ന്യായത്തിൻെറ അർത്ഥത്തെ ഭംഗിയായി വിശദീകരിക്കുന്നുണ്ട്. ഉദാഹരണത്തിന് ഉദ്ഭിജലോകത്തേയും, സ്ഥാവരപ്രപഞ്ചത്തേയും, തിര്യഗ്ജാതികളേയും ഒഴിച്ചിട്ട് വിവേകവിശിഷ്ടമായ മനുഷ്യവർഗ്ഗത്തെ മാത്രം എടുത്താൽ മതി; അതിലും വിദ്യാവിഹീനന്മാരെത്തള്ളിക്കളയാം. ശേഷിച്ചവരെല്ലാവരും പഠിച്ചവരും പരിഷ്കാരികളും 'Gentlemen'മാരും ആണല്ലോ. അവരിൽ ഭൂരിപക്ഷക്കാരുടേയും ജ്ഞാനധനം ഈ ന്യായത്തിന് ഉദാഹരണമാകും. സത്യത്തെപ്പററി പ്രശംസിക്കുന്ന വ്യാജോപാസകന്മാർ, മദ്യവർജ്ജനപ്രസംഗം മുഴക്കുന്ന മധപാസകന്മാർ എന്നിങ്ങനെ "മനസ്യന്യം, വചസ്യന്യം, കർമ്മണ്യന്യം" എന്ന വ്രതം കൈക്കൊണ്ടവരുടെ വിജ്ഞാനം അന്ധദീപംപോലെയാണ്. "ഏട്ടിലപ്പടി പയററിലിപ്പടി" എന്നു പറഞ്ഞ ഒരു ദ്രമിഡാചാര്യൻെറ കഥ ഇതിന് മകുടദൃഷ്ടാന്തമാകയാൽ ആ കഥ ചുവടെ ചേർക്കുന്നു:—

ഗോരക്ഷാസംഘം എന്ന പേരിൽ ഇൻഡ്യയിൽ ഒരു സമാജമുണ്ട്, ജീവകാരുണ്യസഭപോലെ. "ഗോമാതാക്കൾ" എന്നാണ് അവർ പശുക്കളെ പറയുന്നത്. ഗോമാഹാത്മ്യത്തെ പ്രസംഗിക്കുക, ഗോവധം തടയുക എന്നിവയാണ് ആ പ്രചരണസംഘത്തിൻെറ കൃത്യം. അതിൽപ്പെട്ട ഒരാചാര്യനെ അപഹസിച്ചാണു പ്രസ്തുതകഥ.

ഗോക്കളെ ഹിംസിക്കരുതെന്നു സദാ പ്രസംഗിക്കുന്ന ആചാര്യൻെറ പയറുകൃഷിത്തോട്ടത്തിൽ അയൽവീട്ടുകാരൻെറ പശു കേറി പയറു നശി

പ്പിച്ചു. ആചായ്യൻ പശുവിൻെറ കാലടിച്ചോടിച്ചു. ആചായ്യൻെറ വാക്കിലും പ്രവൃത്തിയിലുമുള്ള വൈരുദ്ധ്യത്തെപ്പററി ആളുകൾ അപഹസിച്ചപ്പോൾ "ഏട്ടിലപ്പടി പയററിലിപ്പടി" എന്ന് ആചായ്യൻ മറുപടി പറഞ്ഞു. (ശാസ്ത്രഗ്രന്ഥത്തിലങ്ങനെ; പയററിനെ സംബന്ധിച്ച് ഇങ്ങനെ എന്നത്ഥം.)

## 89. അരണ്യരോദനന്യായം.

കാട്ടിൽക്കിടന്നു നിലവിളിക്കുക എന്നു പദാത്ഥം. നിജ്ജനമായ കാട്ടിൽക്കിടന്നു നിലവിളിച്ചാൽ അവിടെ സഹായത്തിന് ആളു കിട്ടുകയില്ലല്ലോ! ആ ശ്രമം വിഫലമാകുന്നു:—

"അരണ്യരുദിതം കൃതം, ശവശരീരമുദ്വത്തിതം,
സ്ഥലേഽബ്ജമവരോപിതം, സുചിരമൂഷരേവഷിതം,
ശ്വപുച്ഛമവനാമിതം, ബധിരകണ്ണജാപഃ കൃതോ,
ധൃതോഽന്ധമുഖദപ്പണോ,യദബുധോജനഃ സേവിതഃ"

കാട്ടിൽ കൂട്ടവിളിക്കുന്നതും, ശവത്തെ തട്ടിയുണത്തുന്നതും, തറയിൽ താമര നടുന്നതും, സഹാറായിൽ പേമാരി ചൊരിയുന്നതും, നായുടെ വാല് നിവത്തുന്നതും, പൊട്ടൻെറ കാതിൽ പറയുന്നതും, കുരുടനെക്കണ്ണാടി കാണിക്കുന്നതും തിരുമണ്ടന്മാരെ സേവിക്കുന്നതും നിഷ്ഫലമെന്നു സഹൃദയനായ കവി പറയുന്നു. സന്ദഭവും ഉദാഹരണവും സ്പഷ്ടവും സുലഭവും.

## 90. അശ്വതരീഗർഭന്യായം.

അശ്വതരം=കുതിരയും കഴുതയും ചേന്നു ഒരു ഇരുജാതിമൃഗം; ഗോവർ കഴുതയെന്നും പറയുന്നു. അശ്വതരിയുടെ ഗർഭം എന്നു വിഗ്രഹം അശ്വതരി പ്രസവത്തോടുകൂടി മരണം പ്രാപിക്കുമത്രെ! ഗർഭധാരണമായാൽ മരണവും സമീപിച്ചു; പ്രസവിച്ചാൽ മൃതിയും പ്രാപിച്ചു.

"സമൃത്യുമുപഗൃഹ്ണാതി
ഗർഭമശ്വതരീ യഥാ"

ആത്മത്യാഗത്തിനു ദൃഷ്ടാന്തമായി ഈ ന്യായം വ്യവഹരിക്കപ്പെടുന്നു.

## 91. അസിധാരാവ്രതന്യായം.

വാളിൻെറ മുനവശം, അസിധാര. വാളിൻെറ മുനയിൽ കൂടി നടക്കുന്നതു ദുസ്സാദ്ധ്യമായ പ്രവൃത്തിയാണല്ലോ; സാധിക്കാത്തതും അപായകരവും ആണ്.

"യുവാ യുവത്യാസാർദ്ധം യൻ
മുഗ്ദ്ധഭർതൃവദാചരേത്
അന്തർനിവൃത്തസംഗസ്യാ-
ദസിധാരാവ്രതംഹി തത്"

"യത്രൈകശയനസ്ഥാപി
പ്രമദാ നോപഭുജ്യതേ
അസിധാരാവ്രതം നാമ
വദന്തി മുനിപുംഗവാഃ"

ഇപ്രകാരം അസിധാരാവ്രതത്തെ ആചാൎയ്യന്മാർ നിൎവ്വചിക്കുന്നു. യുവതീയുവാക്കൾ വികാരത്തിനു വശംവദരാകാതെ ഒരുമിച്ചു താമസിക്കുന്ന ഒരു വ്രതമത്രേ ഇത്. യോഗസാധനയിൽ കാമജയം പരീക്ഷിക്കുന്ന ഒരു തപസ്സുമാണ്. ശ്രീരാമകൃഷ്ണപരമഹംസദേവൻെറ യോഗാചാൎയ്യയായ ഒരു മഹതി, പരമഹംസരുടെ ദിഗംബരതപസ്സുകാലത്തു നവയൌവ്വനയുക്തയായ ഒരു നഗ്നകാമിനിയെ ഉത്സംഗത്തിൽക്കൊണ്ടിരുത്തി വിജനസാധന ചെയ്യിച്ചിട്ടുണ്ട്. നമ്മുടെ ദൃഷ്ടിക്ക് അസിധാരാവ്രതം അസാദ്ധ്യം തന്നെ. അതിനാൽ അത്യന്തം ശ്രമസാദ്ധ്യമായ പ്രവൃത്തി എന്നതിനു പൎയ്യായമായി ഈ ന്യായം പ്രയോഗിക്കപ്പെടുന്നു.

"ക്ഷുരസ്യധാരാ നിശിതാദുരത്യയാ
ദുൎഗ്ഗം പഥസ്തത് കവയോവദന്തി"

എന്ന് ഉപനിഷദ്വാക്യം.

"അസിധാരാവ്രതമിദം സഖേ! യദരിണാ സഹ സം വാസഃ" (ശത്രുക്കളോടൊന്നിച്ചു പാൎക്കുന്നതു് അസിധാരാവ്രതമാകുന്നു.)

92. ആമ്രവനന്യായം.

ഒരു തോട്ടത്തിൽ ധാരാളം മാവു (വൃക്ഷങ്ങൾ) കളും ഏതാനും മറവുമരങ്ങളും ഉണ്ടെന്നിരിക്കട്ടെ. പ്രാധാന്യം വിവക്ഷിച്ച് അതിനെ മാന്തോപ്പ് എന്നു പറയാറുണ്ട്. കേരവൃക്ഷത്തിൻെറ ആധിക്യത്തിൽനിന്നും നമ്മുടെ നാട്ടിനു കേരളമെന്ന അന്വൎത്ഥസംജ്ഞയുണ്ടായതും ഈ ന്യായപ്രകാരമെന്നു പറയാം. സ്കൂളുകളെ ആൺപള്ളിക്കൂടമെന്നും പെൺപള്ളിക്കൂടമെന്നും രണ്ടായി വകതിരിച്ചിട്ടുണ്ട്; അവയിൽ ഇനം മാറി കുട്ടികൾ കണ്ടുവെന്നും വരാം; രജിസ്റ്റർ സംഖ്യയുടെ ഭൂരിപക്ഷം ഇനം അനുസരിച്ച് അവയെ അതാതു പേരുകൊണ്ടു വ്യവഹരിക്കുന്നു. ന്യായസന്ദർഭം സ്പഷ്ടം.

# പാഠശാലകളിലെ അദ്ധ്യയനസമയം.

(ബി. സുബ്രഹ്മണ്യയ്യർ)

നമ്മുടെ വിദ്യാലയങ്ങളിലെ അദ്ധ്യയനസമയം പകലിന്റെ തലയും വാലും ചെത്തിക്കളഞ്ഞുള്ള ഒരു പകുതി മാത്രമാണല്ലൊ. ഇതുതന്നെ അക്ഷരാഭ്യാസം ചെയ്യുന്ന അഞ്ചു വയസ്സുള്ള ചെറുകുട്ടി മുതൽ ഇരുപതോളം വയസ്സുവരുന്ന യുവാവുവരെ ഉള്ളവൎക്കു ഒന്നുപോലെ വിധിക്കപ്പെട്ടിട്ടുള്ളതുമാണു്. കേൾക്കുന്ന മാത്രയിൽത്തന്നെ ഇതിലെ ആക്ഷേപഭാഗം ആൎക്കും ബോദ്ധ്യമാവും. മാതാവിൽനിന്നു് അധികനേരം പിരിഞ്ഞിരിക്കാൻ കെല്പില്ലാത്ത ചെറുപൈതങ്ങൾക്കും ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്യുന്ന മുതിൎന്ന യുവാക്കന്മാൎക്കും അദ്ധ്യയനസമയം ഒന്നുപോലെ നിശ്ചയിച്ചതിൽ അല്ലാ ഈ അയോഗ്യമായ ഏൎപ്പാടിനെ മററനേകം കാൎയ്യങ്ങളിൽ പ്രവൎത്തിക്കുന്നതിനോടൊപ്പം പരിഷ്കരിക്കാതെ അതേനിലയിൽ തുടൎന്നുപോകുന്നതിലാണു് അത്ഭുതം തോന്നുന്നതു്. ഇപ്പോഴത്തെ ഡയറക്ടർ അവർകൾ ഇതിനെ മനസ്സിലാക്കി അദ്ധ്യയനസമയത്തെ യഥായോഗ്യം പരിഷ്കരിക്കേണ്ടതാണെന്നു് അഭിപ്രായപ്പെട്ടിട്ടുള്ളതിൽ അദ്ദേഹം ഈ നാട്ടുകാരുടെ ഹൃദയംഗമമായ അഭിനന്ദനത്തിനു തികച്ചും അൎഹനാണെന്നുള്ളതിനു സംശയമില്ല.

ഇളംപൈതലുകളെ സംബന്ധിച്ചു മാത്രം പറകയാണെങ്കിൽ നാലു മണിക്കൂറിനുമേൽ അവരെ ഒരിടത്തു ബന്ധനത്തിലാക്കി വയ്ക്കുന്ന ഏൎപ്പാടു് അപരിഷ്കൃതവും കേവലം പാപഹേതുകവും ആകുന്നു. മുഷിവിനു് ഇടം കൊടുക്കാതെ ഇടയ്ക്കിടെ ഡ്രിൽ, ഡ്രായിംഗ് മുതലായ വിഷയങ്ങളും മററും ഉണ്ടെന്നൊക്കെ സമാധാനം പറയാമെന്നേ ഉള്ളു. കുട്ടികൾ ഇന്നു് ആറുമണിക്കൂർ സമയം പാഠശാലകളിൽ കഴിച്ചുകൂട്ടുന്നതു വാസ്തവത്തിൽ ഒട്ടും സന്തോഷത്തോടെ അല്ല. ഈ ഒരു കാരണത്താൽ മാത്രം തന്നെ പ്രാഥമികപാഠശാലകളിലെ അദ്ധ്യയനസമയത്തിൽ ഒരു ഭേദഗതി ചെയ്യേണ്ടതാണെന്നു് ആരും നിസ്സംശയം അഭിപ്രായപ്പെടും. പ്രായേണ നിൎദ്ധനരുടെ കുട്ടികൾ ഇക്കൂട്ടത്തിൽ അധികം ഉണ്ടായിരിക്കും. അവരെല്ലാം ഉച്ചപ്പട്ടിണിക്കാരുമാണു്. വിദ്യാഭ്യാസം മാനസികമായ ഒരു ജോലി ആയതിനാലും, മനസ്സും ശരീരവും പരസ്പരാശ്രിതങ്ങളും ഒന്നിന്റെ വാട്ടം മററതിനേയും ഏറെക്കുറെ ബാധിക്കുന്നതും ആകകൊണ്ടും, താണ ക്ലാസിലെ എന്നല്ല; എല്ലാ ക്ലാസിലേയും ഉച്ചപ്പട്ടിണിക്കാരെ സംബന്ധിച്ചിടത്തോളം

ഉച്ചവിശ്രമസമയത്തിനു ശേഷമുള്ള പഠിത്തം നിഷ്പ്രയോജകീഭവിക്കുന്നു വെന്നുതന്നെ പറയാം.

വിദ്യാർത്ഥികളുടെ ഉച്ചപ്പട്ടിണിക്കു് എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. എന്തെന്നാൽ ഇതു തിരുവിതാംകൂറിന്റെ ആരോഗ്യത്തേയും തന്മൂലം ഐശ്വര്യത്തേയും ബാധിക്കുന്ന ഒരു കാര്യമാണു്. നിർധനരുടെ കുഞ്ഞുങ്ങൾക്കു് ആഹാരം, വസ്ത്രം, പാഠപുസ്തകങ്ങൾ, ഫീസുസൗജന്യം മുതലായവ നൽകി അവരെ സഹായിക്കേണ്ടതു ഗവമ്മേൻറിന്റെ കത്തവ്യമാണെങ്കിലും ഇതു വളരെ ചെലവുള്ള ഒരു സംഗതിയാകയാൽ തൽക്കാലം പ്രായോഗികമാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. എന്നാൽ അദ്ധ്യയനസമയത്തെ ഭേദപ്പെടുത്തുന്നതുകൊണ്ടു ഗവമ്മേൻറിനു നഷ്ടമൊ കാര്യക്ഷമതയ്ക്കു ഹാനിയൊ ഉണ്ടാകാതെ കുട്ടികളുടെ ആരോഗ്യത്തെ സംരക്ഷിക്കാൻ കഴിയുന്നതാണു്; അഥവാ ഉച്ചപ്പട്ടിണിയെ ഇല്ലാതാക്കാൻ സാധിക്കുന്നതാണു്.

ഇപ്പോഴത്തെ ഏപ്പാടുകൊണ്ടുണ്ടാകുന്ന മറ്റൊരു ദോഷം ഉച്ചഭക്ഷണത്തിനുശേഷം കുട്ടികൾക്കു കുറേസമയം വിശ്രമത്തിനുകിട്ടാതെ ഉത്തരക്ഷണത്തിൽതന്നെ അവർ വേലയിൽ ഏർപ്പെടേണ്ടിവരുന്നു എന്നുള്ളതാണു്. ഉച്ചയ്ക്കുമേലുള്ള ഒന്നാംപീരിയേഡിൽ കുട്ടികളിൽ ഉറക്കം, മയക്കം, മാന്ദ്യം, ക്ഷീണം ഇവ കാണപ്പെടുന്നതു സാധാരണയാകുന്നു. ആ സമയം യഥാർത്ഥവിശ്രമം ലഭിക്കാത്തതു് ആണു് അതിനുള്ള കാരണം. ഭക്ഷണം കഴിഞ്ഞ ഉടൻ ചെയ്യുന്ന അദ്ധ്യാപകശ്രമം മിക്കവാറും പ്രയോജനപ്പെടാതാകുന്നു. അതുകൊണ്ടു വയോഭേദം ഗണിക്കാതെ എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകന്മാർക്കും ഉച്ചഭക്ഷണാനന്തരം കുറേസമയം വിശ്രമാർത്ഥം ലഭിക്കേണ്ടതാണു്.

ഇപ്പോഴത്തെ വിദ്യാഭ്യാസരീതിക്കു സംസ്കാരപരമായ പല മഹിമകളും ഉണ്ടെന്നിരുന്നാലും അതു തൊഴിലില്ലായ്മയെ വർദ്ധിപ്പിക്കുന്നതല്ലാതെ നിരോധിക്കുന്നില്ലെന്നു് അഭ്യസ്തവിദ്യരുടെ ഇടയിലെ സാവത്രികമായ തൊഴിലില്ലായ്മ തെളിയിക്കുന്നു. നവീനവിദ്യാഭ്യാസം വളന്നുവന്നതോടുകൂടി യുവാക്കന്മാർ നാട്ടിനും വീട്ടിനും കൊള്ളാതായി തീന്നിട്ടുണ്ടു് എന്നും അതിനാൽ വിദ്യാഭ്യാസരീതിയെ പരിഷ്കരിക്കേണ്ടതാണെന്നും മററും അനേകം തവണ കൗൺസിൽമെമ്പറന്മാർ ഗവമ്മേൻറിനെ ഉൽബോധിപ്പിച്ചിട്ടുള്ളതും ഈ പരമാർത്ഥം ഗവമ്മേൻറിനു ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണു്. പാഠകാലഭേദഗതി തൊഴിലില്ലായ്മയെ എങ്ങനെ ബാധിക്കുന്നു എന്നു നോക്കാം. പകൽ ഉള്ള പന്ത്രണ്ടുമണിക്കൂറിൽ മദ്ധ്യഭാഗമായ ആറുമണിക്കൂർസമയം പാഠശാലയ്ക്കും രാവിലത്തെ നാലുമണിക്കൂർ പാഠശാലാകാര്യ

ങ്ങൾക്കുള്ള ഒരുക്കത്തിനും വൈകീട്ടേ രണ്ടു മണിക്കൂർ വിശ്രമം, കളി മുതലായവയ്ക്കു വേണ്ടിയും വിദ്യാർത്ഥികൾ ഇപ്പോൾ ചെലവാക്കിവരുന്നു. ഇപ്പോഴത്തെ അദ്ധ്യയനസമയക്രമം മാറുന്നതുവരെ വിദ്യാർത്ഥികൾക്കു തങ്ങളുടെ കാര്യപരിപാടി മാററാൻ സാദ്ധ്യവുമല്ല. ഇങ്ങനെയായാൽ അഞ്ചു വയസ്സുമുതൽ പതിനെട്ട്, ഇരുപതു വയസ്സുവരെ പഠിക്കുന്ന അദ്ധ്യേതാക്കൾ ഇതരതൊഴിലുകളിൽ വശത സമ്പാദിക്കുന്നതു് എങ്ങനെ? പകലിന്റെ ആദ്യത്തെ പകുതിമാത്രം പാഠശാലാകാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാൻ സൗകര്യം ഉണ്ടാക്കിക്കൊടുക്കയാണെങ്കിൽ ഏതാനും മണിക്കൂർ സമയം കുട്ടികൾക്കു് അവരവരുടെ മാതാപിതാക്കന്മാരുടെ തൊഴിലുകളിൽ പങ്കുകൊണ്ടു് അവരെ സഹായിക്കുവാനും ആ വക തൊഴിലുകളിൽ നൈപുണ്യം സമ്പാദിക്കുവാനും പ്രേമം വളരാനും ഗവമ്മേൻറുദ്യോഗം ലഭിച്ചില്ലെങ്കിലും കാലയാപനം ചെയ്തുകൊള്ളാമെന്നുള്ള വിശ്വാസം ഉണ്ടായിട്ടു്, തന്മൂലം സ്വാശ്രയശക്തി അധികപ്പെടാനും ഇടയാകുന്നതാണു്. വിദ്യാഭ്യാസത്തിന്റെ പ്രയോജനം ഈശ്വരസാക്ഷാൽക്കാരമൊ പൗരബോധമൊ സംസ്കാരസിദ്ധിയൊ എന്തുതന്നെയായാലും "ഖിന്നം പാരം വിശക്കുന്നവനുണ്ടോ അന്നമെന്നിയേ മറെറാന്നിൽ കൗതുകം" എന്നു പറയുന്നപോലെ ദാരിദ്ര്യദുർഭൂതം നൃത്തം ചെയ്യുന്ന ഇക്കാലത്തു തച്ഛാന്ത്യർത്ഥം ഉപകരിക്കുന്ന തൊഴിൽപരിചയം ഭാവിപൗരന്മാരാകേണ്ട കുഞ്ഞുങ്ങൾക്കു സിദ്ധിക്കാൻ അദ്ധ്യയനസമയഭേദഗതി അല്പമെങ്കിലും ഉപകരിക്കുമെന്നു ഗവമ്മേൻറിനു ബോദ്ധ്യമുണ്ടെങ്കിൽ ആക്കും പരാതി ഉണ്ടാവാൻ ഇടയില്ലാത്ത ആ ഏർപ്പാടു നടപ്പാക്കാൻ ഒട്ടും അമാന്തിച്ചുകൂടാത്തതാകുന്നു.

നമ്മുടെ സക്കാർ കാളേജുകളിൽ ഇതു് ആലോചനാവിഷയമായതിലും താമസിയാതെ പുതിയ രീതി നടപ്പാക്കാൻ ഇടയുള്ളതായി അറിയുന്നതിലും വളരെ സന്തോഷം ഉണ്ടു്. എന്നാൽ ശനിയാഴ്ചകൂടി സാദ്ധ്യായദിവസമാക്കി 7½ മണിമുതൽ 11½ മണിവരെയുള്ള 4 മണിക്കൂറുകൾ ആണു് അദ്ധ്യയനത്തിനു നിശ്ചയിച്ചിരിക്കുന്നതു് എന്നറിയുന്നതിൽ സ്വല്പം അഭിപ്രായഭേദം ഇല്ലെന്നും ഇല്ല. ഈ അറിവു പരമാർത്ഥമാണെങ്കിൽ പുതിയ നിർദ്ദേശപ്രകാരം ഒരു ആഴ്ചയിലെ അദ്ധ്യയനസമയം, നടപ്പിൽ ഇരിക്കുന്ന സമയത്തിൽ ഒരു മണിക്കൂർ കുറഞ്ഞുപോകുന്നു. കാളേജുകളെ സംബന്ധിച്ചിടത്തോളം ഈ കുറവു നിസ്സാരമല്ല. എന്തെന്നാൽ ഈ പുതിയ ഏർപ്പാട് അനുസരിച്ച് ഇൻറർമീഡിയഡ്, ബി. എ. എന്നീ കോഴ്സുകൾക്ക് ഏകദേശം 60-ൽ അധികം മണിക്കൂറുകൾ ആണു നഷ്ടപ്പെടുന്നതു്. ഇതു കൂടുതൽ ഗൗരവമുള്ള കാര്യമാകയാൽ ഒന്നുകൂടി ആലോചിച്ചിട്ടേ അവസാന ഉത്തരവു പാസ്സാക്കാവൂ എന്നു തൽപ്രവർത്തക

ന്മാരോട്ട വിനയപൂർവ്വം അപേക്ഷിക്കുന്നു. കാളേജുകൾക്കു ഞായറാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിൽ 7½ മുതൽ 12 വരെ എന്നാക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

മറ്റെല്ലാ പാഠശാലകളിലും കാലത്തു് 8 മണിക്കു് അദ്ധ്യയനം ആരംഭിച്ചു് 12 മണിക്കു് അവസാനിപ്പിക്കുന്നതു് അഭിലഷണീയമായിരിക്കും. ഏകദേശം ആറു മൈൽ അകലമുള്ള പ്രദേശങ്ങളിൽനിന്നും വിദ്യാർത്ഥികൾ പാഠശാലകളിൽ വരേണ്ടതായുണ്ടു്. എന്നാൽ ഇത്രയും അകലെനിന്നു പാഠശാലകളിൽ വന്നെത്തി പഠിക്കുന്ന വിദ്യാർത്ഥികളുടെ സംഖ്യ പരിമിതവും ഉള്ളവർതന്നെ പ്രൈമറി അല്ലാത്ത പാഠശാലകളിലൊ ക്ലാസ്സുകളിലൊ പഠിക്കുന്നവരും സാമാന്യം മുതിർന്നു പ്രാപ്തി സിദ്ധിച്ചവരും ആയിരിക്കാനെ ഇടയുള്ളു. വലിയ അസൗകര്യക്കാരെന്നു വിചാരിക്കപ്പെട്ടാവുന്ന ഈ ചെറുകുട്ടകൾക്കും എട്ടുമണിക്കു സ്കൂളിൽ എത്താൻ ആറുമണിയോടുകൂടി ഗൃഹങ്ങളിൽനിന്നു പുറപ്പെട്ടാൽ മതിയാകുന്നതാണു്. അതിനാൽ എട്ടുമണിക്കു സ്കൂൾ തുടങ്ങുന്ന വിഷയത്തിൽ ആക്കും ന്യായമായ പരാതിക്കു് അവകാശമില്ലാത്തതാകുന്നു.

പ്രൈമറി ഒഴിച്ചുള്ള വെർണാകുലർ വകുപ്പിലും സെക്കണ്ടറി പാഠശാലകളിലും കാളേജിനേപ്പോലെ ശനിയാഴ്ചകൂടി സ്വാദ്ധ്യായദിവസമാക്കാവുന്നതാണു്. ഓരോ ദിവസവും ഉള്ള നാലു മണിക്കൂറു സമയത്തെ 45 മിനിട്ടുവീതമുള്ള 2-ം, 40 മിനിട്ടു വീതമുള്ള 3-ം ഇങ്ങനെ 5 പീരിയഡുകളായി ഭാഗിക്കണം. അങ്ങനെയായാൽ ഇന്നു നടപ്പിലിരിക്കുന്ന ആഴ്ചയിലെ 30 പീരിയഡുകൾ ശരിക്കു ലഭിക്കുന്നതാണു്. ഇടയ്ക്കു് ഒരു ചെറുവിശ്രമത്തിനും സൗകര്യം ലഭിക്കും. ഇങ്ങനെയായാൽ പ്രൈമറിസെക്ഷനു് ആഴ്ചയിൽ 5 ദിവസവും ദിവസമൊന്നിനു 4 മണിക്കൂറുമായി ആകെ 20 മണിക്കൂറും ശേഷം പാഠശാലകൾക്കു് ആഴ്ചയിൽ ആറുദിവസവും ദിവസമൊന്നിനു 4 മണിക്കൂറും ആയി ആകെ 24 മണിക്കൂറും. കാളേജുകൾക്കു് $4\frac{1}{2} \times 6 = 27$ മണിക്കൂർ അദ്ധ്യയനസമയം സിദ്ധിക്കുന്നു. ആദ്യം പ്രസ്താവിച്ച ദോഷം നീങ്ങി വയഃക്രമം അനുസരിച്ചുള്ള അദ്ധ്യയനസമയക്രമം ആകയും ചെയ്യുന്നു.

ഇപ്രകാരം 7½മണിക്കും 8 മണിക്കും പാഠശാലകൾ തുടങ്ങി 12 മണിക്കു് അവസാനിപ്പിക്കത്തക്ക പുതിയ ഏൎപ്പാടു വിദ്യാർത്ഥിലോകത്തിനു പൊതുവെ തിരുവിതാംകൂറിലെ ജനസഞ്ചയത്തിനു വലിയ അനുഗ്രഹമായിരിക്കും. കുട്ടികളുടെ പട്ടിണി നീങ്ങി ആരോഗ്യം നന്നാവുന്നു. ഉച്ചസമയത്തെ കഠിനവെയിൽകൊണ്ടു് അന്തരീക്ഷവും തലച്ചോറും കാഞ്ഞിരിക്കുമ്പോൾ കുട്ടികൾക്കും അദ്ധ്യാപകന്മാൎക്കും വിശ്രമത്തിനു സൗകര്യം ലഭി

കുന്നു. ഇപ്പോഴത്തെ 30 പീരിയഡും, വേണ്ട ക്ലാസ്സുകൾക്കെല്ലാം ലഭിക്കുന്നതിനാലും പഠിക്കുന്നതും പഠിപ്പിക്കുന്നതും ഉച്ചയ്ക്കു മുൻപായതുകൊണ്ടും കാര്യക്ഷമത വർദ്ധിക്കുന്നു. നേരത്തെ ഉണരേണ്ട ആവശ്യം ഉണ്ടാകുന്നതിനാൽ ആ നല്ലശീലം നമ്മുടെ ആളുകൾക്കു ജനിക്കുന്നു. ആശാരിയുടെ മകൻ ആശാരിപ്പണി, കൊല്ലൻെറ മകൻ കൊല്ലപ്പണി എന്നീ ക്രമത്തിന് ഓരോ തൊഴിൽകാരുടേയും കുട്ടികൾ അതതു തൊഴിലുകളിൽ പരിചയം സമ്പാദിക്കാൻ ഇടയാകുന്നതിനാൽ ഭാവിയിൽ തൊഴിലില്ലായ്മയ്ക്കും ഗണ്യമായ ഒരു കുറവു വരുന്നതാണ്. എങ്ങനെയെല്ലാം ചിന്തിച്ചാലും ദോഷത്തിൻെറ കണികപോലുമില്ലാത്തതും അനവധി ഗുണങ്ങളെ പ്രദാനം ചെയ്യുന്നതും ആയ "അദ്ധ്യയനസമയഭേദഗതി"യെ സംബന്ധിച്ചുള്ള ഉത്തരവ് ഉടനടി പുറപ്പെടുവിച്ച് ഇക്കാര്യത്തിൽ തിരുവിതാംകൂറിനെ തെക്കേ ഇൻഡ്യയ്ക്കു മാതൃകയാക്കിത്തീർക്കണമെന്നു സവിനയം ഗവർമ്മെൻറിനോടു പ്രാർത്ഥിച്ചുകൊള്ളുന്നു.

---

## പുസ്തകാഭിപ്രായം.

### 1.

### കാൽവാരിയിലെ കൽപ്പപാദപം.

(ഒരു ഗദ്യനാടകം)

ഗ്രന്ഥകർത്താ:— കൈനിക്കര എം. പത്മനാഭപിള്ള ബി. ഏ., എൽ. ടി.

സുപ്രസിദ്ധഗദ്യനാടകമായ വേലുത്തമ്പി എഴുതിയ തൂലികയിൽനിന്നു പുറപ്പെട്ടതാണു ഞങ്ങളുടെ മുമ്പിലിരിക്കുന്ന 'കാൽവാരിയിലെ കല്പപാദപം' എന്ന ദൃശ്യകാവ്യം എന്നു പറഞ്ഞാൽ അഭിനയോചിതമായ നാടകങ്ങളുടെ കൂട്ടത്തിൽ ഇതിന്നു ഗണ്യമായ ഒരു സ്ഥാനമുണ്ടെന്നു വായനക്കാർ ഊഹിക്കാതിരിക്കയില്ല. ക്രിസ്തുദേവൻെറ പാവനമായ ചരിത്രമാണ് ഇതിലെ കഥാവിഷയം. 'മതസംബന്ധമായ കഥകളെ രചിക്കുമ്പോൾ കവികൾ വളരെ സൂക്ഷിക്കേണ്ടതുണ്ട്. അതതുമതങ്ങളിലെ മതസ്ഥരുടെ ആശയത്തിനും ധാരണയ്ക്കും വിപരീതമായ വിധത്തിലുള്ള അല

ങ്കാരങ്ങളും ചമൽക്കാരങ്ങളും പ്രയോഗിച്ചുകൂടാ' എന്ന് ഒരു വിമൎശകനായ ശ്രീമാൻ മററത്തിൽ കുയ്യൻ കത്തനാർ ഒരവസരത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുതകൃതിയിൽ ക്രിസ്തുമതത്തിലെ പ്രധാനവിശ്വാസങ്ങളെ അവഗണിക്കുന്ന ഭാഗങ്ങൾ യാതൊന്നുമില്ലെന്നുള്ളതു പണ്ഡിതനായ ഒരു ക്രിസ്തീയപുരോഹിതൻ ഇതിനു് ഒരു അവതാരിക എഴുതിയതിൽനിന്നും വ്യക്തമാകുന്നു. കരുണരസപ്രധാനമായ ഈ കൃതിയിൽ ക്രിസ്തുഭഗവാൻെറ അന്ന്യാദൃശങ്ങളായ ഗുണഗണങ്ങൾ സവിശേഷം പ്രശോഭിക്കുന്നുണ്ട്. അതിനാൽ ഇതു വായിക്കുകയൊ രംഗത്തിൽ പ്രയോഗിച്ചു കാണുകയൊ ചെയ്യുന്നവൎക്കു കഥാനായകനായ യേശുവിൽ അകൈതവമായ ഭക്തി ജനിക്കാതിരിക്കയില്ല. സംഭാഷണങ്ങളെല്ലാം അതതു പാത്രങ്ങളുടെ നിലയ്ക്കും സ്വഭാവത്തിനും അനുരൂപമായിത്തന്നെ ഇരിക്കുന്നുണ്ട്. ഒരു ഗദ്യനാടകമാണെങ്കിലും അവസാനരംഗങ്ങളിൽ ചേൎത്തിട്ടുള്ള ചില ഗാനങ്ങൾ ആസ്വാദ്യങ്ങളും സന്ദൎഭാനുഗുണങ്ങളും ആകുന്നു. എങ്കിലും കലാപരമായി നോക്കുമ്പോൾ ഈ കൃതിക്കു ചില ചില്ലറ ന്യൂനതകളില്ലാതില്ല.

കഥയുടെ പരിണാമം എപ്രകാരമായിരിക്കുമെന്നു രണ്ടാം രംഗത്തിൽ തന്നെ ജാണിൻെറ വാക്കുകളിൽനിന്നും വിശദമാകുന്നുണ്ട്. "മനുഷ്യപുത്രൻ വഞ്ചിതനായി മനുഷ്യഹസ്തങ്ങളിൽ അൎപ്പിക്കപ്പെടും. അവർ അവനെ വധിക്കും. മൂന്നാം ദിവസം അവൻ മരണത്തിൽനിന്നും ഉത്ഥാനം ചെയ്യും" എന്നീ വാക്കുകൾ വായനക്കാരുടെ ജിജ്ഞാസയെ പ്രേരിപ്പിക്കുവാൻ പൎയ്യാപ്തങ്ങളല്ല. പോരെങ്കിൽ ജൂഡാസാണു തന്നെ ശത്രുകരങ്ങളിൽ സമൎപ്പിക്കുക എന്നു ക്രിസ്തു തുറന്നു പറയുന്നതും ഉണ്ട്. കഥ സുപ്രസിദ്ധമാണെങ്കിലും നാടകരൂപത്തിലാകുമ്പോൾ പരിണാമത്തെ നിഗ്രഹനം ചെയ്യേണ്ടതു് അത്യാവശ്യമാകുന്നു. കേവലം മുപ്പതു വെള്ളിക്കു വേണ്ടി ജൂഡാസ് ക്രിസ്തുവിനെ വഞ്ചിക്കാൻ ഒരുമ്പെട്ടുമെന്നുള്ളതു സംഭാവ്യമല്ലാത്തതുകൊണ്ടാണത്രെ ജൂഡിത്ത് എന്ന ഒരു സഹോദരിയെ സൃഷ്ടിച്ചതു്. എന്നാൽ സോദരിയുടെ പ്രേരണയാൽ മാത്രമാണു ജൂഡാസ് ഈ നീചകൃത്യത്തിനൊരുമ്പെട്ടതു് എന്നു വരുത്തിയിരുന്നെങ്കിൽ ഇതിൻെറ ഔചിത്യം സ്പഷ്ടമാകുമായിരുന്നു. തുച്ഛമായുള്ള മുപ്പതു വെള്ളിക്കാശും ഈ നിന്ദ്യകൎമ്മത്തിനു ജൂഡാസിനെ പ്രേരിപ്പിച്ചു എന്നു വരുത്തിയതുകൊണ്ടു കൃതിക്കു സംഭവ്യതാഗുണം വൎദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യം സാധിച്ചിട്ടുണ്ടോ എന്നു സംശയമാണ്. മൂന്നാംരംഗത്തിൽ സഹോദരസഹോദരിമാരുടെ സംഭാഷണങ്ങളും പ്രവൃത്തികളും കാമിനീകാമുകന്മാരുടെ പ്രണയചാപല്യങ്ങളാണെന്നേ തോന്നുകയുള്ളു. ഇതു സഹൃദയന്മാൎക്കു രുചിക്കുമെന്നു തോന്നുന്നില്ല. ക്രൂശാരോഹണാനന്തരമുള്ള വൃത്തം കുറച്ചധികം ദീൎഘിപ്പിച്ചതുകൊണ്ടു വായനക്കാൎക്കും ഈ നാടകം അഭിനയിച്ചു കാണുന്നവൎക്കും രസ

ക്ഷയമുണ്ടാകാൻ ഇടയുണ്ട്. ഇതിന്നുപുറമെ ജൂഡാസ് മുതലായവരെ ദുഷ്പാത്രങ്ങളായി സങ്കല്പിച്ചിട്ടുണ്ടെങ്കിലും അവർ ക്രിസ്തുവിൻെറ അവതാരകാര്യം സാധിക്കാനുള്ള ഉപകരണങ്ങളെന്നല്ലാതെ കേവലം ദുഷ്ടന്മാരെന്നൊ അവരുടെ പ്രവൃത്തികൾക്ക് അവർ ഉത്തരവാദികളെന്നൊ ആർക്കും തോന്നുകയില്ല. ഇങ്ങനെ അല്പം ചിലന്യൂനതകൾ ഇതിനും പററിപ്പോയതു ക്രിസ്തീയലോകപൂജിതനായ ആ ദിവ്യപുരുഷൻെറ ചരിത്രകഥയ്ക്കു ചമൽക്കാരത്തിനുവേണ്ടിയൊ മററൊ സാരമായ ഭേദഗതികൾ വരുത്തുന്നതിൽ ഗ്രന്ഥകാരന്നുള്ള അസ്വാതന്ത്ര്യം നിമിത്തമാണെന്നുള്ളതിന്നു സംശയമില്ല. ഏതായാലും വേലുത്തമ്പിദളവയുടെ ഗ്രന്ഥകർത്താവിൽ നിന്നും ഇനിയും ഇതിലും വിശിഷ്ടമായ കൃതികൾ പുറപ്പെടുവാനിടയുണ്ടെന്നു ന്യായമായി ആശിക്കാവുന്നതാണ്. ഗ്രന്ഥകർത്താവിൻെറ നാടകസാഹിത്യപോഷണത്തിനുള്ള പരിശ്രമത്തെ സർവ്വാത്മനാ ഞങ്ങൾ അഭിനന്ദിക്കുന്നു.

## ബാലഹൃദയം.

(ഒന്നാംഭാഗം)

ഗ്രന്ഥകർത്താ:— കണ്ടവാററ കൈനിക്കര എം. കുമാരപിള്ള ബി. എ., എൽ. ടി.

കൈനിക്കര ഗ്രന്ഥാവലിയിലെ നാലാം പുസ്തകമാണു 'ബാലഹൃദയം' എന്നു കാണുന്നു. ഇതിൽ സരസങ്ങളും വിജ്ഞാനപ്രദങ്ങളുമായ രണ്ടു ചെറിയ കഥകൾ അടങ്ങിയിരിക്കുന്നു. ഏതു വിദ്യാർത്ഥിക്കും വായിച്ചു ഗ്രഹിക്കത്തക്ക ലളിതരീതിയിലാണു കഥകൾ എഴുതീട്ടുള്ളതു്. 'അവികലമായ ഒരു കലാകൃതി അസംഖ്യം സാരോപദേശങ്ങളേക്കാൾ ഹൃദയസംശോധകവും സ്വഭാവസംസ്കാരവുമാണെ'ന്നുള്ള ഗ്രന്ഥകാരൻെറ അഭിപ്രായത്തോടു ഞങ്ങൾ സർവ്വാത്മനാ യോജിക്കുന്നു. ഈ തത്വത്തെ മുൻനിറുത്തി എഴുതീട്ടുള്ള ഇതിലെ രണ്ടു കഥകളും അതുകളുടെ ഉദ്ദേശത്തെ നിറവേററിയിട്ടുണ്ട്. പാഠപുസ്തകക്കമ്മററിയുടെ ശ്രദ്ധ ഇതിൽനിശ്ചയമായും പതിയുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

## അദ്ധ്യാപകപൗരൻ.

ഗ്രന്ഥകർത്താ:— ആർ. വസ്ത്യാൻ, നെയ്യാററിൻകര.

വില ചക്രം 12.

അദ്ധ്യാപകന്മാരും പൌരന്മാരും അവശ്യം വായിച്ചിരിക്കേണ്ട ഒരു ഗ്രന്ഥമാണിതു്. ആരാണ് പൗരൻ, അദ്ധ്യാപകൻ, അദ്ധ്യപകൻ

പൗരപദത്തിൽ, എന്നിങ്ങനെ ചില വിഷയങ്ങളെക്കുറിച്ചു ലളിതമായ ഭാഷയിൽ യുക്തിയുക്തമായി പ്രതിപാദിച്ചിരിക്കുന്നു. "താൻ സമുദായമാകുന്ന ശരീരത്തിൻെറ ഒരു വിലയേറിയ അവയവമാണെന്നും, അവയവഹാനി ശരീരഹാനിക്കും, ശരീരഹാനി അവയവഹാനിക്കും ഹേതുകമാണെന്നും ശരീരത്തിലല്ലാതെ അവയവത്തിനു സ്ഥിതിചെയ്യുവാൻ നിവാഹം ഇല്ലെന്നും ഉള്ള പരമാത്ഥം ധരിച്ചു സത്യത്തിലും സ്നേഹത്തിലും തദ്വാരാ പരമാത്ഥതയിലും സുഖിക്കുന്ന തൊഴിലാളിയാണു പൗരൻ." വിലയേറിയ. ഈ തത്വം വിശദമായി പ്രതിപാദിച്ചിരിക്കുന്നു. രണ്ടും മൂന്നും അദ്ധ്യായങ്ങളും അദ്ധ്യാപകന്മാരുടെ സവിശേഷമായ ശ്രദ്ധയെ അർഹിക്കുന്നവയാണ്. എന്നാൽ ഈ ഭാഗത്തിൽ അദ്ധ്യാപകന്മാരുടെ വളർച്ചയ്ക്കു പ്രതിബന്ധമായി നിൽക്കുന്ന വിദ്യാഭ്യാസവകുപ്പിനേയും മേധാവികളുടെ സ്ഥിതിയേയും കുറിച്ചുകൂടി സവിസ്തരം പ്രതിപാദിക്കേണ്ടതാണ്.

"ശിക്ഷാക്രമപരീക്ഷാബിരുദം സമ്പാദിക്കാതെ ചില അദ്ധ്യാപകന്മാർ പ്രസ്തുതപരീക്ഷയ്ക്കു ചേന്നിട്ടുള്ളവരെ വിജയപ്രദമാംവണ്ണം പഠിപ്പിക്കുന്നുമുണ്ട്." ഇതു ശരിയായിരിക്കാം. എന്നാൽ, "എൽ. ററി. ജയിച്ചിട്ടില്ലാത്ത മി: സുബ്രഹ്മണ്യശാസ്ത്രി. എം. ഏ. തൻെറ സ്നേഹപൂവ്വമായ നോട്ടം ഒന്നുകൊണ്ടുമാത്രം (അധികാരം കൊണ്ടല്ല) ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർമാർ ഉൾപ്പെടെയുള്ള അദ്ധ്യാപകന്മാരെ കിടുകിടെ വിറപ്പിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ ആരും തക്കിക്കാനൊരുമ്പെടുകയില്ലെന്നു വിശ്വസിക്കുന്നു" എന്നു പറയുന്നതിൽ ഞങ്ങൾക്കു കുറച്ചു തക്കമുണ്ട്. കാളേജിലൊ താഴ്ന്ന ക്ലാസിലൊ മി: ശാസ്ത്രി ഒരു പേരെടുത്ത അദ്ധ്യാപകനായി ഞങ്ങൾ കേട്ടിട്ടില്ല. നേരേമറിച്ചു താഴ്ന്ന കാസുകളിൽ പഠിപ്പിക്കുന്നതായി ഞങ്ങൾ കണ്ടിട്ടുള്ള അവസരങ്ങളിൽ അദ്ദേഹം ശിക്ഷാക്രമപരിശീലനംകൂടി അവശ്യം സമ്പാദിക്കേണ്ടതായിരുന്നു എന്നും ഞങ്ങൾക്കു തോന്നിയിട്ടുണ്ട്. 'നോട്ടം ഒന്നുകൊണ്ട്' എന്നു ഗ്രന്ഥകത്താവു പറയുന്നതിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. അതുകൊണ്ടു വല്ലവരേയും കിടുകിടെ വിറപ്പിച്ചിട്ടുമുണ്ടാകാം. എന്നാൽ അതു സ്നേഹംകൊണ്ടോ, അധികാരഖഡ്ഗം കൊണ്ടൊ എന്നുള്ള സംഗതി തക്കവിഷയമാണ്. ഏതായാലും പ്രയോജനകരമായ ഈ പ്രസിദ്ധീകരണത്തിനു ഗ്രന്ഥകത്താവിനെ അഭിനന്ദിക്കുന്നു.

# നമ്മുടെ ബാലികമാർ അനുകരിക്കേണ്ട ആദർശങ്ങൾ.

(ടാഗൂർ)

നമ്മുടെ ബാലികമാർ അന്യോന്യമുള്ള പെരുമാററത്തിലും, അന്യന്മാരോടുള്ള പ്രവൃത്തികളിലും നിഷ്കളങ്കമായ മര്യാദ പ്രദർശിപ്പിക്കണമെന്നു പറയുന്നതു് അനാവശ്യമല്ലെന്നു വിചാരിക്കുന്നു. ആർക്കും തന്നെ അപമര്യാദ ചേരാത്തതാണെങ്കിലും സ്ത്രീകളിൽ പ്രത്യേകിച്ചും അതു് അക്ഷന്തവ്യമായിത്തന്നെയിരിക്കും. ഭാവനയിലും അന്യോന്യസല്ലാപാവസരങ്ങളിലും വികാരസ്ഫുരണങ്ങളിലും വിനയം അനുവർത്തിക്കുന്നതു മര്യാദയുടെ ഒരു സാരമായ ചിഹ്നമാണു്. ശബ്ദവും ലഹളയും ഉണ്ടാക്കുന്നതു മനസ്സിന്റെ പ്രസരിപ്പാണെന്നു് ആരും തെററിദ്ധരിക്കരുതു്. സൗമുഖ്യം സൗമനസ്യത്തിന്റെ ബാഹ്യലക്ഷണമാണു്. അതു മററുള്ളവരുടെ ന്യായമായ അവകാശങ്ങളെ സർവ്വാത്മനാ ബഹുമാനിക്കുന്നതിലും അവരുടെ സൗകര്യത്തെ ആദരിക്കുന്നതിനു് അല്പം സ്വാർത്ഥപരിത്യാഗം അനുഷ്ഠിക്കുന്നതിലും കൂടി പ്രകാശിക്കുന്നു. ആരെങ്കിലും വായിച്ചുകൊണ്ടിരിക്കുമ്പോൾ ശബ്ദമുണ്ടാക്കുകയും ഉറങ്ങാൻപോകുന്നവരെ ശല്യപ്പെടുത്തുകയും മറെറാരാളിന്റെ സ്വന്തമുറിയിൽ അനുവാദംകൂടാതെ പ്രവേശിക്കയും സാമാനങ്ങളെടുത്തു പരിശോധിക്കയും ശയ്യോപകരണങ്ങളെ മാററിമറിക്കുകയും എഴുത്തുകളൊ മററുരേഖകളൊ വായിക്കുകയൊ പുസ്തകങ്ങളൊ മററു സാധനങ്ങളൊ എടുത്തുകൊണ്ടുപോകയൊ ചെയ്യുന്നതും നിശ്ചയമായും അനുചിതകൃത്യങ്ങളാണു്. പരദൂഷണം ശീലിക്കുകയൊ അപവാദങ്ങളേയൊ സഭ്യങ്ങളല്ലാത്ത വാർത്തകളേയൊ പരത്തുകയൊ ചെയ്യുന്ന ശീലം സ്വഭാവത്തെ മലിനപ്പെടുത്തുകയും ജുഗുപ്സാവഹമാക്കുകയും ചെയ്യുന്നു. ഈ ദോഷങ്ങളെ നമ്മുടെ സ്വഭാവത്തിൽനിന്നു നിശ്ശേഷം ഉന്മൂലനം ചെയ്യേണ്ടതാണു്. ശുചിത്വവും വ്യവസ്ഥിതിയും ഒരിക്കലും വിഗണിക്കപ്പെടാതെ സൂക്ഷിക്കണം. ആഡംബരത്തെ പ്രതിഷേധിക്കുന്നതിനായിട്ടു് അശുചിയെ പ്രദർശിപ്പിക്കുന്നതിൽ ചിലർ അഭിമാനം നടിക്കുന്നു. എന്നാൽ ശുഭ്രവസ്ത്രം ധരിക്കുന്നതും അനാവശ്യമായി മോടിവേഷം കെട്ടുന്നതും രണ്ടും വെവ്വേറെയാണു്. വസ്ത്രധാരണത്തിനുള്ള ആകർഷണീയത സൗന്ദര്യബോധത്തിന്റെ ഔൽകൃഷ്ട്യത്തെ കാണിക്കുകയും ലഘുജീവിതത്തിന്റെ ലക്ഷണമായി വിചാരിക്കപ്പെടുകയും ചെയ്യാം. നല്ല വസ്ത്രം ധരിക്കുന്നതു് ആഡംബരത്തിനായിട്ടല്ല. അന്യന്മാരോടു നമുക്കുള്ള ബഹുമാനത്തെക്കാണിക്കാൻ വേണ്ടിയായായിരിക്കും. മററുള്ളവരെ നാം ദർശിക്കുമ്പോൾ നാം ശരിയായി വസ്ത്രം ധരിക്കാതിരുന്നാൽ നാം അവരെ ബഹുമാനിക്കുന്നില്ലെന്നു് അലക്ഷ്യമായി കാണിക്കുകയാണു്.

# വേഗം വരുക നീ.

(ആയാംകുടി പി. ആർ. ശങ്കരപ്പിള്ള)

(ദ്രുതകാകളി)

പാന്ഥ,നോരോ ചുവടുകൾവെച്ചു ഞാൻ
താന്തനായ് ചുടുകാടിനെത്തേടുന്നു.
മഞ്ജുളദളമോരോന്നുതിരുന്നു
മഞ്ജുസൂനവുമെന്നുപൊഴിയുന്നോ?
ജീവിതാദ്ധ്യായമാകവേ നോക്കി ഞാൻ
പാവനാംശം വിരളം തുലോമതിൽ.
തൃഷ്ണപൂണ്ടു വിവശനൊരു മൃഗ-
തൃഷ്ണകണ്ടു രസിക്കുന്നപോലവെ,
ഭാവിഭാവുകസ്വപ്നസുഖങ്ങളെൻ
ജീവിതാശയെപ്പൂശിമിനുക്കുന്നു.
കെട്ടിവച്ചതാമേടുകൾ വായിച്ചു
തിട്ടമായിച്ചിലതു ഗ്രഹിച്ചിവൻ.
ഭൂരികാരുണ്യനീരുറവൊന്നതാ
ദൂരദൂരവേ മങ്ങിഞാൻ കാണുന്നു.
ദൂരമെത്രവരുമെന്നറിയുവാ-
നാരുനാഴികക്കല്ലുകൾ നാട്ടുന്നു.
വാഹനാത്മക വൃത്തിവിശുദ്ധികൾ
വേഗനിർണ്ണയ മാനദണ്ഡങ്ങളാം.
ദൂനഭാവമകലെക്കളഞ്ഞിനി
മാനസാശ്വമേ! വേഗംഗമിക്ക നീ.
സത്യസൗഹാർദ്ദപത്രസമുജ്ജ്വലൻ
മിത്ഥ്യജീവിതപ്പക്ഷി പറന്നിനി
നിത്യനിർമ്മല നിർഝരതീരത്തു
കൃത്യമായുടൻ ചെന്നുസുഖിച്ചിടും.
നീരുറവുതൻ തീരത്തണയുന്ന
ശ്രീരമണീയ ദിവ്യസുദിനമേ!
ഭാവധേയംഭവിയ്ക്കും സുദിനമേ!
സ്വാഗതമിവനോതുന്നു സന്തതം.
ദിവ്യവിശ്രമദാനസുദിനമേ!
ഭവ്യമേകുവാൻ വേഗം വരുകനീ.